പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## മുപ്പത്തിയൊന്നാമത് റിപ്പോർട്ട്

(2015 മാർച്ച് മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## മുപ്പത്തിയൊന്നാമത് റിപ്പോർട്ട്

(2015 മാർച്ച് 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003 മുതൽ 2004-2005 വരെ
വർഷങ്ങളിലേക്കുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള
മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട
ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്]

373/2015.

## ഉള്ളടക്കം

പേജ്


| | |
|---|---|
| സമിതിയുടെ ഘടന .. | v |
| മുഖവുര .. | vii |
| റിപ്പോർട്ട് .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും .. | 54 |
| അനുബന്ധം II : സർക്കാർ നൽകിയ മറുപടി .. | 79 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2014-2016)

### ഘടന

അദ്ധ്യക്ഷൻ:

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ:

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

„ കെ. അച്ചുതൻ

„ എം. ചന്ദ്രൻ

„ കെ. കെ. ജയചന്ദ്രൻ

„ മുല്ലക്കര രത്നാകരൻ

„ എൻ. ഷംസുദ്ദീൻ

„ കെ. ശിവദാസൻ നായർ

„ പി. ശ്രീരാമകൃഷ്ണൻ

„ ജി. സുധാകരൻ

„ എം. എ. വാഹിദ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

„ എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

„ റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി

„ എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതിയുടെ (2014-16) മുപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2002-03 മുതൽ 2004-05 വരെ) ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ഫെബ്രുവരി 18-ാം തീയതി ചേർന്ന യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**വർക്കല കഹാർ,**

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 മാർച്ച് 12.

# റിപ്പോർട്ട്

## മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചത്

## മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## (2000-01)

ഓഡിറ്റ് ഖണ്ഡിക

**കാച്ചിനിക്കാട് കിഴക്കേടത്ത് റോഡ് ടാറിംഗ്—അധികത്തുക നൽകിയത് അനുവദിക്കുന്നില്ല**

മേൽ പ്രവൃത്തിക്കായി കൺവീനർക്ക് 1,47,698 രൂപ നൽകിയിട്ടുണ്ട്. എന്നാൽ അളവുപുസ്തകപ്രകാരം രേഖപ്പെടുത്തിയ പ്രവൃത്തിയുടെ വിവരങ്ങൾ അനുസരിച്ച് യഥാർത്ഥത്തിൽ 1,24,686 രൂപയുടെ ചെലവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. ശരിയായ മസ്റ്റർ റോൾ, കൃത്യമായ വൗച്ചറുകൾ, ബാങ്ക് പാസ് ബുക്ക്, കമ്മിറ്റിയുടെ മിനിട്സ്, മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവയുടെയൊന്നും പിൻബലമില്ലാതെയാണ് ടി തുക അനുവദിച്ചു നൽകിയിട്ടുള്ളത്.

പ്രാദേശിക നിരക്കിലുള്ള ചെലവ് കണക്കാക്കിയതിനുശേഷം പ്രസ്തുത തുക ഷെഡ്യൂൾ നിരക്കിന്റെ 30% വരെ പരിമിതപ്പെടുത്തി നൽകണമെന്നുള്ള പെരിന്തൽമണ്ണ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ രേഖാമൂലമുള്ള നിർദ്ദേശം അവഗണിച്ചാണ് 23,012 രൂപ അധികം നൽകിയത്. നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി നൽകിയ ടി തുക ഇതിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.7(i).]

&

ഓഡിറ്റ് ഖണ്ഡിക

**മാരാത്ത് കുളംപ് റോഡ് രൂപീകരണം—ചെലവ് വ്യാജം**

മേൽ പ്രവൃത്തിയിൽ ഇനം 4 ആയി ഉൾപ്പെടുത്തിയ കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് പ്രവൃത്തിക്ക് അനുവദനീയമായ 10 എം3-ന് 408 രൂപ എന്നതിനുപകരം 551 രൂപ നിരക്കിൽ അനുവദിച്ചു നൽകിയതുവഴി 699.88 എം3 പ്രവൃത്തിക്ക് മൊത്തം 12,510 രൂപ അധികം നൽകിയിട്ടുണ്ട് (25% അധികം ഉൾപ്പെടെ). കൂടാതെ ഇനം 1 (എർത്ത് വർക്ക് എസ്ക്കവേഷൻ ഇൻ ഹാർഡ് സോയിൽ), ഇനം 2 (ഡ്രൈറബിൾ മേസനറി), ഇനം 3 (1:6 മിശ്രിതത്തിൽ കരിങ്കൽ പടവ്), ഇനം 4 (ഫില്ലിംഗ് പ്രവൃത്തി) എന്നീ പ്രവൃത്തികൾക്കാണ് 1,61,450 രൂപയുടെ കണക്ക് കൺവീനർ ഹാജരാക്കിയത്. ഇതിൽ ഇനം 1, 2 എന്നിവയുടെ അളവ് 30-4-1999-ൽ തന്നെ പൂർത്തിയായിട്ടുള്ളതും ഇനം 4-ന് ആവശ്യമായ മണ്ണ് പ്രവൃത്തി സ്ഥലത്തുതന്നെ ലഭ്യമായിട്ടുള്ളതുമാണ്. ഇനം 3-ന്റെ ആകെ അനുവദനീയമായ നിരക്ക് 19,875 രൂപ മാത്രമാണ്. (ഇനം 3 മാത്രമാണ് യഥാർത്ഥത്തിൽ ഈ കാലയളവിൽ ചെയ്തിട്ടുള്ളത്. അതിനുമാത്രമായി 74,250 രൂപ ചെലവ് (കൂലി) അംഗീകരിക്കാനാവില്ല. ആയതിനാൽ ടി പ്രവൃത്തിയിൽ മൊത്തം 66,885 രൂപയുടെ അധികച്ചെലവുണ്ടായത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.1.10.7(ii).]

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

മേൽ സൂചിപ്പിച്ച രണ്ട് മരാമത്ത് പ്രവൃത്തികളിലുമായി യഥാക്രമം 23,012 രൂപയും 66,885 രൂപയും അധികം ചെലവഴിച്ചതായി ഓഡിറ്റ് പരാമർശത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീമതി കെ. എസ്. വൽസ്സമ്മയ്ക്ക് സർചാർജ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ടോമി ജോൺ സമിതിയിൽ അറിയിച്ചു. എന്നാൽ സർചാർജ് നോട്ടീസ് നൽകിയതിനെതിരെ ശ്രീമതി വൽസ്സമ്മ മഞ്ചേരി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസ് 10-11-2010-ലേക്ക് മാറ്റിവച്ചിരിക്കുകയാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. ശ്രീമതി കെ. എസ്. വൽസ്സമ്മയുടെ പേരിലുള്ള എല്ലാ ഓഡിറ്റ് ഒബ്ജക്ഷനുകളിലുമായി 1,70,000 രൂപയുടെ സർചാർജ് ഒറ്റ സർചാർജ് നോട്ടീസിൽ നൽകാനുണ്ടായ കാരണം ലോക്കൽ ഫണ്ട് ഓഡിറ്റിനോട് സമിതി ആരാഞ്ഞു. ഇതിനുമുമ്പും ഇപ്രകാരമാണ് ചെയ്തിരുന്നതെന്ന് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ നടപടി ശരിയല്ലെന്നും വിവിധ കേസുകളിൽ പ്രത്യേകം പ്രത്യേകം തന്നെ സർചാർജ് സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണെന്നും എങ്കിൽ മാത്രമേ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടാൽ ഓരോ കേസിലും അതിന്റെ മെറിറ്റ് അനുസരിച്ച് കോടതി ന്യായവിചാരണ ചെയ്യുകയുള്ളൂവെന്നും സമിതി ചൂണ്ടിക്കാട്ടി. ആയതിനാൽ ഒരു ഉദ്യോഗസ്ഥനുതന്നെ വിവിധ കേസുകളിൽ സർച്ചാർജ് സർട്ടിഫിക്കറ്റ് നൽകേണ്ടി വന്നാൽ ഓരോ ഒബ്ജക്ഷനും വെവ്വേറെ സർചാർജ് നോട്ടീസ് ഇഷ്യൂ ചെയ്യണമെന്ന് സമിതി ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ടി വിഷയം പരിശോധിക്കുകയും കേസ് അനന്തമായി നീട്ടിക്കൊണ്ട് പോകാതെ അടിയന്തരമായി പരിഹരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്ത സാഹചര്യത്തിൽ, ടി കേസിന്മേൽ അടിയന്തരമായി തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോടതിയിൽ സബ്മിഷൻ നൽകുവാൻ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ സമിതി ചുമതലപ്പെടുത്തുകയും ചെയ്തു.

2. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 21-5-2011-ലെ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ കേസ് ത്വരിതപ്പെടുത്തുന്നതിന് 27-4-2011-ലെ എൽ. എഫ്. എം1/839/07 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) ഗവൺമെന്റ് പ്ലീഡറോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

3. മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ കേസ് ത്വരിതപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിരുന്നുവെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീമതി കെ. എസ്. വൽസ്സമ്മ മഞ്ചേരി ജില്ലാ കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ. പി. 92/07 നമ്പർ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാൻ മഞ്ചേരി ഗവൺമെന്റ് പ്ലീഡറോട് ആവശ്യപ്പെട്ടിരുന്നുവെന്നും ആയതിന് ലഭിച്ച മറുപടിയിൽ ഒ. പി. 92/07 എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുവേണ്ടി 18-3-2013-ലേക്ക് പോസ്റ്റ് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 1-2-2013-ലെ കത്തുമുഖേന അറിയിച്ചിരിക്കുന്നു.

സമിതി നിർദ്ദേശപ്രകാരമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

4. ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ ശ്രീമതി കെ. എസ്. വത്സമ്മ, മഞ്ചേരി ജില്ലാ കോടതിയിൽ O.P. 92/07 കേസ് ഫയൽ ചെയ്തിട്ടുള്ളതും മേൽ കേസിലെ 1, 2 എതിർകക്ഷികളായ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് വേണ്ടി കോടതിയിൽ ഹാജരായി വാദിക്കുന്നതിന് ഗവൺമെന്റ് പ്ലീഡറെ ചുമതലപ്പെടുത്തുകയും 2-7-2011-ന് കാര്യവിവരണപത്രിക ഗവൺമെന്റ് പ്ലീഡർക്ക് അയച്ച് കൊടുത്തിട്ടുള്ളതും 1, 2 എതിർകക്ഷി കളുടെ ആക്ഷേപം ഫയൽ ചെയ്യുന്നതിന് 4-7-2011-ന് കേസ് പോസ്റ്റു ചെയ്തു. മേൽ കേസിന്മേൽ 2-12-2013-ന് ഹാജരാകാൻ കോടതി ഉത്തരവായതായിരുന്നു. തുടർന്ന് 1-2-2014-ന് എൻക്വയറിക്ക് വച്ചിട്ടുണ്ടെന്ന് ഗവൺമെന്റ് പ്ലീഡറുടെ ഓഫീസിൽനിന്നും അറിയിച്ചിട്ടുള്ളതാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

**5. കാച്ചിനിക്കാട് കിഴക്കേടത്ത് റോഡ് ടാറിംഗ്, മാരാത്ത് കുളംപ് റോഡ് രൂപീകരണം എന്നീ രണ്ട് പ്രവൃത്തികളിലായി അധികം ചെലവഴിച്ച 89,897 രൂപ (23,012+66,885) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ സർച്ചാർജ്ജ് സർട്ടിഫിക്കറ്റിൽ പ്രസ്തുത തുകയ്ക്ക് പുറമെ മറ്റുചില ഓഡിറ്റ് തടസ്സത്തിന്മേൽ ഈടാക്കുവാനുള്ള തുക കൂടി ഉൾപ്പെടുത്തിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് മുഖേന ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ട സന്ദർഭത്തിൽ ഓരോ സംഗതിയിന്മേലും വെവ്വേറെ സർട്ടിഫിക്കറ്റ് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. പരാമർശ വിധേയമായ മേൽപ്പറഞ്ഞ തുക ഈടാക്കുന്നതിനെ തിരെ ഫയൽ ചെയ്തിരിക്കുന്ന കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പദ്ധതി നിർവ്വഹണം അധികം തുക ചെലവഴിച്ചു**

2000-01 വർഷത്തിൽ പദ്ധതി നിർവ്വഹണ ചെലവിനായി നിജപ്പെടുത്തിയ തുക പദ്ധതി വിഹിതത്തിന്റെ 2% അല്ലെങ്കിൽ പരമാവധി 1,50,000 രൂപയാണ്. മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ച പദ്ധതി വിഹിതം 28,18,000 രൂപയാണ്. ആകെ 56,360 രൂപ മാത്രം നിർവ്വഹണ ചെലവായി വിനിയോഗിക്കാമെന്നിരിക്കെ 93,739 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ചട്ടങ്ങൾക്ക് വിരുദ്ധമായി ചെലവ് ചെയ്ത 37,379 രൂപ (93,739-56,360) ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.7(iii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

6. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃപരിശോധന നടത്തുകയും പത്രപ്പരസ്യചാർജ്, വർക്ക് സൂപ്പർവിഷൻ ചാർജ് എന്നീ ഇനങ്ങളിൽ 5 വൗച്ചറുകളിലായി വന്ന ചെലവ് അതത് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിന് പകരം പ്രോജക്ട് രജിസ്റ്ററിൽ, പദ്ധതി നിർവ്വഹണ പ്രോജക്ടിൽ തെറ്റായി ഉൾപ്പെടുത്തിയതിനാലാണ് മൊത്തം ചെലവ് 93,739 രൂപ വന്നതെന്ന് പുനഃപരിശോധനയിൽ മനസ്സിലായതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെയും പരാമർശം ഒഴിവാക്കത്തക്കതാണെന്ന് സമിതിയിൽ ശിപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**7. പദ്ധതി നിർവ്വഹണ ചെലവിനായി നിജപ്പെടുത്തിയ തുകയേക്കാൾ അധികം ചെലവാക്കിയ തുക ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച സർച്ചാർജ് നോട്ടീസിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയുടെ വെളിച്ചത്തിൽ നടത്തിയ പ്രാദേശിക പരിശോധനയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കത്തക്കതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിനാൽ, പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പാറക്കടവ് റോഡ് ടാറിംഗ്—ടാർ വില ഈടാക്കിയിട്ടില്ല**

ഈ ജോലിക്ക് ആവശ്യമായ 11 ബാരൽ ടാർ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മൂല്യനിർണ്ണയ തുകയിൽനിന്നും ടി ടാറിന്റെ വില 11,583 രൂപ കുറവ് ചെയ്യാതെയാണ് കൺവീനർക്ക് നൽകിയിരിക്കുന്നത്. പ്രസ്തുത തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.7(iv).]

ഓഡിറ്റ് ഖണ്ഡിക

**കാഞ്ഞാറപ്പാടം ജലസേചനപദ്ധതി—സാധനങ്ങൾ അധികം വാങ്ങിയതുമൂലമുള്ള നഷ്ടം**

ആകെ 1,18,332 രൂപ ചെലവുവന്ന ടി പദ്ധതിക്ക് അളവുപുസ്തകപ്രകാരം ആവശ്യമുള്ളതിലും അധികം സാധനങ്ങൾ വാങ്ങി ലഭ്യമാക്കിയതുമൂലം 45,355 രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. 163 ചാക്ക് സിമന്റിന് പകരം 255 ചാക്കും 1448 കിലോഗ്രാം കമ്പിക്ക് പകരം 2320 കിലോഗ്രാം കമ്പിയും 14,272 രൂപ കൂലിക്ക് പകരം 65,890 രൂപയും അനുവദിച്ചു നൽകിയതിനാലാണ് ഇത്രയും വലിയ ഒരു നഷ്ടം പദ്ധതി വിഹിതത്തിൽ ഉണ്ടായത്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.7(v).]

ഓഡിറ്റ് ഖണ്ഡിക

**തടത്തിൽകുണ്ട്—പിലാപറമ്പ് റോഡ് ടാറിംഗ്—അധിക തുക നൽകിയത് അനുവദിക്കുന്നില്ല**

ആകെ 2,25,000 രൂപയുടെ എസ്റ്റിമേറ്റിൽ പണി പൂർത്തീകരിച്ചപ്പോൾ കൺവീനർക്ക് മൊത്തം 2,36,250 രൂപ നൽകിയിട്ടുണ്ട്. 23-9-1997-ലെ സർക്കാർ ഉത്തരവ് (അ) 216/97/ത.ഭ.വ.-ൽ പുറപ്പെടുവിച്ച 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥയനുസരിച്ച് ഗുണഭോക്തൃ സമിതി നടത്തുന്ന പണിയുടെ മൊത്തം ചെലവ്, എസ്റ്റിമേറ്റ് തുകയിൽ കവിയാൻ പാടില്ലെന്നും എന്നാൽ നടത്തിപ്പ് ചെലവിനത്തിലും നിർമ്മാണ വസ്തുക്കളുടെ പ്രാദേശിക വിലയും പണിക്കൂലിയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതലാണെന്ന കാരണത്താലും മൊത്തം ചെലവ് എസ്റ്റിമേറ്റ് തുകയെക്കാൾ അധികരിക്കുമെന്ന് പഞ്ചായത്തിന് ബോധ്യപ്പെടുന്നപക്ഷം എസ്റ്റിമേറ്റ് തുകയുടെ 5% കവിയാത്ത തുക ഗുണഭോക്തൃ സമിതിക്ക് നൽകാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ടി പ്രവൃത്തിക്ക് തനത് ഫണ്ടിൽനിന്നും 11,250 രൂപ (5%) അനുവദിച്ചു നൽകിയപ്പോൾ, നിർമ്മാണ വസ്തുക്കളുടെ വിലയിലും പണിക്കൂലിയിലും എസ്റ്റിമേറ്റ് നിരക്കിനെക്കാൾ കൂടുതൽ ചെലവായതായി ബോധ്യപ്പെടുത്തുന്ന യാതൊരു രേഖയും ഗുണഭോക്തൃ സമിതി ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, 17-8-1999-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 164/99/എൽ.എ.ഡി. പ്രകാരം ഗുണഭോക്തൃ സമിതി ചെയ്യുന്ന പ്രവൃത്തികൾക്ക് 1-7-1999-ലെ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്കിനേക്കാൾ അധികം അനുവദനീയമല്ല. ഈ സാഹചര്യത്തിൽ തനത് ഫണ്ടിൽനിന്ന് എസ്റ്റിമേറ്റിന്റെ 5% (11,250) തുക അധികം നൽകിയത് അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.7(vi).]

ഓഡിറ്റ് ഖണ്ഡിക

**ചോലക്കൽ കുളമ്പ റോഡ് ടാറിംഗ്—അധികം തുക നൽകിയത് അനുവദിക്കുന്നില്ല**

ടി പ്രവൃത്തിക്ക് ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങി നൽകിയതുമൂലവും അധിക പണിക്കൂലി അനുവദിച്ച് നൽകിയതുമൂലവും മൊത്തം 23,406 രൂപ അധികം ചെലവഴിച്ചു. മൂല്യനിർണ്ണയ തുകയിലും കുറവാണ് ഗുണഭോക്തൃ സമിതിയുടെ യഥാർത്ഥ ചെലവെങ്കിൽ പ്രസ്തുത തുകയിൽ പരിമിതപ്പെടുത്തി മാത്രമേ നൽകുവാൻ പാടുള്ളൂ. തന്നെയുമല്ല, ഗുണഭോക്തൃ സമിതിക്ക് ലാഭം നൽകാനും വ്യവസ്ഥയില്ല. ഈ വസ്തുതകൾ ബന്ധപ്പെട്ടവർ പാലിക്കാത്തതിനാലാണ് 23,406 രൂപയുടെ നഷ്ടം പദ്ധതി വിഹിതത്തിൽ വന്നത്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.7(vii).]

ഓഡിറ്റ് ഖണ്ഡിക

**പൊള്ളേലാട്ടുചിറ മണ്ണ് സംരക്ഷണം—പെരുവ് വ്യാജം**

കൺവീനർ ഹാജരാക്കിയ വരവുചെലവ് വൗച്ചറുകളിൽ ടിയാൻ 16 ലോഡ് 60 എം. എം. മെറ്റൽ ലോഡൊന്നിന് 1,050 രൂപ നിരക്കിൽ 16,800 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഡാറ്റാ എസ്റ്റിമേറ്റ്, ബിൽ എന്നിവയിൽ ഒന്നും തന്നെ ടി മെറ്റലിന്റെ പരാമർശമോ പ്രവൃത്തിയിൽ എവിടെയും ആയതിന്റെ ഉപയോഗമോ കാണുന്നില്ല. വ്യാജമായി ഹാജരാക്കിയ വൗച്ചറിന്റെ അടിസ്ഥാനത്തിൽ മെറ്റലിന്റെ വില നൽകിയത് അങ്ങേയറ്റം ഗുരുതരമായ കൃത്യവിലോപവും അഴിമതിയുമാണ്. ടി തുക കൺവീനറിൽ നിന്നും ഈടാക്കണം.

അതുപോലെ തന്നെ, ടി പ്രവൃത്തിയുടെ കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ചുള്ള ഫില്ലിംഗ് എന്ന ഇനത്തിലും അനധികൃതമായി 3,229 രൂപ നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ ആകെ 20,129 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.7(viii).]

മേൽ ഓഡിറ്റ് പരാമർശങ്ങൾക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

8. മേൽ സൂചിപ്പിച്ചിരിക്കുന്ന അഞ്ച് ഓഡിറ്റ് പരാമർശങ്ങളിന്മേലും കേസ് നിലനിൽക്കുന്നതിനാൽ കേസിന്റെ വിധി വന്നതിനുശേഷം തീരുമാനമെടുക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

**9. പരാമർശവിധേയമായിട്ടുള്ള അഞ്ച് പ്രവൃത്തികളിൽ ഒന്നിലൊഴികെ എല്ലാറ്റിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുക നൽകിയത് എഞ്ചിനീയർ, അളവെടുത്ത് വർക്ക് ബിൽ തയ്യാറാക്കിയതിനുശേഷമാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർചാർജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. സർചാർജ് സർട്ടിഫിക്കറ്റിനെതിരെ പ്രസ്തുത സെക്രട്ടറി കോടതി മുമ്പാകെ അന്യായം ഫയൽ ചെയ്തിട്ടുള്ളതിനാൽ ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പണം നിർവ്വഹണ ഏജൻസിയിൽ ; പദ്ധതി നടപ്പായില്ല**
**(2001-02 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 10)**

പദ്ധതിത്തുക ഒന്നര വർഷം നിക്ഷേപമാക്കി സൂക്ഷിച്ച നിർവ്വഹണ ഏജൻസി പദ്ധതി നടപ്പാക്കിയില്ല.

തൃശൂർ കോസ്റ്റ്ഫോർഡാണ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം ഒരു ലക്ഷം രൂപ നിക്ഷേപമാക്കി ലാഭം നേടിയത്. വനിതാ ഖാദി വ്യവസായ യൂണിറ്റ് കെട്ടിട വിപുലീകരണത്തിന് വേണ്ടിയാണ് 3/02-ൽ തുക കോസ്റ്റ്ഫോർഡിൽ നിക്ഷേപിച്ചത്. കരാർ പ്രകാരം ആറ് മാസത്തിനുള്ളിൽ വിപുലീകരണം പൂർത്തിയാക്കേണ്ടിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയും പഞ്ചായത്തും നിരവധി തവണ കോസ്റ്റ്ഫോർഡിന് ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടും ഫലം കണ്ടില്ല. ഒടുവിൽ 8/03-ൽ ക്ഷമാപണ കുറിപ്പോടെ പണം തിരിച്ചു നൽകാമെന്നാണ് കോസ്റ്റ്ഫോർഡ് അറിയിച്ചത്.

കരാർ ലംഘിച്ച കോസ്റ്റ്ഫോർഡിന് എതിരെ നിയമ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ, വികേന്ദ്രീകൃതാസൂത്രണത്തിൽ നിർവ്വഹണ ഏജൻസികളുടെ പങ്കാളിത്തം ഫലപ്രദമാക്കാൻ നടപടികൾ തേടേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.I.19.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

10. കോസ്റ്റ്ഫോർഡിന് ഡെപ്പോസിറ്റായി നൽകിയ 1 ലക്ഷം രൂപ പലിശ ഉൾപ്പെടെ 1,37,000 രൂപ കോസ്റ്റ് ഫോർഡ് പഞ്ചായത്തിന് തിരികെ നൽകുകയും ആയത് പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**11. വനിതാ ഖാദി വ്യവസായ യൂണിറ്റ് കെട്ടിട വിപുലീകരണ പ്രവൃത്തി കരാർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാത്തതിനാൽ പദ്ധതി നിർവ്വഹണത്തിനായി നിക്ഷേപിച്ച തുക നിർവഹണ ഏജൻസി ആയിരുന്ന കോസ്റ്റ്ഫോർഡ് പലിശ സഹിതം തിരികെ അടവാക്കി പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവുവെച്ചന്ന സർക്കാരിന്റെ മറുപടിയുടെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## വാഴയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക (2000-01)

**പശു വളർത്തൽ (വനിത)—അപാകതകൾ**

ഒരു ലക്ഷം രൂപ പദ്ധതി വിഹിതം ഉൾപ്പെടുത്തി 20 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതി പിന്നീട് B.L.E.C. യുടെ തീരുമാന പ്രകാരം 1,68,400 രൂപ ആയി പദ്ധതി വിഹിതം വർദ്ധിപ്പിച്ചു. എന്നാൽ അത് പ്രകാരം അസ്സൽ പ്രോജക്ട് മാറ്റിയെഴുതി അംഗീകാരം വാങ്ങിയിട്ടില്ല.

ടി തുക പ്ലാൻ പി. ഡി. വൗച്ചർ പ്രകാരം 30-3-2001-ന് വാഴയൂർ സർവ്വീസ് സഹകരണ ബാങ്കിൽ അടവാക്കിയെങ്കിലും ആയതിന് പാസ്ബുക്കോ മറ്റ് രേഖകളോ ഇല്ല. ബാങ്ക് സെക്രട്ടറിയുടെ 30-8-2002-ലെ ഒരു കത്തുപ്രകാരം 33 ഗുണഭോക്താക്കളെ ബാങ്കിൽ ലഭിച്ചതിൽ 22 പേർക്കായി 1,10,000 രൂപ ബാങ്ക് ധനസഹായമായി നൽകി കഴിഞ്ഞതായി പറഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 58,400 രൂപ ഇപ്പോഴും ബാങ്കിൽ മറ്റു രേഖകളോ പലിശയോ ഇല്ലാതെ കിടക്കുന്നു.

പദ്ധതി നടത്തിപ്പ് ബാങ്കുകളെ ഏൽപ്പിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ഒന്നും തന്നെ അനുവദിക്കുന്നില്ല. ഈ പ്രവൃത്തിയുടെ സാംഗത്യം ഓഡിറ്റിന് മനസ്സിലാകുന്നില്ല. ബാങ്ക് നൽകുന്ന ലിസ്റ്റിനപ്പുറം ഗുണഭോക്താവ് പശുവിനെ വാങ്ങി ഇൻഷ്വർ ചെയ്തതിന്റെ രേഖകളെങ്കിലും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായിരുന്നു. ലാഘവ ബുദ്ധിയോടെയും ക്രമരഹിതമായും ചെലവ് ചെയ്ത 1,68,400 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.8(i).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

12. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഫണ്ടിൽ അടച്ച 54,900 രൂപ (പ്ലാൻ ഫണ്ട് തുക) അടിയന്തരമായി സഞ്ചിതനിധിയിലേക്ക് തിരിച്ചടയ്ക്കണമെന്ന് സമിതി, വാഴയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച, 25-1-2011-ലെ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

13. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട 'പശു വളർത്തൽ (വനിത) അപാകതകൾ' എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ 54,900 രൂപയും 'റോഡ് ടാറിംഗ് അധികരിച്ച് ടാറിംഗ് നടത്തി' എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ 18,035 രൂപയും ഉൾപ്പെടെ ആകെ 72,935 രൂപ പഞ്ചായത്ത് ഫണ്ടിൽനിന്നും പിൻവലിച്ച് ചെലാൻ നമ്പർ 97 പ്രകാരം 14-10-2010-ന് സർക്കാരിന്റെ സഞ്ചിതനിധിയിൽ (സബ് ട്രഷറി, കൊണ്ടോട്ടി) അടവാക്കിയിട്ടുണ്ട്.

14. 54,900 രൂപ 14-10-2010-ന് തനത് ഫണ്ടിൽനിന്നും പിൻവലിച്ച് സഞ്ചിതനിധിയിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21-5-2011-ലെ കത്തിലൂടെ അറിയിച്ചിരിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

**15. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽനിന്നും വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന തുകയിൽ പദ്ധതി നിർവ്വഹണത്തിനുശേഷം തുക അവശേഷിക്കുന്നുണ്ടെങ്കിൽ അവ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ അടവാക്കുന്നതായി സമിതി നിരീക്ഷിച്ചു. ഇത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

**പ്ലാൻ ഫണ്ടിൽ പദ്ധതി നിർവ്വഹണാനന്തരം അവശേഷിക്കുന്ന തുക സർക്കാരിന്റെ സഞ്ചിതനിധിയിൽ തന്നെ തിരിച്ചടയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതും പ്ലാൻ ഫണ്ടിൽ അവശേഷിച്ചിരുന്നതുമായ 54,900 രൂപ സമിതി നിർദ്ദേശപ്രകാരം സഞ്ചിതനിധിയിലേക്ക് ഒടുക്കി ക്രമപ്പെടുത്തിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**റോഡ് ടാറിംഗ്—അധികരിച്ച് ടാറിംഗ് നടത്തി**

1998-99 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായ കോട്ടുപാടം പെരിങ്ങാവ് റോഡ് ടാറിംഗിന് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 135 മീറ്റർ ടാർ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി പൂർത്തീകരിച്ച് 30% അധികം ഉൾപ്പെടെ 94,935 രൂപ നൽകുകയും ചെയ്തു [73,027 മൂല്യനിർണ്ണയം+(30% അധികം) 21,908]. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി ഉണ്ടായിരുന്നത് 60,000 രൂപയ്ക്കും 135 മീറ്റർ ടാറിംഗിനുമാണ്.

135 മീറ്റർ മാത്രം അനുമതിയുണ്ടായിരുന്ന ടി പ്രവൃത്തി 45 മീറ്റർ കൂടി അധികരിച്ച് 180 മീറ്റർ ടാർ ചെയ്താണ് പൂർത്തിയാക്കിയത്. 15-2-1999-ലെ ജി. ഒ. (എം.എസ്.) 5/99/പ്ലാനിംഗ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ടി ഭേദഗതി വരുത്തിയത്. അങ്ങനെ വരുമ്പോൾ നിബന്ധനകൾക്ക് വിധേയമല്ലാതെ അധികം നൽകിയ തുക അംഗീകരിക്കാനാവില്ല. ആകെ നൽകേണ്ടിയിരുന്ന 78,000 രൂപയ്ക്ക് പകരം 94,935 രൂപ നൽകുകവഴി കാലി ബാരലിന്റെ വില ഉൾപ്പെടെ 18,035 രൂപ അധികം നൽകിയിട്ടുണ്ട്. ഇത് പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവ് വരുത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.8(ii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

16. കൺവീനർ തിരികെ പഞ്ചായത്ത് ഫണ്ടിലടച്ച തുക, അടിയന്തരമായി സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കാൻ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശിച്ച പ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച് 25-1-2011-ലെ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

17. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട 'പശു വളർത്തൽ (വനിത) അപാകതകൾ' എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ 54,900 രൂപയും 'റോഡ് ടാറിംഗ് അധികരിച്ച് ടാറിംഗ് നടത്തി' എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ 18,035 രൂപയും ഉൾപ്പെടെ ആകെ 72,935 രൂപ പഞ്ചായത്ത് ഫണ്ടിൽനിന്നും പിൻവലിച്ച് ചെലാൻ നമ്പർ 97 പ്രകാരം 14-10-2010-ന് സർക്കാരിന്റെ സഞ്ചിതനിധിയിൽ (സബ് ട്രഷറി, കൊണ്ടോട്ടി) അടവാക്കിയിട്ടുണ്ട്.

18. 18,035 രൂപ 14-10-2010-ന് തനത് ഫണ്ടിൽനിന്ന് പിൻവലിച്ച് സഞ്ചിതനിധി യിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21-5-2011-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**19. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽനിന്നും വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന തുകയിൽ പദ്ധതി നിർവ്വഹണത്തിനുശേഷം തുക അവശേഷിക്കുന്നുണ്ടെങ്കിൽ അവ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ അടവാക്കുന്നതായി സമിതി നിരീക്ഷിച്ചു. ഇത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്ലാൻ ഫണ്ടിൽ പദ്ധതി നിർവ്വഹണാനന്തരം അവശേഷിക്കുന്ന തുക സർക്കാരിന്റെ സഞ്ചിതനിധിയിൽ തന്നെ തിരിച്ചടയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതും പ്ലാൻ ഫണ്ടിൽ അവശേഷിച്ചിരുന്നതുമായ 18,035 രൂപ സമിതി നിർദ്ദേശപ്രകാരം തനത് ഫണ്ടിൽനിന്നും പിൻവലിച്ച് സഞ്ചിതനിധിയിലേക്ക് ഒടുക്കിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ചെറുകാവ് ഗ്രാമപഞ്ചായത്ത്
## (1997-98)

ഓഡിറ്റ് ഖണ്ഡിക

**അനധികൃതമായും ക്രമരഹിതമായും കെട്ടിടനികുതി കുറച്ച് നൽകിയതിനാൽ ഭീമമായ നഷ്ടം**

1997-98 മുതൽ പ്രാബല്യത്തിലുള്ള കെട്ടിടനികുതി രജിസ്റ്ററുകളിൽ അനധികൃതമായി തിരുത്തലുകൾ വരുത്തി നികുതി കുറവുചെയ്ത് കൊടുത്തതായി കാണുന്നു. വാർഷികമൂല്യത്തിൽ ആദ്യ അസസ്മെന്റിൽനിന്നും യാതൊരു വ്യത്യാസവും കാണുന്നുമില്ല. റിവിഷൻ പെറ്റിഷൻ പോലും ഇല്ലാതെയാണ് തിരുത്തലുകൾ വരുത്തിയിരിക്കുന്നത്. ഹാജരാക്കിയ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിൽ 'അപേക്ഷകൾ പരിശോധിച്ച് തീർപ്പ് കൽപ്പിച്ചു' എന്നുള്ള ഒരു പ്രതിപാദ്യം അല്ലാതെ ആരുടെയൊക്കെ അപേക്ഷകൾ, കെട്ടിട നമ്പർ, വാർഷികമൂല്യം, കുറവുചെയ്ത തുക തുടങ്ങിയ വിശദാംശങ്ങൾ ഒന്നുംതന്നെയില്ല. മാത്രമല്ല, 15-4-2002 വരെ ടി മിനിറ്റ്സ് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ നിർദ്ദേശമനുസരിച്ച് നികുതി കുറവ് ചെയ്തുകൊടുത്തു എന്നതാണ് ഔദ്യോഗിക വിശദീകരണം. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ രേഖാമൂലമുള്ള നിർദ്ദേശമില്ലാതെ നികുതി കുറവായി ഡിമാന്റ് ചെയ്ത് ഈടാക്കിയത് ന്യായീകരിക്കാനാവില്ല. പഞ്ചായത്ത് ഫണ്ടിന് അതിഭീമമായ നഷ്ടം ഉണ്ടാവുമെന്ന് ഉത്തമബോധ്യം ഉണ്ടായിട്ടും ടി ചെയർമാൻ നിർദ്ദേശം നൽകിയെങ്കിൽ അത് അധികാര ദുർവിനിയോഗവും സ്ഥാപിത താൽപ്പര്യ സംരക്ഷണവും ആണ്. നിയമാനുസൃതമല്ലാത്ത നിർദ്ദേശം നടപ്പാക്കിയ സെക്രട്ടറിയും കൃത്യവിലോപം കാട്ടിയിരിക്കുന്നു. രണ്ട് കൂട്ടരുടെയും വാഹവബുദ്ധിയോടെയുള്ള പ്രവൃത്തിമൂലം പഞ്ചായത്ത് ഫണ്ടിന് 1997-98 വർഷം മുതൽ അഞ്ച് വർഷത്തേക്ക് കെട്ടിടനികുതി ഇനത്തിൽ മൊത്തം 59,638 രൂപയും ഗ്രന്ഥശാലാ സംഘത്തിന് 2,949 രൂപയും നഷ്ടപ്പെട്ടിരിക്കുന്നു.

തനത് ഫണ്ടിലുണ്ടായ ഈ വരുമാന ചോർച്ചയ്ക്ക് ഇടയാക്കിയ നിർദ്ദേശം നൽകിയ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനിൽനിന്നും (നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ) പ്രസ്തുത നിർദ്ദേശം നടപ്പാക്കിയ സെക്രട്ടറിയിൽനിന്നും തുല്യമായി പലിശസഹിതം ഈടാക്കേണ്ടതാണ്. അതോടൊപ്പം ഇതിന്റെ വിശദാംശങ്ങൾ കണ്ടെത്തുന്നതിനുള്ള ഒരു അന്വേഷണത്തിനും ശിപാർശ ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.9(i).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

20. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നടപടിയിന്മേൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിപൂർണ്ണ പിന്തുണയോടെയാണ് ടി നടപടി എന്നുമുള്ള പഞ്ചായത്തിന്റെ രേഖാമൂലമുള്ള മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിക്കുകയും ആയത് പരിഗണിച്ച് അസസ്മെന്റ് രജിസ്റ്ററിൽ ആധികാരിക രേഖപ്പെടുത്തലുകൾ നടത്താൻ നടപടിയെടുക്കാതിരുന്നത് മാപ്പാക്കി തുടർനടപടി ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**21. 1997-98 ൽ നികുതി പുനർനിർണ്ണയ പത്രപ്പരസ്യം 20-5-98-ന് നടത്തുകയും നിയമാനുസൃതം സമർപ്പിക്കേണ്ട റിവിഷൻ ഹർജികൾ ബന്ധപ്പെട്ട നികുതിദായകർ സമർപ്പിച്ചത് പരിഗണിച്ച് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം അതത് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തുകയും ചെയ്തതായി 15-9-2010-ന് അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ റിവിഷൻ ഹർജി ഫയലിൽനിന്നും ബോധ്യപ്പെട്ടതായി സമിതിക്ക് നൽകിയ കുറിപ്പിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ ഫയൽ പ്രകാരമുള്ള തീരുമാനങ്ങൾ മിനിറ്റ്സിൽ വിശദമായി രേഖപ്പെടുത്താതെ 'റിവിഷൻ സംബന്ധിച്ച അപേക്ഷ പരിശോധിച്ചു, തീർപ്പ് കൽപ്പിച്ചു' എന്ന് മാത്രം രേഖപ്പെടുത്തിയിരിക്കുകയാണെന്ന് സമിതി നിരീക്ഷിച്ചു. ഓഡിറ്റ് സമയത്തും തുടർന്നും റിവിഷൻ ഹർജികളോ മറ്റ് വിശദ വിവരങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല. 15-9-2010-ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടതുപ്രകാരവും മേൽ കാലത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, മെമ്പർമാർ എന്നിവർ ഗ്രാമപഞ്ചായത്തിന്റെ മേൽ നടപടിയിന്മേൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിപൂർണ്ണ പിന്തുണയോടെ തന്നെയാണ് ടി നടപടി എന്നും രേഖാമൂലം അറിയിച്ചിട്ടുള്ളതും പരിഗണിച്ച് അസസ്മെന്റ് രജിസ്റ്ററിൽ ആധികാരിക രേഖപ്പെടുത്തലുകൾ നടത്താൻ നടപടിയെടുക്കാതിരുന്നത് മാപ്പാക്കി തുടർ നടപടി ഒഴിവാക്കാവുന്നതാണെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ അഭിപ്രായവും കണക്കിലെടുത്ത് ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാൻ പാടില്ലെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിർധനരായ വിദ്യാർത്ഥികൾക്ക് കുട വിതരണം—നിർവ്വഹണത്തിലെ അപാകതകൾ**

ഈ പ്രോജക്ടിൽ 1,06,757 രൂപ ചെലവഴിച്ച് 1,095 കുടകൾ വാങ്ങിയിട്ടുള്ളതായി ഫയലിൽ കാണുന്നു. ഇതിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്:

(1) ഈ പ്രോജക്ടിന്റെ ഡി. പി. സി. അംഗീകരിച്ച കോപ്പി, സാധനങ്ങൾ വാങ്ങിയതിന്റെ സ്റ്റോക്ക്, വിതരണം, അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഇവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(2) സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല.

(3) 3-9-1998 ൽ തനത് ഫണ്ടിൽനിന്നും 11,615 രൂപ കുട വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട് (115 കുടകൾ).

(4) യോഗ തീരുമാനങ്ങൾ 48 മണിക്കൂറിനകം രേഖപ്പെടുത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

(5) 24-6-1998-ലെ തീരുമാനപ്രകാരമാണ് 1095 പേർക്ക് കുട വിതരണം നിശ്ചയിച്ചത്. എന്നാൽ പ്രസ്തുത തീരുമാനങ്ങളൊന്നും തന്നെ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(6) ഈ സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടിന്റെ സുതാര്യത നഷ്ടപ്പെട്ടിരിക്കുന്നു. ആയതിനാൽ പ്രസ്തുത ചെലവ് വ്യക്തമായ സ്പഷ്ടീകരണം ലഭ്യമാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.9(ii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

22. ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**23. സെക്രട്ടറി എന്ന നിലയിലുള്ള പരിചയക്കുറവും 30-6-1998-നകം പദ്ധതി തുക ചെലവഴിക്കാൻ നിർദ്ദേശമുണ്ടായിരുന്നതിനാലും 1-6-1998-ന് മാത്രം സെക്രട്ടറിയുടെ ചാർജ്ജെടുത്തതിനാലും കാലവർഷം തുടങ്ങുന്നതിനുമുമ്പ് കുട വിതരണം ചെയ്യേണ്ടിയിരുന്നതിനാലും പദ്ധതി നിർവ്വഹണത്തിൽ അപാകതകളൊന്നും പ്രാദേശികതലത്തിൽ ഉണ്ടായിട്ടില്ലാത്തതിനാലും ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ടത്തിലെ നടപടികളിലുണ്ടായ മനഃപൂർവ്വമല്ലാത്ത പിശകായതിനാലും മാപ്പാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലിസ്റ്റിൽപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച്**

ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ മറികടന്ന് ലിസ്റ്റിൽപ്പെടാത്തവർക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ആനുകൂല്യം നൽകിയതുവഴി പദ്ധതിപ്പണത്തിൽ 59,000 രൂപ അനധികൃതമായ ചെലവ് വന്നിരിക്കുന്നു. ഇത് ടിയാനിൽനിന്ന് ഈടാക്കേണ്ടതാണ്.

ഇതേ രീതിയിൽ തന്നെ, പ്രസിഡന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മാണത്തിനായി 16 ഗുണഭോക്താക്കൾക്ക് നൽകിയ ആനുകൂല്യം 32,000 രൂപയും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.9(iii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് സമിതി പരിഗണിക്കുകയും പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**25. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട് ടിയാളുകളുടെ ലിസ്റ്റ് പിന്നീട് ഗ്രാമസഭാ മിനിട്സിലും പഞ്ചായത്ത് കമ്മിറ്റിയിലും ഉൾപ്പെടുത്തി അംഗീകാരം നൽകിയതിനാലും കക്കൂസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ വീഴ്ചപറ്റിയത് ജനകീയാസൂത്രണത്തിന്റെ പ്രാരംഭവർഷത്തിൽ ഉത്തരവുകൾ യഥാസമയം ലഭിക്കാത്തതിനാലാണെന്നതിനാലും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് പരിഗണിച്ചും ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുഴൽക്കിണർ നിർമ്മാണം—ചെലവ് വ്യാജം**

62,020 രൂപയുടെ എസ്റ്റിമേറ്റുള്ള ടി പ്രോജക്ടിന്, പ്രവൃത്തി നടന്നതായി കാണിക്കുന്ന ബന്ധപ്പെട്ട എഞ്ചിനീയർ അളവെടുത്ത് മൂല്യനിർണ്ണയം നടത്തിയ എം. ബുക്ക്, പൂർത്തീകരണ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് അവലോകന റിപ്പോർട്ട് എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല. തന്നെയുമല്ല പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഒരു രേഖയും ഹാജരാക്കിയിട്ടില്ല. എന്നാൽ പദ്ധതിവിഹിതമായ 54,580 രൂപ നികുതികളൊന്നും ഈടാക്കാതെ കരാറുകാരന് നൽകിയതായും കാണുന്നു. മതിയായ രേഖകളുടെ പിൻബലമില്ലാത്ത ടി ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത് ടിയാനിൽനിന്നും ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.9(iv).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26. പഴയ പഞ്ചായത്ത് കെട്ടിടം പൊളിച്ച് പുതിയതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് ഫയലുകൾ മാറ്റിയപ്പോൾ അളവുപുസ്തകം കാണാതെ പോയതായും ആയത് ഇതുവരെയും കണ്ടെത്തിയിട്ടില്ല എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കുഴൽക്കിണർ കുഴിച്ച് പദ്ധതി പൂർത്തീകരിച്ചതായ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് അംഗീകരിക്കുകയും തടസ്സം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**27. ഓഡിറ്റ് നിരാകരിച്ച തുക ഈടാക്കുന്നതിന് ആരോപണവിധേയനായ സെക്രട്ടറിയുടെ പേരിൽ പുറപ്പെടുവിച്ച സർച്ചാർജ്ജ് നോട്ടീസിന് ടിയാൻ നൽകിയ മറുപടിയിൽ രണ്ട് വാർഡുകളിലും കുഴൽക്കിണർ കുഴിച്ച് പദ്ധതി പൂർത്തീകരിച്ചതായി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച് ബോധ്യപ്പെട്ടതായും പ്രസ്തുത റിപ്പോർട്ട് പ്രകാരം ആകെ ചെലവായ 62,020 രൂപയിൽ 54,850 രൂപ മാത്രം നൽകിയതായും പഴയ പഞ്ചായത്ത് കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിച്ച് ഫയലുകൾ മാറ്റിയതിനാൽ അളവുപുസ്തകം കണ്ടെത്താനായില്ലെന്നും പ്രസ്താവിച്ചത് അംഗീകരിച്ച് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഉപാധിരഹിത ഫണ്ട്—അധികച്ചെലവ്**

(1) 1996-97 ലെ ഉപാധിരഹിത ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ കൈതക്കുണ്ട്-പുറച്ചാൽ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് വാല്യുവേഷൻ പത്രിക പ്രകാരം (എം. ബുക്ക് ഹാജരാക്കിയിട്ടില്ല) 64,249 രൂപ ചെലവുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി വാങ്ങിയ കരിങ്കല്ല്, കമ്പി തുടങ്ങിയവയുടെ ഒരു ചെറിയ അംശം മാത്രമേ പ്രയോജനപ്പെടുത്തിയിട്ടുള്ളൂ. അധികമായി ഉണ്ടായിരുന്ന പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിൽ ഉള്ളതായോ മറ്റുപ്രവൃത്തികൾക്ക് വേണ്ടി ഉപയോഗിച്ചതായോ വ്യക്തമാക്കപ്പെട്ടിട്ടില്ല. ആകയാൽ അധികം വന്ന സാധനങ്ങളുടെ വില മൊത്തം 19,834 (കരിങ്കല്ല്—18,760+ കമ്പി—1,074) രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(2) സിയാംകണ്ടം-അറപ്പാൾപടി റോഡ് നിർമ്മാണപ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയത് പ്രകാരം തയ്യാറാക്കിയ മൂല്യനിർണ്ണയ പ്രകാരം പ്രസ്തുത പ്രവൃത്തിക്കുവേണ്ടി വാങ്ങിയ സാധനങ്ങൾ പലതും വാങ്ങിയ അളവിനേക്കാൾ കൂടുതൽ ഉപയോഗിച്ചതായും വാങ്ങാത്ത ചിലയിനങ്ങൾ ഉപയോഗിച്ച

തായും രേഖപ്പെടുത്തിയിരിക്കുന്നു. വാങ്ങാത്ത സാധനങ്ങളുടെ ഉറവിടം അജ്ഞാതമാണ്. ഇതിൽനിന്ന് മനസ്സിലാക്കാവുന്നത് ഒന്നുകിൽ എം. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ വ്യാജമാണ് അല്ലെങ്കിൽ അധികം ചെലവഴിച്ചതായി പറയുന്ന സാധനങ്ങൾ യഥാർത്ഥത്തിൽ ഉപയോഗിച്ചിട്ടില്ല. ഈ പ്രവൃത്തിയെക്കുറിച്ചുള്ള വിശദീകരണം ആവശ്യമാണ്.

ഈ സാഹചര്യത്തിൽ ഉപയോഗിച്ചതായി കാണിച്ചിരിക്കുന്ന അധികം വാങ്ങാത്ത സാധനങ്ങളുടെ വില 41,675 രൂപ (കരിങ്കല്ല്, മണ്ണ്, സിമന്റ്, മണൽ എന്നിവയുടെ വില) ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.9(v).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിനും കേസ് അഡ്വാൻസ് ചെയ്യാൻ പെറ്റീഷൻ നൽകുന്നതിനും ലോക്കൽ ഫണ്ട് ഓഡിറ്റിനെ സമിതി ചുമതലപ്പെടുത്തി.

29. കേസ് ത്വരിതപ്പെടുത്തുന്നതിന് 27-4-2011-ലെ എൽ.എഫ്/എം$_4$/839/07 കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഗവൺമെന്റ് പ്ലീഡറോട് (ജില്ലാ കോടതി, മഞ്ചേരി) അപേക്ഷിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് ഡയറക്ടറുടെ 21-5-2011-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

കോടതിയിലെ കേസിന്മേലുള്ള നടപടി സംബന്ധിച്ച് 1-2-2013-ലെ കത്തുമുഖേന തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

30. "ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ കേസ് ത്വരിതപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിരുന്നു. ഈ വിഷയം സംബന്ധിച്ച് ശ്രീമതി കെ. എസ്. വത്സമ്മ മഞ്ചേരി ജില്ലാ കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ. പി. നമ്പർ 92/07 നമ്പർ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാൻ മഞ്ചേരി ഗവൺമെന്റ് പ്ലീഡറോട് ആവശ്യപ്പെട്ടിരുന്നു. ഇതിന് സൂചന (2) പ്രകാരം ലഭിച്ച മറുപടിയിൽ ഒ. പി. നമ്പർ 92/07 എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിന് വേണ്ടി 18-3-2013-ലേക്ക് പോസ്റ്റ് ചെയ്തിട്ടുള്ള വിവരം അറിയിച്ചിട്ടുണ്ട്".

### നിഗമനങ്ങൾ/ശിപാർശകൾ

**31. 'ഉപാധിരഹിതഫണ്ട്—അധിക ചെലവ്' എന്ന പരാമർശവുമായി ബന്ധപ്പെട്ട് ജില്ലാ കോടതിയിൽ നിലവിലുള്ള കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനും നാളിതുവരെയും കേസ് തീർപ്പാക്കിയിട്ടില്ലാത്തപക്ഷം അടിയന്തരമായി കേസ് തീർപ്പാക്കുവാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വരവ് തുക അപഹരിച്ചു—നഷ്ടം ; 10,701.20 രൂപ [1997-98 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 31 (1)]**

പഞ്ചായത്ത് രസീത് മുഖേന വിവിധ തീയതികളിൽ പിരിച്ച 10,701.20 രൂപ ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിൽ അടവാക്കി കാണുന്നില്ല. ഉത്തരവാദികളിൽനിന്ന് തുക ഈടാക്കേണ്ടതും ശിക്ഷണ നടപടി സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

32. ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന തുക രണ്ട് പ്രാവശ്യമായി തിരികെ അടച്ചതായും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ് നോട്ടീസ് ഒഴിവാക്കുകയും ചെയ്തതായി ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

33. **പഞ്ചായത്ത് രസീത് പ്രകാരം പിരിച്ച 10,701.20 രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിൽ അടവാക്കിയിട്ടില്ലെന്ന ഓഡിറ്റിന്റെ കണ്ടെത്തലിനെത്തുടർന്ന് പ്രസ്തുത തുക രണ്ടുപ്രാവശ്യമായി തിരികെ അടച്ചതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## നന്നമുക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ധനാപഹരണം—നഷ്ടം ; 36,218.46 രൂപ (1997-98, 2001-02 സ്പെഷ്യൽ റിപ്പോർട്ട് ; ഖണ്ഡിക-2)**

പഞ്ചായത്ത് രസീതിൽ പിരിച്ച തുക മുഴുവൻ അക്കൗണ്ടിൽ ഒടുക്കാതെ 1,23,527 രൂപ അപഹരിച്ചു. 1997-98 മുതൽ 2001-02 വരെയുള്ള കാലത്തെ പിരിവിലാണ് അടവിൽ കുറവ് കണ്ടത്. ഓഡിറ്റിൽ വ്യക്തമാക്കിയതിനാൽ 87,308.55 രൂപ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കി. ബാക്കി 36,218.45 രൂപ നഷ്ടമാണ്. തുക ഈടാക്കേണ്ടതും ധനാപഹരണം ഗൗരവമായി കണ്ട് ശിക്ഷണ നടപടി സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.2.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ ടി വിഷയം പെൻഡിംഗിൽ വയ്ക്കാൻ സമിതി നിർദ്ദേശിച്ചു. കൂടാതെ പഞ്ചായത്തിൽനിന്നും അപഹരിക്കപ്പെട്ട തുക തിരിച്ച് അടവാക്കിയത് സംബന്ധിച്ച രേഖകളും വിജിലൻസ് കേസിന്റെ ഇപ്പോഴത്തെ അവസ്ഥയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരവും ലഭ്യമാക്കാൻ സമിതി ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21-5-2011-ലെ കത്ത് മുഖാന്തിരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

35. "ശ്രീ. പി. രാജഗോപാലനെതിരെയുള്ള കേസ് (വി. സി. 3/2004/എം. വി. എം.) തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ നിലനിൽക്കുന്നതായി 6-10-2010-ലെ ബി. 1955/2010/ഇ. സി. ആർ. കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചത് സംബന്ധിച്ച യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല".

36. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും 11-9-14 തീയതി ലഭ്യമായ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ച 36,218.46 രൂപയും പലിശയും നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടില്ല. ധനാപഹരണം സംബന്ധിച്ച് ആ കാലയളവിലെ യു.ഡി. ക്ലാർക്കായ ശ്രീ. പി. രാജഗോപാലിനെതിരെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഉണ്ടായിരുന്ന കേസ് 25-9-08-ന് തൃശ്ശൂർ വിജിലൻസ് കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും CC98/2008(VC3/2004(MPM) നമ്പരായി കേസ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ശ്രീ. രാജഗോപാൽ ആതവനാട് ഗ്രാമപഞ്ചായത്തിലിരിക്കെ സർവ്വീസിൽനിന്നും വിരമിച്ചിട്ടുണ്ട്. ശ്രീ. രാജഗോപാലിന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലാ എന്നും അറിയിച്ചുകൊള്ളുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

37. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള തുകയുടെ ധനാപഹരണത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ഇതുൾപ്പെടെയുള്ള വിജിലൻസ് കേസുകൾ നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. വിജിലൻസ് കേസ് നിലനിൽക്കുന്നതിന്റെ പേരിൽ ധനാപഹരണത്തിലൂടെ നഷ്ടമായ തുക ഈടാക്കാതിരുന്ന പഞ്ചായത്തിന്റെ നടപടി ഉചിതമല്ലെന്ന് സമിതി വിലയിരുത്തുന്നു. വിജിലൻസ് കേസ് തീർപ്പാക്കി കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും അലംഭാവമുണ്ടായതായി സമിതി വീക്ഷിക്കുന്നു. തൃശ്ശൂർ വിജിലൻസ് കോടതിയിലേക്ക് 2008-ൽ ട്രാൻസ്ഫർ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി, കൂടാതെ, ഉത്തരവാദിയായ ഉദ്യോഗസ്ഥൻ അപഹരിച്ച തുക തിരികെ ഈടാക്കിയിട്ടില്ലെങ്കിൽ ആയത് പലിശസഹിതം ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽനിന്ന് ഈടാക്കാനും വിജിലൻസ് കേസ് ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടിയും കേസിൽ അന്തിമവിധി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ വിധിപ്രകാരം സ്വീകരിച്ച നടപടിയും അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**മെതിയന്ത്രം വാങ്ങിയത് പാഴ്ച്ചെലവ്—നഷ്ടം; 1,01,882 രൂപ (1997-98 മുതൽ 2001-02—സ്പെഷ്യൽ റിപ്പോർട്ട് ഖണ്ഡിക 69)**

പഞ്ചായത്തിലെ കൃഷിയിടങ്ങൾക്ക് അനുയോജ്യമല്ലാത്ത മെതിയന്ത്രത്തിന് പദ്ധതി വിഹിതത്തിൽനിന്നും നൽകിയ വില 7,67,844 രൂപ പാഴ്ച്ചെലവായി. നാല് വർഷത്തി ലധികമായി യന്ത്രം ഉപയോഗിക്കുന്നില്ല. സ്റ്റോർ പർച്ചേസ് നിയമം ലംഘിച്ചായിരുന്നു വാങ്ങൽ. വാങ്ങലിൽ യഥാർത്ഥ ഡീലറെ ഒഴിവാക്കിയതിനാൽ 60,000 രൂപയുടെ അധിക ചെലവുണ്ട്. പഞ്ചായത്തിന് അർഹമായ 4% ഇളവ് അവകാശപ്പെടാതെ വിൽപ്പന നികുതി അടച്ച 41,882 രൂപയും ഉൾപ്പെടെ 1,01,882 രൂപയുടെ നഷ്ടമുണ്ട്. പദ്ധതി നിർവ്വഹണം അന്വേഷിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.2.2.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

38. കൃഷിയിടത്തിന് അനുയോജ്യമല്ലാത്ത മെതിയന്ത്രം വാങ്ങി പണം ദുരുപയോഗം ചെയ്തത് സംബന്ധിച്ച് സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. യന്ത്രം ഇനിയും തുരുമ്പെടുത്തു നശിക്കാതെ എത്രയും വേഗം അത് ലേലത്തിൽ വയ്ക്കുന്നതിനും ലേലം ചെയ്ത് കിട്ടുന്ന തുക സർക്കാരിൽ അടച്ച് പ്രസ്തുത വിവരം സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചു.

ഈ വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ റിപ്പോർട്ട്, പുനഃപരിശോധനാ റിപ്പോർട്ട് എന്നിവ ചുവടെ ചേർക്കുന്നു:

39. "പി. ഡബ്ല്യൂ. ഡി. മെക്കാനിക്കൽ ഡിവിഷൻ ഓഫീസർ, പൊന്നാനിക്ക് 12-1-2011-ലെ എ$_1$/7104/10 നമ്പർ കത്ത് പ്രകാരം മെതിയന്ത്രത്തിന്റെ മൂല്യനിർണ്ണയം നടത്താൻ ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഇല്ല".

40. മെതിയന്ത്രത്തിന് വാല്യുവേഷൻ നൽകുന്നതിന് 27-7-2013-ൽ കോഴിക്കോട് പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ യന്ത്രം പരിശോധിച്ച് 35,000 രൂപയ്ക്കുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. മെതിയന്ത്രം പരസ്യലേലം നടത്തി വിൽക്കുന്നതിന് 10-9-2013-ൽ പഞ്ചായത്ത് തീരുമാനി ച്ചിട്ടുണ്ട് എന്ന് അറിയിച്ചുകൊള്ളുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**41. കൃഷി ഓഫീസറുടെ റിപ്പോർട്ടോ അഭിപ്രായമോ ആരായാതെ കാർഷികാവശ്യ ത്തിന് അനുയോജ്യമല്ലാത്ത മെതിയന്ത്രം വാങ്ങിയ പഞ്ചായത്തിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പദ്ധതിപ്പണം ചെലവ് ചെയ്തതിൽ പഞ്ചായത്ത് ഭരണസമിതിയോ സെക്രട്ടറിയോ ഉത്തരവാദിത്വം കാട്ടിയില്ലെന്നും**

പൊതുപ്പണം ദുരുപയോഗപ്പെടുത്തിയതിൽ അവർക്ക് യാതൊരു ഉൽക്കണ്ഠയും കുറ്റബോധവും ഇല്ലെന്നും സമിതി നിരീക്ഷിക്കുന്നു. സർക്കാർ അംഗീകൃത ഏജൻസി യായ റെയ്ഡ്കോ മുഖേനയാണ് യന്ത്രം വാങ്ങിയതെന്നതിനാൽ ഇക്കാര്യത്തിൽ ക്രമക്കേട് നടന്നതായി സമിതി കരുതുന്നില്ല. എന്നാൽ, റെയ്ഡ്കോയുമായി പഞ്ചായത്ത് വ്യക്തമായ ഒരു കരാറിൽ ഏർപ്പെടേണ്ടതായിരുന്നുവെന്നും ഏഴുലക്ഷം രൂപയിലധികം ചെലവ് ചെയ്തത് ഉപയോഗപ്പെടുത്താൻ കഴിയാതെപോയത് വലിയ വീഴ്ചയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഉദ്ദേശിച്ച ലക്ഷ്യത്തിന് യന്ത്രം ഉപയോഗിക്കാൻ കഴിയില്ല എന്ന് ബോധ്യമായപ്പോൾത്തന്നെ, യന്ത്രം നൽകിയ സ്ഥാപനം അത് തിരികെ എടുക്കുവാൻ തയ്യാറായിട്ടും, അത് കൈമാറി നഷ്ടത്തിന്റെ വ്യാപ്തി കുറയ്ക്കുവാൻ നടപടി സ്വീകരിക്കാത്തത് ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് നിർദ്ദേശിച്ച സമിതി, മെതിയന്ത്രം എത്രയും വേഗം വില്പന നടത്തി തുക സർക്കാരിലേക്ക് അടവാക്കുവാൻ തെളിവെടുപ്പ് വേളയിൽ ആവശ്യപ്പെടുകയുണ്ടായി. സമിതി നിർദ്ദേശ ത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം യന്ത്രം പരിശോധിച്ച അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 35,000 രൂപയ്ക്കുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതിനാൽ സമിതി നിർദ്ദേശത്തിന്മേൽ മെതിയന്ത്രം എത്രയുംവേഗം വില്പന നടത്തി സർക്കാരിലേക്ക് തുക അടവാക്കി റിപ്പോർട്ട് നൽകുവാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ദിനവേതന നിയമനം ; ഉത്തരവ് പാലിച്ചില്ല (1997-98 മുതൽ 2001-02 സ്പെഷ്യൽ റിപ്പോർട്ട് ; ഖണ്ഡിക-52)**

തദ്ദേശഭരണ വകുപ്പിന്റെ ഉത്തരവ് പാലിക്കാതെ ഓഫീസ് ജോലിക്ക് വർഷ ങ്ങളായി പ്രതിദിനവേതന നിയമനം.

1999-2000 മുതൽ 2001-02 വരെ 83,950 രൂപയാണ് ഇതിന് ചെലവഴിച്ചത്. പ്രതിദിന വേതന നിയമന വ്യവസ്ഥകൾ വിവരിക്കുന്ന 17-5-2002 ലെ 2002/2000 ത.ഭ.വ. ഉത്തരവിന് വിരുദ്ധമായതിനാൽ ചെലവിൽ 65,050 രൂപ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.2.3.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

42. പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം, പരിചയസമ്പന്നരായ വ്യക്തികളെ ദീർഘകാലം ദിനവേതനാടിസ്ഥാനത്തിൽ നിയമിച്ചതിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതായിരുന്നു എന്ന പരാമർശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**43. പ്രതിദിന വേതന നിയമന വ്യവസ്ഥകൾ പാലിക്കാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിന് വിരുദ്ധമായി പ്രതിദിന വേതനാടിസ്ഥാനത്തിൽ രണ്ടുവർഷം തുടർച്ചയായി ജീവനക്കാരെ നിയമിച്ച് ചെലവ് ചെയ്ത പഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്നും കാര്യനിർവ്വഹണത്തിന് പ്രവൃത്തിപരിചയമുള്ളവരുടെ സേവനം ഗ്രാമപഞ്ചായത്തിന് അഭീഷ്ടമായി വരിക സ്വാഭാവികമാണെങ്കിലും അത്തരം നിയമനങ്ങൾക്ക് സർക്കാരിന്റെ അനുമതി വാങ്ങിയാണ് ചെയ്യേണ്ടിയിരുന്നതെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കേണ്ടതാണെന്നുമുള്ള അഭിപ്രായത്തോടെ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ട്രാക്ടർ വാടക ഈടാക്കിയില്ല

പഞ്ചായത്തിന്റെ ട്രാക്ടറിന് ക്വട്ടേഷൻ പ്രകാരം നിർണ്ണയിച്ച വാടക ഈടാക്കിയില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് ക്വട്ടേഷൻ വിളിച്ച് 1998-99 മുതൽ 2001-2002 വരെയുള്ള കാലത്തേക്ക് ട്രാക്ടർ വാടകയ്ക്ക് നൽകിയത്. ഈ ഇനത്തിൽ 1,14,240 രൂപയുടെ നഷ്ടം കണക്കാക്കുന്നു. തുക ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.2.4.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമായ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് ട്രാക്ടർ കേടായിക്കിടന്നിരുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 11,650 രൂപയുടെ ക്വട്ടേഷൻ നിരക്കിൽ വാടകയ്ക്ക് കൊടുക്കുകയാണുണ്ടായതെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു. പരാമർശവുമായി ബന്ധപ്പെട്ട് 1,14,240 രൂപയുടെ നഷ്ടമാണ് ഓഡിറ്റ് ചുമത്തിയിരിക്കുന്നത്. ക്വട്ടേഷൻ പ്രകാരം ട്രാക്ടർ വാടകയ്ക്കെടുത്ത വ്യക്തി കുടിശ്ശിക വരുത്തിയതിനാൽ അന്നത്തെ സെക്രട്ടറി എന്ത് നിയമ നടപടി സ്വീകരിച്ചു എന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്തിന്റേതായ ആർ.ആർ. നോട്ടീസ് നൽകിയിരുന്നെന്നും പിന്നീട് താൻ ട്രാൻസ്ഫർ ആയി പോകുകയും 31-5-2002-ൽ റിട്ടയർ ചെയ്യുകയുണ്ടായെന്നും പരാമർശകാലയളവിലെ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. ട്രാക്ടർ ഇപ്പോൾ സൗജന്യമായി ഒരു കോൾപടവ് കർഷക സമിതിക്ക് നൽകിയിരിക്കുകയാണെന്ന് നിലവിലെ സെക്രട്ടറി സമിതിയിൽ അറിയിച്ചു.

45. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ടുള്ള എല്ലാ വസ്തുതകളെയും സംബന്ധിച്ച് ഒരു വിശദമായ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ സമിതി ചുമതലപ്പെടുത്തി.

46. സമിതി നിർദ്ദേശപ്രകാരമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട്, പുനഃപരിശോധനാ റിപ്പോർട്ട് എന്നിവ ചുവടെ ചേർക്കുന്നു:

47. "ട്രാക്ടർ വാടക ഈടാക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് വിശദമായ റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സമിതി നിർദ്ദേശ പ്രകാരമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല".

48. ഡി.ഡി.പി.യുടെ പരിശോധനാ റിപ്പോർട്ട് മലപ്പുറം ജില്ല ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**49. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ട്രാക്ടർ വാടകയ്ക്ക് നൽകിയ ഇനത്തിൽ ലഭിക്കേണ്ട തുകയിൽ 1,14,240 രൂപയുടെ കുറവുണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ക്വട്ടേഷൻ ക്ഷണിച്ച് വാടകനിരക്ക് പഞ്ചായത്ത് നിശ്ചയിച്ച് നൽകിയതിനുശേഷം, ഒരാഴ്ചക്കാലം ട്രാക്ടർ അറ്റകുറ്റപ്പണിയിലായിരുന്നു എന്ന കാരണത്താൽ 28-12-1998 മുതൽ 19-2-1999 വരെ 54 ദിവസം ട്രാക്ടർ ഉപയോഗിച്ചതിന് അടവാക്കേണ്ട 84,240 രൂപയ്ക്ക് പകരം 11,650 രൂപയായി വാടക പുനർ നിശ്ചയിച്ച് നല്കിയ ഗ്രാമപഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത കാലയളവിലേക്കുള്ള വാടക 11,650 രൂപയായി നിശ്ചയിക്കുവാനുള്ള മാനദണ്ഡമെന്തെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നല്കുവാൻ ഉദ്യോഗസ്ഥർക്കായില്ല. വാടകയിനത്തിൽ ലഭിക്കേണ്ടതും ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതുമായ 1,14,240 രൂപയിൽ കേവലം 10,000 രൂപ മാത്രമേ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളൂ. ട്രാക്ടർ വാടകയ്ക്ക് നല്കുമ്പോൾ ബന്ധപ്പെട്ട വ്യക്തിയുമായി പഞ്ചായത്ത് യാതൊരു കരാറിലും ഏർപ്പെട്ടിട്ടില്ലായിരുന്നു വെന്നും സമിതിക്ക് ബോധ്യമാകുന്നു. ട്രാക്ടർ വാടകയിനത്തിൽ കുടിശ്ശിക വരുത്തിയത് ഈടാക്കുവാൻ നിയമ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതല പ്പെടുത്തിയ ഭരണസമിതി തീരുമാനത്തിന്മേൽ തദവസരത്തിലെ പഞ്ചായത്ത് സെക്രട്ടറി നേരിട്ട് കക്ഷിക്ക് റവന്യൂ റിക്കവറി നോട്ടീസ് അയച്ചിട്ടുള്ളതല്ലാതെ തുടർന്ന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ഈ വിഷയത്തിന് അർഹിക്കുന്ന ഗൗരവം നല്കുന്നില്ലെന്ന് വിലയിരുത്തിയ സമിതി ഇക്കാര്യം വിശദമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കു വാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് തെളിവെടുപ്പ് വേളയിൽ ആവശ്യപ്പെടുക യുണ്ടായി. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു മറുപടിയും സമിതിക്ക് നാളിതു വരെ ലഭിച്ചിട്ടില്ല. സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ ലഭ്യമാക്കാത്ത പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്ന തോടൊപ്പം പ്രസ്തുത റിപ്പോർട്ടും ആയത് ലഭ്യമാക്കാത്തതിനുള്ള വിശദീകരണവും നല്കുന്നതിനും ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കാൻ സത്വര നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ട്രാക്ടറിന്റെ നിലവിലെ ഉപയോഗം സംബന്ധിച്ചുള്ള വിശദാംശം നല്കാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുക വീണ്ടും ചെലവഴിച്ചു (1997-98 മുതൽ 2001-02 സ്പെഷ്യൽ റിപ്പോർട്ട്) ഖണ്ഡിക 18**

പൂർത്തിയാക്കിയ മരാമത്ത് വേലയുടെ പേരിൽ 1,57,115 രൂപ പഞ്ചായത്ത് ഫണ്ടിൽനിന്നും പിൻവലിച്ചു. ഉപാധിരഹിത ഫണ്ടിൽനിന്നും 3,21,149 രൂപ ചെലവഴിച്ച് തെക്കുംതാഴം റോഡ് അഭിവൃദ്ധിപ്പെടുത്തിയത് 18-5-98-ൽ പൂർത്തിയായിരുന്നു. ഇതിനു ശേഷം 25-2-1999, 31-3-1999 തീയതികളിലായി സെക്രട്ടറി പിൻവലിച്ച 1,57,115 രൂപ തിരിച്ച് അടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.2.5.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമായ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

50. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട്, സമിതി വിശദീകരണം ആരാഞ്ഞതിന്, പ്രവൃത്തിയുടെ മൂല്യനിർണ്ണയ തുക 1,66,821 ആയാണ് എം. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ സെക്രട്ടറി 2,26,224 രൂപയുടെ വൗച്ചർ ഹാജരാക്കിയിരുന്നെന്നും അതിനുപുറമെ 1,57,115 രൂപ കൂടുതൽ വാങ്ങി എന്നതാണ് ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്നതെന്നും, 25-2-1999, 31-3-1999 എന്നീ തീയതികളിൽ രണ്ട് മസ്റ്റർറോൾ പ്രകാരം പിൻവലിച്ച 1,57,115 രൂപ തിരികെ ഈടാക്കേണ്ടതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

51. ഫയൽ പരിശോധിച്ചതനുസരിച്ചാണ് തുക നൽകിയിട്ടുള്ളതെന്നും മസ്റ്റർറോൾ പ്രവൃത്തിയായിരുന്നതിനാൽ വൗച്ചറുകളും ഉണ്ടായിരുന്നെന്നും എന്നാൽ പിന്നീട് ഫയൽ പരിശോധിച്ചപ്പോൾ മസ്റ്റർറോളോ മറ്റ് രേഖകളോ കിട്ടിയില്ലയെന്നും പരാമർശ കാലയളവിലെ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. ഫയൽ ഇപ്പോൾ കണ്ടെത്തിയിട്ടുണ്ടെന്നും അത് പെർഫോമൻസ് ഓഡിറ്റിന് സമർപ്പിച്ചുവെന്നും നിലവിലെ സെക്രട്ടറി സമിതിയിൽ അറിയിച്ചു. ഫയലും ബന്ധപ്പെട്ട രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റിനു സമർപ്പിച്ച് അവയെ ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുകയും ഒപ്പം ഫയൽ പരിശോധിച്ച് വിശദമായ ഒരു റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

സമിതി ആവശ്യപ്പെട്ട പ്രസ്തുത റിപ്പോർട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട്, പുനഃപരിശോധനാ റിപ്പോർട്ട് എന്നിവ ചുവടെ ചേർക്കുന്നു:

52. "പ്രവൃത്തിയുടെ അളവുബുക്ക് (നമ്പർ 1/97-98) പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് വിശദമായ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്".

53. ഡി.ഡി.പി.യുടെ പരിശോധനാ റിപ്പോർട്ട് മലപ്പുറം ജില്ല ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

54. **പൂർത്തിയാക്കിയ മരാമത്ത് വേലയ്ക്ക് എഞ്ചിനീയർ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ മൂല്യനിർണ്ണയത്തുക 1,66,821 രൂപയായിരുന്നുവെന്നും എന്നാൽ പദ്ധതി നിർവ്വഹണം നടത്തിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വൗച്ചർ പ്രകാരം 2,26,224 രൂപ ചെലവാക്കിയിട്ടുണ്ടെന്നും 18-5-1998-ന് പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷവും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത പ്രവൃത്തിയുടെ ചെലവിനായി 1,57,115 രൂപ പഞ്ചായത്ത് ഫണ്ടിൽനിന്നും പിൻവലിച്ചതായും സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പ്രസ്തുത നടപടി ക്രമവിരുദ്ധമാണെന്ന് അഭിപ്രായപ്പെട്ട സമിതി ഫയലുകൾ പരിശോധനാവിധേയമാക്കി റിപ്പോർട്ട് നല്കുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. സമിതി നിർദ്ദേശത്തിന്മേൽ മറുപടി ലഭ്യമാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ആയതിനുള്ള വിശദീകരണവും ആവശ്യപ്പെടുന്നു. കൂടാതെ, ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്തി പ്രസ്തുത തുക പലിശസഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചെലവ് രേഖകൾ ഇല്ല**

**1997-98 മുതൽ 2001-02 സ്പെഷ്യൽ റിപ്പോർട്ട് ഖണ്ഡിക 53, 54, 92, 109, 136.**

37,09,786 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. 1997-98 മുതൽ 2001-02 വരെയുള്ള വർഷങ്ങളിലേതാണിത്. വൗച്ചറുകളുടെ അഭാവത്താൽ ചെലവിന്റെ കൃത്യത പരിശോധിക്കാനായില്ല. രേഖയില്ലാത്ത ചെലവ് ധനാപഹരണം സംശയിക്കപ്പെടാവുന്നതായതിനാൽ അന്വേഷണം നടത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.2.6.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമായ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

55. 37 ലക്ഷം രൂപയുടെ ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച വൗച്ചറുകളും രേഖകളും താൻ റിട്ടയർ ചെയ്തപ്പോൾ സെക്ഷൻ ക്ലാർക്കിനെ ഏൽപ്പിച്ചിരുന്നതാണെന്നും എന്നാൽ ഇപ്പോൾ ആ രേഖകളൊന്നും കാണാനില്ലെന്നും പരാമർശവിധേയനായ മുൻ സെക്രട്ടറി സമിതിയിൽ അറിയിച്ചു. എന്നാൽ 37 ലക്ഷം രൂപയിൽ ഉൾപ്പെടുന്ന കുറേ രേഖകളൊക്കെ, കണ്ടെടുത്തിട്ടുണ്ടെന്നും അവയെല്ലാം പെൻഷൻ സംബന്ധിച്ചതാണെന്നും അവയുടെ എല്ലാം രജിസ്റ്റർ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും നിലവിലെ സെക്രട്ടറി സമിതിയിൽ അറിയിച്ചു. പ്രസ്തുത രേഖകളെല്ലാം ഡി.ഡി.പി. പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമിതിയിൽ ലഭ്യമാക്കണമെന്നും അതിനുശേഷം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ടി പരാമർശം പുനഃപരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 21-5-2011-ലെ കത്ത് മുഖേന ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

56. "താഴെപ്പറയുന്ന വൗച്ചറുകൾ ഹാജരാക്കിയത് പരിശോധിച്ച് ഉറപ്പുവരുത്തി:

| | | |
|---|---|---|
| (1) 142698/3-4-1998 | —വാർദ്ധക്യകാല പെൻഷൻ | .. 90,552 രൂപ |
| (2) 370213/4-2-1999 | —വികലാംഗ പെൻഷൻ | .. 20,790 രൂപ |
| (3) 370213/4-2-1999 | —കർഷകത്തൊഴിലാളി പെൻഷൻ | .. 47,880 രൂപ |
| (4) 370247/5-4-1999 | —വിധവാ പെൻഷൻ | .. 1,03,165 രൂപ |
| (5) 370247/5-4-1999 | —കർഷകത്തൊഴിലാളി പെൻഷൻ | .. 47,930 രൂപ |
| (6) 3700267/16-8-2009 | —വികലാംഗ പെൻഷൻ | .. 1,02,795 രൂപ |
| (7) " / " | —വിധവാ പെൻഷൻ | .. 1,64,472 രൂപ |
| (8) 282/23-12-2000 | — " | .. 75,768 രൂപ |
| (9) 51715/11-1-2000 | —വാർദ്ധക്യകാല പെൻഷൻ | .. 89,265 രൂപ |
| (10) 189/8-9-2000 | —വാർദ്ധക്യകാല പെൻഷൻ | .. 1,14,858 രൂപ |
| (11) 370213/20-8-1999 | —കർഷകത്തൊഴിലാളി പെൻഷൻ | .. 1,37,025 രൂപ |

(മറുപടിയിൽ വ്യക്തമാക്കിയ 1,85,325 രൂപയ്ക്കു പകരം)

മറുപടിയിൽ സൂചിപ്പിച്ച താഴെപ്പറയുന്ന പേമെന്റ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(1) 142/639/20-8-1999 - വികലാംഗ പെൻഷൻ 68,632 രൂപ

(2) 51740/30-3-2000 - കർഷകത്തൊഴിലാളി പെൻഷൻ 43,010 രൂപ

കുറിപ്പ്:—പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് വിശദമായ റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്".

എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

സമിതി നിർദ്ദേശപ്രകാരമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

57. വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വൗച്ചറുകൾ ലഭ്യമായിട്ടില്ല എന്ന് ഡി.ഡി.പി.യെ അറിയിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21-5-2013-ലെ എ-2/98/13 നമ്പർ കത്ത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത വിവരം മലപ്പുറം ജില്ല ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ 3-8-2013-ലെ എൽ.എഫ്.എ.19/1470/2013 നമ്പർ കത്ത് പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും നിജസ്ഥിതി ബോധ്യപ്പെടുത്താൻ ആവശ്യപ്പെടുകയും ചെയ്തുവെങ്കിലും മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

58. 1997-1998 മുതൽ 2001-2002 വരെയുള്ള കാലയളവിലെ 37,09,786 രൂപയുടെ ചെലവ് രേഖകൾ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കാലയളവിലെ രേഖകൾ കാണാനില്ലായിരുന്നുവെന്നും സമിതിയോഗത്തിന് അഞ്ചു ദിവസങ്ങൾക്കു മുമ്പ് കുറെ രേഖകൾ കണ്ടെത്തിയിട്ടുണ്ടെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അവ ഓഡിറ്റിന് ഹാജരാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നല്കിയ റിപ്പോർട്ടിൽനിന്നും കേവലം 9,94,500 രൂപയുടെ വൗച്ചറുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളുവെന്ന് ബോധ്യമാകുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽനിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

59. ആയതിനാൽ, ഓഡിറ്റിന്റെ പരാമർശത്തിന് വിധേയമായ മുഴുവൻ തുകയുടെയും ചെലവ് വിവരങ്ങൾ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനും രേഖകൾ സൂക്ഷിക്കുവാനും പരിശോധനാവേളയിൽ അവ ഹാജരാക്കുവാനും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് ലഭ്യമാക്കാത്തതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം സമർപ്പിക്കുവാനും സമിതി ആവശ്യപ്പെടുന്നു.

### ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികൾക്ക് അധികചെലവ്**

**ഓഡിറ്റ് റിപ്പോർട്ട് 1998-99; ഖണ്ഡിക 50; 45(3), 52, 54**

ഗ്രാമപഞ്ചായത്തിന്റെ 1998-99-ലെ മരാമത്ത് വേലകൾക്ക് 1,87,219 രൂപയുടെ അധിക ചെലവ്—വിശദാംശം താഴെ:

(1) ഉപാധിരഹിത ധനം ഉപയോഗിച്ച് നിർവ്വഹിച്ച 5 വേലകൾക്ക് വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരെ ഏൽപ്പിക്കുകയും പ്രാദേശിക നിരക്കിൽ വില നൽകുകയും ചെയ്തതിനാൽ 96,752 രൂപയുടെ അധിക ചെലവുണ്ട്.

(2) കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് മരാമത്ത് പണികൾക്ക് ചീഫ് എഞ്ചിനീയറുടെ 30-6-85-ലെ ഡി6/6113/84(ഇ) സർക്കുലർ, പൊതുമരാമത്ത് റോഡ് വിഭാഗം (മഞ്ചേരി) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 1-8-96-ലെ ഡി1/3000/75 ഉത്തരവ് എന്നിവയ്ക്ക് നിരക്കാത്ത അധികനിരക്ക് അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിൽ 90,467 രൂപയുടെ നഷ്ടം കണക്കാക്കുന്നു;

രണ്ടിനങ്ങളിലെയും തുക—1,87,219 രൂപ ഉത്തരവാദികളിൽനിന്ന് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.3.]

ഓഡിറ്റ് റെണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച് ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

60. അൺടൈഡ് വർക്ക് കരാറുകാരനെ ഏല്പിച്ചത് ഏതു സാഹചര്യത്തിലാണ് ടി വർക്ക് സെക്രട്ടറിക്ക് നേരിട്ട് നടത്താനാവാതെ കരാറുകാരനെ ഏൽപ്പിക്കേണ്ടിവന്നതെന്ന് സമിതി മുൻപാകെ വിശദീകരിക്കാൻ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിലെ നിലവിലെ സെക്രട്ടറിക്ക് സാധിച്ചില്ല. ടി ഓഡിറ്റ് പരാമർശത്തിലെ കരാറുകാരനായ, മരണപ്പെട്ട സ്വകാര്യ എഞ്ചിനീയർ ശ്രീ. അബൂബക്കറിന്റെ ഭാര്യ സമിതിയിൽ ഹാജരാകുകയും ബാദ്ധ്യതയായി ചുമത്തപ്പെട്ട 1,87,000 രൂപ തിരികെ അടയ്ക്കുന്നതിനായി, സാമ്പത്തികമായി കഴിവില്ലായെന്നും, ഇതേ വിഷയത്തെക്കുറിച്ച് യാതൊന്നും അറിയില്ലായിരുന്നുവെന്നും പഞ്ചായത്തിൽനിന്നും നോട്ടീസ് ലഭിച്ചപ്പോഴാണ് ബാദ്ധ്യത സംബന്ധിച്ച് അറിയുന്നതെന്നും സമിതി മുൻപാകെ ബോധിപ്പിച്ചു.

61. ശ്രീ. അബൂബക്കർ പ്രൈവറ്റ് എഞ്ചിനീയർ ആയിരുന്നുവെന്നും കോൺട്രാക്ട് ബേസിൽ വർക്ക് നടത്താനായി നിയമിക്കുകയാണുണ്ടായതെന്നും കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ഡി. ഡി. പി. അംഗീകരിച്ചുകൊടുത്ത നിരയ്ക്കാണ് അദ്ദേഹം പേമെന്റ് നൽകിയിട്ടുള്ളതെന്നും നിലവിലെ സെക്രട്ടറി സമിതിയിൽ അറിയിച്ചു. വർക്ക് നടക്കുമ്പോൾ മാറിവന്ന സാഹചര്യമനുസരിച്ച് ഒരു കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അത് ഹയർ അതോറിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് എസ്. പി. എ. ഒ സമിതിയിൽ അറിയിച്ചു.

62. ഓഡിറ്റ് ബാദ്ധ്യതയിൽനിന്ന് തന്നെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. അബൂബക്കറിന്റെ വിധവ പഞ്ചായത്തിൽ അപേക്ഷ നൽകുകയുണ്ടായെന്നും ആയത് പഞ്ചായത്ത് കമ്മിറ്റി പരിഗണിക്കുകയും ടിയാളെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നതിന് സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയിൽ അറിയിച്ചു. സമിതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാലാണ് സർക്കാർ ടി വിഷയത്തിന്മേൽ നടപടി സ്വീകരിക്കാത്തതെന്ന് സമിതി മനസ്സിലാക്കുന്നതായും എങ്കിലും സമിതിയിൽ ടി വിവരം പരിഗണിച്ചതിൻ പ്രകാരം ടിയാളെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നതിനായി എല്ലാ വിവരങ്ങളും വിശദമാക്കികൊണ്ട് ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ അയയ്ക്കാൻ സമിതി ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 21-5-2011-ലെ കത്ത് മുഖേന നൽകിയ അധികവിവരം ചുവടെ ചേർക്കുന്നു:

63. "24-12-2008-ലെ 3-ാം നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം ബാദ്ധ്യത ഒഴിവാക്കി കൊടുക്കുന്നതിന് ഐകകണ്ഠ്യേന തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 26-12-2008-ന് സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചതായി കാണുന്നു. എന്നാൽ വിഷയം അക്കൗണ്ട്സ് സമിതിയുടെ പരിഗണനയിലായതിനാൽ അപേക്ഷ തിരിച്ചയയ്ക്കുകയുണ്ടായി. 23-9-2010-ലെ ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം 4-12-2010-ലെ ഗ്രാമപഞ്ചായത്തിന്റെ യോഗം ചർച്ച ചെയ്ത് തീരുമാനം കൈക്കൊണ്ട് സാധൂകരണത്തിനായി 15-12-2010-ലെ എ-267/08 നമ്പർ കത്ത് പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്".

**നിഗമനങ്ങൾ/ശിപാർശകൾ**

**64. ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികൾ സെക്രട്ടറി നേരിട്ട് നടത്തേണ്ടതാണെന്നിരിക്കേ അവ കരാറുകാരെ ഏല്പിച്ചതും പ്രാദേശിക നിരക്കിൽ വില നല്കിയതും ഉചിതമായില്ലെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ, മൂന്ന് പ്രവൃത്തികളിൽ അധികനിരക്ക് അനുവദിച്ചത് വഴിയുണ്ടായ നഷ്ടം ഈടാക്കു ന്നതിന് പുറപ്പെടുവിച്ച സർച്ചാർജ്ജ് നോട്ടീസിന്മേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി യഥാസമയം നടപടി സ്വീകരിച്ചതായി കാണുന്നില്ല. കരാറുകാരെ ഏല്പിച്ചു ചെയ്യാൻ പാടില്ലെങ്കിലും നേരിട്ടു നിർവ്വഹണം നടത്തിയാൽ ചെലവ് ചെയ്യാവുന്നതിലും അധികം തുക ചെലവഴിച്ചിട്ടില്ലെന്ന് ബോധ്യമായതിനാൽ സർച്ചാർജ് നടപടി ഒഴിവാക്കാവുന്ന താണെന്ന ഓഡിറ്റ് ഖണ്ഡികയിൽ ഇനം ഒന്നിൽ പരാമർശിച്ചിട്ടുള്ള വിഷയത്തി ന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നിർദ്ദേശവും, ഡി.ഡി.പി. അംഗീകരിച്ച കംപാരറ്റീവ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് ഇനം രണ്ടിൽ പരാമർശിച്ച പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുള്ളതെന്ന വിശദീകരണവും പരിഗണനാർഹമാണെന്ന് നിരീക്ഷിച്ച സമിതി ഇക്കാര്യം സർക്കാർ തലത്തിൽ സാധൂകരിക്കാവുന്നതാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നല്കുവാൻ തെളിവെടുപ്പ് വേളയിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ യാതൊരു റിപ്പോർട്ടും ലഭിച്ചി ട്ടില്ല. ആയതിനാൽ, ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനമെടുത്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അധികാരപരിധി മറികടന്ന് പദ്ധതി സഹായം (2000-2001 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 14, 15)**

ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ വരാത്ത സ്ഥാപനത്തിന് പദ്ധതി സഹായമായി ഫർണിച്ചർ വാങ്ങിയത് റേറ്റ് കോൺട്രാക്ടുള്ള സ്ഥാപനങ്ങളെ മറികടന്നു.

ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് ബഞ്ചും ഡസ്കും വാങ്ങുവാനാണ് ചട്ടവിരുദ്ധമായി പദ്ധതി വിഹിതം 88,160 രൂപ ചെലവഴിച്ചത്. ഫർണിച്ചർ കൈപ്പറ്റിയതിന് സ്കൂൾ അധികൃതർ നൽകിയ രസീത് സംശയാസ്പദമാണ്.

ഇതേപോലെ തയ്യൽ പരിശീലന കേന്ദ്രത്തിന് തയ്യൽ യന്ത്രങ്ങൾ വാങ്ങിയതിൽ റേറ്റ് കോൺട്രാക്ടുള്ള സ്ഥാപനങ്ങളെ മറികടന്നതിനാൽ 9,053 രൂപ നഷ്ടം കാണുന്നു. വാങ്ങിയ യന്ത്രങ്ങൾ കേന്ദ്രത്തിന് നൽകിയതായോ കേന്ദ്രം പ്രവർത്തിക്കുന്നതായോ രേഖയില്ലാത്തതിനാൽ പദ്ധതി ചെലവ് 20,035 രൂപ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.I.10.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് ബെഞ്ചും ഡെസ്കും നൽകിയത് സംബന്ധിച്ച പരാമർശം, ഹയർ സെക്കൻഡറി സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടി മറ്റു ധനസഹായ സാദ്ധ്യതകൾ ഇല്ലാതായപ്പോൾ ചെയ്തതാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

66. റേറ്റ് കോൺട്രാക്ട് നിലവിലുള്ള സ്ഥാപനങ്ങളെ മറികടന്ന് പുറത്തുനിന്ന് തയ്യൽ മെഷീൻ വാങ്ങിയതുമായി ബന്ധപ്പെട്ട പരാമർശം; പ്രസ്തുത തീരുമാനം പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായതിനാലും തയ്യൽ യൂണിറ്റ് ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനാലും യൂണിറ്റംഗങ്ങളിൽ നിന്ന് കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ച സാഹചര്യത്തിലും ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**67. ഗവൺമെന്റ് സ്കൂളിനു വേണ്ടി ഫർണിച്ചർ വാങ്ങി നൽകിയത് സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായി മറ്റു ധനസഹായ സാദ്ധ്യതകൾ ഇല്ലാത്ത സാഹചര്യത്തിലാണെന്നും തയ്യൽ മെഷീൻ വാങ്ങിയതിന് പഞ്ചായത്തിന്റെ അംഗീകാരവുമുണ്ടായിരുന്നുവെന്നും തയ്യൽ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുവെന്നും യൂണിറ്റംഗങ്ങളിൽ നിന്ന് കൈപ്പറ്റ് രസീത് ലഭിച്ചിട്ടുണ്ടെന്നും ബോദ്ധ്യപ്പെട്ടതിനാൽ ആയതിന് സാധൂകരണം നല്കി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**റോഡ് അറ്റകുറ്റപ്പണി; നിലവാരം പാലിച്ചില്ല**

(ഓഡിറ്റ് റിപ്പോർട്ട് 1998-99 ; ഖണ്ഡിക 75)

പഞ്ചായത്ത് നേരിട്ട് നടത്തിയ കോട്ടശ്ശേരി-കാരാട്ടാലുങ്കൽ റോഡ് അറ്റകുറ്റപ്പണിക്ക്, കേരളാ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരം ആവശ്യമായ അളവിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചില്ല. വിശദാംശം;

സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരം ആവശ്യമായത്

| *സിമന്റ്* | *കമ്പി* | *കരിങ്കല്ല്* |
|---|---|---|
| 373 ചാക്ക് | 1289.4 കി. | 475 എം$^3$ |
| പണിക്ക് ലഭ്യമാക്കിയത്: | | |
| 281 ചാക്ക് | 1019.50 കി. | 380 എം$^3$ |
| കുറവ്: | | |
| 92 ചാക്ക് | 269.90 കി. | 95 എം$^3$ |

പ്രവൃത്തിയുടെ ഗുണനിലവാരം സംശയിക്കുന്നതിനാൽ അന്വേഷണം നടത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.4.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

68. പ്രവൃത്തിയുടെ ഗുണനിലവാരം എൽ. എസ്. ജി. ഡി. എഞ്ചിനീയർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ സാഹചര്യത്തിലും പ്രസ്തുത പ്രവൃത്തിക്ക് തകരാർ ഇല്ലെന്ന് പഞ്ചായത്തിന് ബോദ്ധ്യപ്പെട്ട് റിപ്പോർട്ട് ചെയ്തതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**69. പ്രവൃത്തിയുടെ ഗുണനിലവാരം ഗ്രാമപഞ്ചായത്തിന്റെ അസി. എഞ്ചിനീയർ പരിശോധിച്ച് ഉറപ്പാക്കിയ സാഹചര്യത്തിലും പ്രസ്തുത പ്രവൃത്തിക്ക് തകരാർ ഇല്ലെന്ന് പഞ്ചായത്തിന് ബോദ്ധ്യപ്പെട്ടതായുള്ള റിപ്പോർട്ട് പരിഗണിച്ചും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് ചെലവുകളിൽ അപാകതകൾ**

**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക 65, 66)**

ജനകീയാസൂത്രണത്തിൽ നിർവ്വഹിച്ച ഏറിയാട് മണ്ണാത്തിച്ചോല റോഡ് ടാറിംഗിന് ആകെ മൂല്യത്തേക്കാൾ 35,108 രൂപ അധികം നൽകി. പണിയുടെ മൂല്യം 3,13,144 രൂപയും കൺവീനർക്ക് നൽകിയത് 3,48,252 രൂപയുമാണ്.

പൂർത്തീകരിച്ച മരാമത്ത് പണിയുടെ 3 മാസത്തിൽ കൂടുതൽ പഴക്കമുള്ള മസ്റ്റർറോൾ തയ്യാറാക്കി ഹാജരാക്കി 29,195 രൂപ പിൻവലിച്ചു. പഴയ പോസ്റ്റ് ഓഫീസ് പടി-നായർ വീട്ടിൽ പടി റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി പൂർത്തീകരിച്ച് 11-6-1999-ൽ അളവുകൾ രേഖപ്പെടുത്തിയിരുന്നു. ഈ വേലയ്ക്കാണ് 6 മാസത്തിനു ശേഷം 28-1-2000-ൽ തൊഴിലാളികൾക്ക് കൂലിയിനത്തിൽ പണം പിൻവലിച്ചത്. മൂന്ന് മാസത്തിൽ കൂടുതൽ പഴക്കമുള്ള മസ്റ്റർറോളിന് നിയമ സാധുതയില്ല. ഫണ്ടുള്ളതിനാൽ തൊഴിലാളികൾക്ക് കൂലി നൽകാൻ 6 മാസം വൈകേണ്ട ആവശ്യമില്ല. ആയതിനാൽ 29,195 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

രണ്ട് വേലകളിലും പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.4.2.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

70. ഏറിയാട്-മണ്ണാത്തിച്ചോല റോഡ് ടാറിംഗുമായി ബന്ധപ്പെട്ട 35,108 രൂപയുടെ ഓഡിറ്റ് ഒബ്ജക്ഷനുമായി ബന്ധപ്പെട്ട് ബെനിഫിഷ്യറി കമ്മിറ്റിയുടെ കോൺട്രിബ്യൂഷനായ 10,000 രൂപ ഒഴിവാക്കി ബാക്കി 25,108 രൂപ അന്നത്തെ വർക്ക് എക്സിക്യൂട്ടീവ് ചെയ്ത സെക്രട്ടറിയിൽനിന്ന് ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതായി പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ നിലവിലെ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. പരിചയ കുറവുമൂലമാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും തുക ദുരുപയോഗം ചെയ്തിട്ടില്ലെന്നും ചെലവാക്കിയ തുകകൾക്കെല്ലാം വൗച്ചർ സൂക്ഷിച്ചിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റ് തടസ്സത്തിൽനിന്നും ഒഴിവാക്കണമെന്നും പരാമർശവിധേയനായ മുൻ സെക്രട്ടറി (നിലവിലെ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്സ്) സമിതി മുൻപാകെ അപേക്ഷിച്ചു. മസ്റ്റർറോളിൽ മുഴുവൻ തുകയുടെയും വൗച്ചർ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

71. പൂർത്തീകരിച്ച മരാമത്ത് പണിയുടെ മൂന്ന് മാസത്തിൽ കൂടുതൽ പഴക്കമുള്ള മസ്റ്റർറോൾ ഹാജരാക്കി 29,195 രൂപ പിൻവലിച്ചു എന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി വിശദീകരണം ആവശ്യപ്പെട്ടു. വർക്കിന്റെ ലാസ്റ്റ് മെഷർമെന്റ് തീയതി 11-6-1999 ആയിരുന്നെങ്കിലും അവസാന പേമെന്റ് 28-1-2000-ലെ 187-ാം നമ്പർ വൗച്ചർ പ്രകാരമാണ് നൽകിയത്. അത്തരത്തിൽ ലാസ്റ്റ് മെഷർമെന്റും ലാസ്റ്റ് പേമെന്റും തമ്മിൽ 6 മാസത്തെ അന്തരമുണ്ടായതിനാൽ, മൂന്ന് മാസത്തിൽ കൂടുതൽ പഴക്കമുള്ള മസ്റ്റർറോൾ ഹാജരാക്കിയത് നിലനിൽക്കുന്നതല്ല എന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്ന് പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു. മെഷർമെന്റ് ബുക്ക് പ്രകാരം വാല്യുവേഷൻ 2,96,852 രൂപയാണെന്നും മസ്റ്റർറോൾ അടക്കം മൊത്തം കൊടുത്ത തുക 2,97,702 രൂപയാണെന്നും 850 രൂപയ്ക്കുള്ള വ്യത്യാസമാണ് വന്നിരിക്കുന്നതെന്നും സമിതിയുടെ ബന്ധപ്പെട്ട ചോദ്യത്തിന് മറുപടിയായി സെക്രട്ടറി വിശദീകരിച്ചു. വർക്ക് ശരിയായി നടന്നിട്ടുള്ളതിനാലും, മൂന്ന് ലക്ഷം രൂപയുടെ പ്രോജക്ടിൽ 850 രൂപയുടെ അധിക ചെലവ് സംഭവിക്കാവുന്നതാണെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**72. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് നിർവ്വഹിച്ച ഏറിയാട്-മണ്ണാത്തിച്ചോല റോഡ് ടാറിംഗ് പ്രവൃത്തിയായതിനാൽ ഗുണഭോക്തൃവിഹിതം ഈടാക്കാനാവില്ലെന്ന സർക്കാർ മറുപടി ന്യായമാണെന്നും പരിചയക്കുറവുമൂലമാണ് ആവശ്യമായതിലും അധികം സാധനങ്ങൾ വാങ്ങിയതെന്നും പ്രസ്തുത സാധനങ്ങൾ മറ്റ് പ്രവൃത്തികൾക്ക് ഉപയോഗിച്ചിട്ടുണ്ടെന്നും വൗച്ചറുകളെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി സംബന്ധിച്ച ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**73. പഴയ പോസ്റ്റ് ഓഫീസ് പടി-നായർ വീട്ടിൽ പടി റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി പൂർത്തീകരിച്ച് 11-6-1999-ൽ അളവ് രേഖപ്പെടുത്തിയെങ്കിലും പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ച തൊഴിലാളികൾക്കുള്ള കൂലിയിനത്തിൽ നല്കേണ്ട**

തുക പിൻവലിച്ചത് ആറ് മാസത്തിന് ശേഷമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതിനാലും മസ്റ്റർറോളിൽ അപാകതകളോ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ആക്ഷേപങ്ങളോ ഇല്ലാത്തതിനാലും മസ്റ്റർറോൾ തയ്യാറാക്കിയപ്പോഴുണ്ടായ കാലതാമസം മാപ്പാക്കി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് വേലകളിൽ അപാകതകൾ**

**(ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക 45; 46)**

1999-2000-ലെ കാക്കരത്തോട് വി. സി. ബി. നിർമ്മാണത്തിലും പുന്നക്കാട് കളിസ്ഥല നിർമ്മാണത്തിലും അപാകതകൾ;

കാക്കരത്തോട് വി. സി. ബി. നിർമ്മാണത്തിൽ 91,274 രൂപയുടെ നഷ്ടം കണക്കാക്കുന്നു.

വിശദാംശങ്ങൾ:

(1) പണിസ്ഥലത്ത് ലഭ്യമായ കരിങ്കല്ലിന്റെ വിലയിൽ 30% ടെണ്ടർ അധികം കുറച്ചില്ല—നഷ്ടം; 3,670 രൂപ.

(2) പണിസ്ഥലത്ത് ലഭ്യമായ മണ്ണിന്റെ വില കുറച്ചില്ല—നഷ്ടം; 9,639 രൂപ.

(3) എസ്റ്റിമേറ്റിൽ ആവശ്യമായതിലും അധികം മെറ്റീരിയൽസ് വാങ്ങി—നഷ്ടം; 77,965 രൂപ

(4) നേരിട്ട് നിർവ്വഹിച്ച പുന്നക്കാട് കളിസ്ഥല നിർമ്മാണത്തിന് ആവശ്യമായതിലും അധികം പണിക്കാരും സാധനങ്ങളും ലഭ്യമാക്കിയതായി കാണുന്നു.

| | *ആവശ്യമായത്* | *വാങ്ങിയത്* | *അധികം* |
|---|---|---|---|
| 40 എം.എം. മെറ്റൽ | 16.57 എം³ | 20 എം³ | 3.43 എം³ |
| 20 " | 15.7 " | 20 " | 4.30 " |
| മണൽ | 16.22 " | 20 " | 3.78 " |
| കൽപ്പണിക്കാർ | 244 | 380 | 136 |
| പുരുഷന്മാർ | 260 | 868 | 608 |
| കുട്ടികൾ | 63 | 995 | 932 |

അധികം ലഭ്യമാക്കിയ സാധനങ്ങളുടെ വിലയും പണിക്കാരുടെ കൂലിയും 1,24,924 രൂപ കണക്കാക്കുന്നു. തുക പഞ്ചായത്തിന് നഷ്ടമാണ്. മാത്രമല്ല 1:3:6 തോതിൽ 50% റീതം 40 എം.എം., 20 എം.എം. മെറ്റലിട്ട് കോൺക്രീറ്റ് (ഫോം വർക്ക് ഉൾപ്പെടെ) ജോലിക്ക് അർഹമായ 1274/എം3 നിരക്കിന് പകരം 1595/എം3 നിരക്കി ലാണ് മൂല്യനിർണ്ണയം നടത്തിയത്.

രണ്ട് പ്രവൃത്തികളുടെയും നഷ്ടം ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.5.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

74. കാക്കരത്തോട് വി. സി. ബി. നിർമ്മാണത്തിലെ അപാകതകൾ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പരാമർശവുമായി ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. രാമന് കാര്യങ്ങൾ ബോധിപ്പിക്കാൻ ഒരവസരം കൂടി നൽകി തീരുമാനം ലോക്കൽ ഫണ്ടിനും ബന്ധപ്പെട്ടവർക്കും അയച്ചുകൊടുക്കാനും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാനും കോടതി ഉത്തരവുണ്ടെന്ന് കരുവാറ്റക്കുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു. പ്രസ്തുത കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം പുനഃപരിശോധിക്കുകയും പണിസ്ഥലത്ത് നിന്ന് ലഭിച്ച 59.77 $M^3$ കരിങ്കല്ലിന്റെ വില കുറയ്ക്കുകയും തുടർന്ന് ആവശ്യമായിവന്ന ബാക്കി കരിങ്കല്ല് മാത്രമാണ് വിലകൊടുത്തു വാങ്ങിയതെന്നും ആയതിനു മാത്രമാണ് 30% എക്സസ് തുക കൊടുത്തതെന്നും പുനഃപരിശോധനയിൽ ബോദ്ധ്യമായതായും ഓഡിറ്റ് പരാമർശം കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഒഴിവാക്കാവുന്ന താണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയിൽ അറിയിച്ചു. പ്രസ്തുത പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

75. ലഭ്യമായ മണ്ണ് ഉപയോഗിക്കാതെ മണ്ണ് നേരിട്ട് വാങ്ങിയതുമൂലം സെക്രട്ടറി ശ്രീ. വിജയകുമാരൻ നായർ 9,639 രൂപയുടെ നഷ്ടമുണ്ടാക്കി എന്നത് സംബന്ധിച്ച പരാമർശത്തിൽ ശ്രീ. വിജയകുമാരൻ നായരിൽനിന്ന് വിശദീകരണം ആവശ്യപ്പെടാനും വിശദീകരണം തൃപ്തികരമല്ലെങ്കിൽ പണം തിരികെ ഈടാക്കുന്നതിന് ആർ. ആർ. നടപടി സ്വീകരിക്കുവാനും നിലവിലെ സെക്രട്ടറിയെ സമിതി ചുമതലപ്പെടുത്തി.

76. പുന്നക്കാട് കളിസ്ഥല നിർമ്മാണത്തിന് ആവശ്യമായതിലുമധികം തുക ചെലവഴിച്ചതുമൂലം 1,24,629 രൂപ നഷ്ടം വരുത്തി എന്ന പരാമർശത്തിൻമേൽ, ഓഡിറ്റ് റിപ്പോർട്ടിൽ ശ്രീ. രാമനാണ് നഷ്ടത്തിനുത്തരവാദി എന്നാണ് പറഞ്ഞിട്ടുള്ളതെന്നും, എന്നാൽ പരാമർശവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ശിവദാസന് സർച്ചാർജ്ജ് നോട്ടീസ് അയച്ചുവെന്ന് സെക്രട്ടറി തെറ്റായി മറുപടി നൽകിയതിനെ സമിതി വിമർശിച്ചു. എസ്റ്റിമേറ്റ് പ്രകാരം എഞ്ചിനീയർ പറഞ്ഞതനുസരിച്ച് മാത്രമേ സാധനങ്ങൾ വാങ്ങിയിട്ടുള്ളൂ എന്നും പാർട്ട് ബിൽ നൽകുന്നതുവരെ മാത്രമേ താൻ പഞ്ചായത്തിൽ ചാർജ്ജിലുണ്ടായിരുന്നുള്ളൂവെന്നും ആരോപണവിധേയനായ മുൻ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. മാത്രമല്ല ഒരു ആക്സിഡന്റ് ഉണ്ടായതിനാൽ സ്റ്റോക്ക് രജിസ്റ്റർ ഏൽപ്പിച്ച് ചാർജ് അസ്സ്യം ചെയ്ത് കൊടുത്ത് പരാമർശ കാലയളവിൽ ലീവിൽ പോകുകയുണ്ടായെന്നും സമിതി മുൻപാകെ അദ്ദേഹം ബോധിപ്പിച്ചു.

77. സ്റ്റോക്ക് രജിസ്റ്റർ വെരിഫൈ ചെയ്യാനും, പരാമർശവിധേയനായ സെക്രട്ടറി സുഖമില്ലാതെ പോയപ്പോൾ ചാർജ്ജ് അസ്യൂം ചെയ്തുകൊടുത്തു എന്ന വസ്തുതയും ഡി. ഡി. പി. പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

78. സർക്കാരിൽനിന്നും ഇതു സംബന്ധിച്ച് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കത്തിൽ ഇക്കാര്യത്തിൽ നാളിതുവരെ തുടർ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല എന്ന് പ്രസ്താവിച്ചിരിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

**79. 'പണിസ്ഥലത്ത് ലഭ്യമായ കരിങ്കല്ലിന്റെ വിലയിൽ 30% ടെണ്ടർ അധികം കുറച്ചില്ല—നഷ്ടം 3,670 രൂപ' എന്ന പരാമർശം പുനഃപരിശോധന നടത്തിയതിൽ നഷ്ടം ഉണ്ടായിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചത് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് ഖണ്ഡികയിലെ പ്രസ്തുത തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**80. പണിസ്ഥലത്ത് ലഭ്യമായ മണ്ണിന്റെ വില കുറയ്ക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട സെക്രട്ടറിയിൽനിന്നും വിശദീകരണം ആവശ്യപ്പെടുന്നതിനും ആയത് തൃപ്തികരമല്ലെങ്കിൽ അദ്ദേഹത്തിന്റെ പക്കൽനിന്നും നഷ്ടത്തുക ഈടാക്കി സമിതിക്ക് റിപ്പോർട്ടു സമർപ്പിക്കുവാൻ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയതിന്മേൽ യാതൊരു മറുപടിയും സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രസ്തുത നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടതിൻപ്രകാരമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കളിസ്ഥല നിർമ്മാണത്തിന് ആവശ്യമായതിലും അധികം സാധനസാമഗ്രികൾ വാങ്ങിയതുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് തുക ഈടാക്കി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## എടയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**അഗ്രോ സൊസൈറ്റി രൂപീകരണത്തിൽ ക്രമക്കേടുകൾ**

**(ഓഡിറ്റ് റിപ്പോർട്ട്; 2000-01 ഖണ്ഡിക 30)**

അഗ്രോ സൊസൈറ്റി രൂപീകരിച്ച് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് വകയിരുത്തിയ പദ്ധതി വിഹിതം 10,54,050 രൂപ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഒരു ബാങ്കിന്റെ ചീഫ് പ്രൊമോട്ടർക്ക് നൽകി. തദ്ദേശഭരണ വകുപ്പിന്റെ 175/98 തീയതി 20-8-98-ന് വിരുദ്ധമാണിത്. സർക്കാർ സ്ഥാപനങ്ങൾ ഒഴിവാക്കി യന്ത്രങ്ങൾ പൊതുവിപണിയിൽനിന്ന് നേരിട്ട് വാങ്ങിയതിൽ 34,587 രൂപയുടെ അധികച്ചെലവ് കണക്കാക്കുന്നു. യന്ത്രങ്ങൾ വാങ്ങിയശേഷം ബാക്കിയുള്ള 73,070 രൂപ തിരിച്ചടച്ചതായി കാണുന്നില്ല. ആകയാൽ 1,07,657 രൂപയും പലിശയും ഉത്തരവാദിയിൽനിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.7.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക, അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

81. ട്രാക്ടർ, റെയ്ഡ്കോയിൽനിന്നും വാങ്ങാതെ നേരിട്ടുവാങ്ങിയതുമായി ബന്ധപ്പെട്ട് വന്ന അധിക തുകയെ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശത്തിൽ, ട്രാക്ടർ വാങ്ങിയ സൊസൈറ്റി, തുക പലിശസഹിതം 2004-ൽ തിരികെ പഞ്ചായത്തിൽ അടച്ചിട്ടുണ്ടെന്ന് എടയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു. എടയൂർ ഗ്രാമപഞ്ചായത്ത് ജോയിന്റ് ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നതെന്നും ഗുണമേന്മയുടെ അടിസ്ഥാനത്തിൽ, റെയ്ഡ്കോയുടെ കൈവശമുണ്ടായിരുന്ന 35 HPയുള്ള സ്വരാജ് മോഡൽ ട്രാക്ടറിന് പകരം, 40 HPയുള്ള മഹീന്ദ്ര ട്രാക്ടർ പർച്ചേസ് ചെയ്യുകയാണുണ്ടായതെന്നും പ്രസ്തുത ട്രാക്ടറുകൾ ഇപ്പോഴും സജീവമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതായും എടയൂർ ഗ്രാമപഞ്ചായത്തിലെ മുൻ കൃഷി ഓഫീസർ സമിതിയിൽ വിശദീകരിച്ചു. കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഫാമിംഗ് സൊസൈറ്റി ആയതുകൊണ്ട് കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും ഓഡിറ്റിന് വിധേയമാക്കുകയും ചെയ്യുന്നുണ്ടെന്നും കൃഷി ഓഫീസർ കൂട്ടിച്ചേർത്തു.

82. ഗുണഭോക്തൃ കമ്മിറ്റി തീരുമാനമെടുക്കുകയും, ടി തീരുമാനം പഞ്ചായത്ത് അംഗീകരിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ട്രാക്ടർ വാങ്ങിയതെന്ന വസ്തുത പരിഗണിച്ചും ട്രാക്ടർ ഇന്നും നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്നത് കണക്കിലെടുത്തും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**83. പ്രോജക്ട് നടപ്പിലാക്കാൻ ലക്ഷ്യമിട്ട പ്രദേശത്തിന് യോജിച്ച 40 എച്ച്.പി. ശേഷിയുള്ള ട്രാക്ടർ സർക്കാർ സ്ഥാപനമായ റെയ്ഡ്കോയിൽ ലഭ്യമല്ലാത്തതിനാൽ ഗുണഭോക്തൃ കമ്മിറ്റി തീരുമാനപ്രകാരവും പഞ്ചായത്ത് അംഗീകാരത്തോടെയുമാണ് പൊതുവിപണിയിൽനിന്ന് ട്രാക്ടർ വാങ്ങിയതെന്നും പ്രസ്തുത ട്രാക്ടർ ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിക്കുന്നുവെന്നുമുള്ള വിശദീകരണം തൃപ്തികരമാണെന്ന് സമിതി വിലയിരുത്തുന്നു. യന്ത്രങ്ങൾ വാങ്ങിയതിനു ശേഷം ബാക്കിവന്ന തുക പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതികൾ ലക്ഷ്യം നേടിയില്ല—4.3 ലക്ഷം പാഴ്ചെലവ്**

**2001-02 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7)**

ഗ്രാമപഞ്ചായത്ത് 2001-02-ൽ തീർപ്പാക്കിയ 4,27,884 രൂപയുടെ പദ്ധതികൾ ലക്ഷ്യം നേടിയില്ല.

വിശദാംശങ്ങൾ:

(1) അഗ്രോ സർവീസ് സെന്റർ: പദ്ധതി വിഹിതം 3,19,799 രൂപ ചെലവ് കാണുന്നു. എന്നാൽ ജോയിന്റ് ഫാമിംഗ് സഹകരണ സംഘത്തിന് കീഴിൽ രൂപീകരിക്കേണ്ട അഗ്രോ യൂണിറ്റിന് പദ്ധതി ആനുകൂല്യം ലഭിച്ചില്ലെന്ന് സംഘം പ്രസിഡന്റിന്റെ വിശദീകരണം, ക്രമക്കേട് നടന്നതിന്റെ സൂചനയാണ്.

(2) വനിത ഡി.ടി.പി. ട്രെയിനിംഗ് സെന്റർ കെട്ടിടനിർമ്മാണം:

അവസാന ബില്ല് 59,180 രൂപ നൽകിയതായി കാണുന്നു. എന്നാൽ സെന്റർ പ്രവർത്തനം തുടങ്ങിയതിന് തെളിവില്ല.

(3) റെക്സിൻ ബാഗ്, ലെതർ ചെരുപ്പ് നിർമ്മാണകേന്ദ്രം (പട്ടികജാതി വനിത) കെട്ടിടനിർമ്മാണം:

48,905 രൂപ ചെലവഴിച്ച് കെട്ടിടം പൂർത്തിയാക്കിയതായി പറയുന്നുണ്ടെങ്കിലും വികസന റിപ്പോർട്ടിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, കേന്ദ്രം പ്രവർത്തിക്കുന്നതിനും തെളിവില്ല.

പദ്ധതി നിർവ്വഹണം പുനരന്വേഷിച്ച് നഷ്ടം ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.I.17.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

84. ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള 3,19,799 രൂപയുടെ വർക്ക് പൂർണ്ണമായി ചെയ്തിട്ടുണ്ടെന്നും, ആയത് പഞ്ചായത്തിലെ അസറ്റായി സൂക്ഷിക്കുന്നുണ്ടെന്നും എടയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു. കൃഷിഭവനാണ് പഞ്ചായത്തിന് വേണ്ടി കെട്ടിട നിർമ്മാണം, പാടം മണ്ണിട്ട് നികത്തൽ, തോടിന്റെ സൈഡ് കെട്ടിയുയർത്തി മണ്ണിട്ട് നികത്തൽ എന്നിവ നടത്തിയിട്ടുള്ളതെന്ന് സെക്രട്ടറി അറിയിച്ചു. ഡി.പി.സി.യുടെ അനുമതി തേടാതെ മേഖലയിൽ മാറ്റം വരുത്തിയതിന് പിന്നീട് ഡി.പി.സി.യുടെ അംഗീകാരം തേടേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. കെട്ടിടം അഗ്രോ സർവ്വീസ് സെന്ററിന് കൈമാറിയിട്ടില്ല എന്നതാണ് ഓഡിറ്റിൽ വിഷയമെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

85. അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രയോജനം ലഭ്യമാക്കിയിട്ടില്ല എന്നത് ഒഴിവാക്കിയാൽ ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന വർക്കിൽ ഫണ്ടിന്റെ ദുർവിനിയോഗം നടന്നിട്ടില്ലായെന്നതിനാലും, സ്ഥലം പഞ്ചായത്തിന്റെ അസറ്റായി ഉപയോഗിക്കുന്നു എന്നത് കണക്കിലെടുത്തും ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

**വനിതാ ഡി.ടി.പി. ട്രെയിനിംഗ് സെന്റർ കെട്ടിടനിർമ്മാണം**

86. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് വനിതാ സെക്ടറിൽ തുടങ്ങിയ 65,000 രൂപ എസ്റ്റിമേറ്റുള്ള പ്രോജക്ടായിരുന്നുവെന്നും 59,180 രൂപ ചെലവഴിച്ചതായി കാണുന്നുണ്ടെന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു.

എന്നാൽ പ്രോജക്ടിന്റെ ശരിയായ ഉദ്ദേശ്യം നടന്നിട്ടില്ലെന്നും വനിതാ ഡി.ടി.പി. സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതിയിൽ കമ്പ്യൂട്ടറും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഇല്ലാതിരുന്നതിനാൽ ഡി.ടി.പി. സെന്റർ ആരംഭിച്ചിട്ടില്ലെന്നും ഈ സമയം മൃഗാശുപത്രിക്ക് സ്ഥലം വേണമെന്ന് ആവശ്യമുയർന്നതിനെ തുടർന്ന് ടി കെട്ടിടത്തിൽ ഇപ്പോൾ മൃഗാശുപത്രി പ്രവർത്തിക്കുന്നതിന് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. മാത്രമല്ല പ്രസ്തുത മാറ്റം സാധൂകരിക്കുന്നതിനായി ഡി.പി.സി.യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു. തുടർന്ന് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**റെക്സിൻ ബാഗ്, ലെതർ ചെരുപ്പ് നിർമ്മാണകേന്ദ്രം (പട്ടികജാതി വനിത) കെട്ടിടനിർമ്മാണം**

87. പട്ടികജാതി വനിതാ കെട്ടിടനിർമ്മാണത്തിനായുള്ള 48,905 രൂപയുടെ പ്രോജക്ട് പൊതുവിഭാഗത്തിലേക്ക് മാറ്റി മൃഗാശുപത്രിക്കായി ഉപയോഗിച്ചു എന്ന ഓഡിറ്റ് പരാമർശത്തിൽ എസ്.സി. ഫണ്ട് വകമാറ്റി ചെലവഴിച്ചതിനാൽ പരിഹാരത്തുക വകയിരുത്തി പദ്ധതി പൂർത്തിയാക്കണമെന്ന് എടയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

88. സമിതി നിർദ്ദേശത്തിന്മേൽ യാതൊരു മറുപടിയും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

89. "2011-2012 സാമ്പത്തികവർഷത്തെ കരട് പദ്ധതിരേഖയിൽ എസ്.സി.പി. പദ്ധതിയിലേക്കായി പരിഹാരത്തുകയായി 48,905 രൂപ വകകൊള്ളിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയിൽനിന്ന് അംഗീകാരം കിട്ടുന്ന മുറയ്ക്ക് ആയത് ചെലവ് ചെയ്ത വിവരം അറിയിക്കുന്നതാണെന്ന് ഈ ഓഫീസിനെ അറിയിച്ചിട്ടുണ്ട്".

**നിഗമനങ്ങൾ/ശിപാർശകൾ**

**90. അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനത്തിന് പശ്ചാത്തല സൗകര്യമൊരുക്കുവാനുള്ള പദ്ധതി ഡി.പി.സി.യുടെ അനുമതി തേടാതെ മാറ്റങ്ങൾ വരുത്തിയതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുണ്ടായിരുന്നുവെങ്കിൽ ആയതിന് ഡി. പി. സി.യുടെ അനുമതി തേടേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. പദ്ധതി ആദ്യം വിഭാവനം ചെയ്തതുപോലെ അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രയോജനം ലഭ്യമാക്കിയിട്ടില്ല എങ്കിലും പദ്ധതി ഫണ്ട് ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടില്ല എന്നതും ഭേദഗതി ചെയ്ത പദ്ധതി പ്രകാരം കൃഷിഭവനുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതും സ്ഥലം പഞ്ചായത്തിന്റെ ആസ്തിയായി തന്നെ നിലനിൽക്കുന്നു എന്നതും പരിഗണിച്ച് ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**91. വനിതാ ഡി.ടി.പി. സെന്റർ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതിക്ക് കെട്ടിടനിർമ്മാണം പൂർത്തിയായെങ്കിലും പദ്ധതി പ്രാവർത്തികമാക്കുന്നതിനാവശ്യമായ കമ്പ്യൂട്ടറും മറ്റു പശ്ചാത്തല സൗകര്യങ്ങളും ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ലക്ഷ്യമിട്ട പദ്ധതി പ്രവൃത്തിപഥത്തിലെ**

അഭികാമ്യമല്ല എന്നത് ഉചിതമായില്ല. കെട്ടിടനിർമ്മാണം പൂർത്തിയായി നാലുവർഷത്തിനുശേഷം അനുവദിച്ച മൃഗാശുപത്രിക്ക് കെട്ടിടം അനുവദിക്കേണ്ടി വന്നതിനാലാണ് വനിതാ ഡി.ടി.പി. സെന്റർ പ്രവർത്തനമാരംഭിക്കാൻ കഴിയാതെ പോയതെന്ന ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള മറുപടി തൃപ്തികരമല്ല. വനിതാ ഡി.ടി.പി. സെന്റർ പദ്ധതിയ്ക്കായി അനുവദിച്ച തുക വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടം മൃഗാശുപത്രിയുടെ പ്രവർത്തനത്തിനായി മേഖലാമാറ്റം വരുത്തി അനുവദിക്കുന്നതിന് ഡി.പി.സി.യുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതിരുന്ന പഞ്ചായത്ത് പ്രസ്തുത നടപടിയുടെ സാധൂകരണത്തിന് 2010 സെപ്റ്റംബറിലാണ് ഡി.പി.സി.ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് സമിതി നിരീക്ഷിക്കുന്നു. മേഖലാമാറ്റത്തിന് ഡി.പി.സി.യുടെ മുൻകൂർ അനുമതി തേടേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഏതായാലും പദ്ധതി ഫണ്ട് ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടില്ലെന്നുള്ളതും കെട്ടിടം മൃഗാശുപത്രിയാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്നതും പരിഗണിച്ച് ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കരുതെന്ന താക്കീതോടെ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

92. പട്ടികജാതി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള റെക്സിൻ ബാഗ്, ലെതർ ചെരുപ്പ് നിർമ്മാണകേന്ദ്രം സ്ഥാപിക്കുന്നതിനു കൂടി നിർമ്മിച്ച കെട്ടിടമാണ് മൃഗാശുപത്രിക്ക് നല്കിയത്. പട്ടികജാതി വിഭാഗത്തിനായി നീക്കിവച്ച ഫണ്ട് പൊതു വിഭാഗത്തിലേക്ക് വകമാറ്റി ചെലവഴിച്ചത് ഗൗരവമുള്ള വിഷയമായി സമിതി വിലയിരുത്തുകയും ആയതിന് പരിഹാരത്തുക വകയിരുത്തി പദ്ധതി പൂർത്തിയാക്കി റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് തെളിവെടുപ്പ് വേളയിൽ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിലും 2011-12 സാമ്പത്തികവർഷത്തെ പദ്ധതിരേഖയിൽ ഇതിലേക്കായി 48,905 രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നും ഡി.പി.സി.യുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ സ്വീകരിച്ച മേൽ നടപടികൾ സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

## (1998-1999-2000)

ഓഡിറ്റ് ഖണ്ഡിക

**കെട്ടിടവാടക കുറവായി ഈടാക്കി—നഷ്ടം 14,590 രൂപ**

യഥാർത്ഥത്തിൽ നൽകിക്കൊണ്ടിരിക്കുന്നതിലും (വൗച്ചർ പ്രകാരം) വളരെ കുറച്ചു മാത്രം വാടക കണക്കാക്കി കെട്ടിട നികുതി ഈടാക്കിയ വകയിൽ 1997-1998 മുതൽ 2001-2002 വരെയുള്ള കാലയളവിൽ പഞ്ചായത്തിന് മൊത്തം 14,590 രൂപയുടെ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. (കെട്ടിട നികുതി-13,953 രൂപ, ഗ്രന്ഥശാലാവരി-737രൂപ). പഞ്ചായത്ത് അധികാരികളുടെ കൃത്യനിർവ്വഹണത്തിലെ ശ്രദ്ധക്കുറവും അലംഭാവവുമാണ് തനത് വരുമാനത്തിലെ ചോർച്ചയ്ക്കു കാരണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.4 (i).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

93. കെട്ടിട വാടക നികുതിയിനത്തിൽ 3 രസീതുകൾ പ്രകാരം കുറവുവന്ന 14,590 രൂപ അടവാക്കിയിട്ടുണ്ടെന്നും, 2009-10 വരെയുള്ളത് പി. ഡബ്ല്യൂ. ഡി. റേറ്റ് അനുസരിച്ച് അടച്ചിട്ടുണ്ടെന്നും പഞ്ചായത്ത് വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**94. സമിതിയുടെ 8-9-2010-ൽ ചേർന്ന യോഗത്തിൽ ഓഡിറ്റ് ഖണ്ഡിക പരിഗണിക്കവേ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ കെട്ടിട നികുതിയിനത്തിലുണ്ടായ വ്യാപമാന ചോർച്ച തടയുന്നതിൽ പഞ്ചായത്ത് ഭരണസമിതിയുടെയും സെക്രട്ടറിയുൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും അലംഭാവമുണ്ടായതായും എത്രയുംവേഗം നഷ്ടത്തുക ഈടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നല്കുകയുണ്ടായി. സമിതി നിർദ്ദേശപ്രകാരം, കെട്ടിടവാടക നികുതി ഈടാക്കിയതിൽ കുറവ് വന്നതായി ഓഡിറ്റ് പരാമർശത്തിൽ ഉന്നയിച്ചിട്ടുള്ള 14,590 രൂപ തിരിച്ചടച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കിയത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കൊണ്ടോട്ടി ടൗണും സമീപപ്രദേശങ്ങളും ശുചീകരണം—അധികകൂലി നൽകിയത്— അംഗീകരിക്കുന്നില്ല**

ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പ്രകാരം ടി ശുചീകരണ പ്രവർത്തനത്തിനായി പ്രതിമാസം 13,000 രൂപയിൽ കവിയാത്ത തുക ചെലവ് ചെയ്യാൻ പഞ്ചായത്ത് ഡയറക്ടറുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും അനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ദിവസക്കൂലി ഇനത്തിൽ ക്ലാസ്സ് 4 ജീവനക്കാരെ ഉപയോഗിച്ച് നടത്തിയ പ്രവൃത്തിയിൽ സർക്കാർ ഉത്തരവിൽ അനുവദിച്ചിട്ടുള്ളതിൽ അധികം കൂലി നൽകിയ ഇനത്തിൽ (അനുവദിക്കാവുന്നത് 56; അനുവദിച്ചത് 100, 60) മൊത്തം 32,168 രൂപ ക്രമരഹിതമായി ചെലവഴിച്ചിട്ടുണ്ട്. ടി തുക ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.4 (ii).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

95. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തു.

### നിഗമനങ്ങൾ/ശിപാർശകൾ

**96. 1996-97-ൽ സർക്കാർ നിരക്കു പ്രകാരമുള്ള 56 രൂപയ്ക്ക് ജോലിചെയ്യാൻ തൊഴിലാളികളെ കിട്ടാത്തതിനാൽ 100 രൂപ നിരക്കിൽ കൂലി നൽകാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൂലി നൽകിയതെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കറന്റ് ചാർജ്ജ്—പലിശ നൽകിയത് അനുവദിക്കുന്നില്ല**

474/30-1-1999-ാം നമ്പർ വൗച്ചർ പ്രകാരം 8,663 രൂപ സർച്ചാർജ്ജ് ഉൾപ്പെടെ 18,646 രൂപ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ അടച്ചിട്ടുണ്ട്. ടി തുക പഞ്ചായത്ത് തന്നെ അടയ്ക്കുന്നതിനും അതിൽ സർച്ചാർജായി വന്ന 8,663 രൂപ നിലവിൽ വൈദ്യുതി ഉപയോഗിച്ചു വരുന്നവരിൽനിന്നും (പഞ്ചായത്ത് വക ഇറച്ചി സ്റ്റാൾ ലേലക്കാരൻ) ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. എന്നാൽ പഞ്ചായത്ത് തീരുമാനം നടപ്പാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 8,663 രൂപയുടെ നഷ്ടം സംഭവിച്ചു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.4 (iii).]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

97. കൊണ്ടോട്ടി എയ്റോഡ്രോമിന്റെ പരിസര മലിനീകരണംമൂലം എയർപോർട്ട് അതോറിറ്റിയും കളക്ടറുമിടപെട്ട് അറവുശാലയുടെ പ്രവർത്തനം നിറുത്തൽ ചെയ്തതിനാൽ പിഴയായ 8,663 രൂപ വാടകക്കാർ അടയ്ക്കേണ്ടത് പഞ്ചായത്ത് ഇടപെട്ട് അടച്ചു എന്ന ADP യുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**98. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക 8-9-2010-ൽ സമിതിയുടെ പരിഗണനയ്ക്കെടുത്തെങ്കിലും യോഗത്തിന് ഹാജരായ ഉദ്യോഗസ്ഥർക്കൊന്നും പരാമർശ വിഷയം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് മറുപടി നല്കുവാൻ സാധിക്കാതിരുന്നതിനാൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ആയതിന്റെ പരിശോധന മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. തുടർന്ന് 23-9-2010-ൽ സമിതി ടി ഓഡിറ്റ് ഖണ്ഡിക പരിഗണിക്കുകയുണ്ടായി. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശവിധേയമായ അറവുശാല കൊണ്ടോട്ടി എയ്റോഡ്രോമിന്റെ പരിസരത്ത് ആയിരുന്നു സ്ഥിതി ചെയ്തിരുന്നതെന്നും അവിടത്തെ മാലിന്യങ്ങൾ എയ്റോഡ്രോം പരിസരത്തെ മലീമസമാക്കിയതിനാൽ എയർപോർട്ട് അതോറിറ്റിയും ജില്ലാ കളക്ടറും ഇടപെട്ട് അറവുശാലയുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടിവന്നതിനെ തുടർന്ന് വാടകക്കാരൻ കറണ്ട് ചാർജ്ജടയ്ക്കാൻ വിസമ്മതിച്ചതിനാലാണ് കറന്റ് ചാർജ്ജ് പിഴസഹിതം അടയ്ക്കാൻ പഞ്ചായത്ത്**

**നിർബന്ധിതമായതെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ വിശദീകരിച്ചു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നീറാട് കുളം റിപ്പയർ—ചെലവ് നിരാകരിക്കുന്നു**

1997-1998 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രോജക്റ്റായി പ്രസ്തുത പ്രവൃത്തിക്ക് 40,284 രൂപ ചെലവഴിച്ചെങ്കിലും ഓഡിറ്റ് തീയതിവരെ പണി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പണി പൂർത്തീകരിക്കാത്തതിനാലും ഗുണഭോക്തൃ സമിതിക്കുവേണ്ടി കൺവീനറും ചെയർമാനും സെക്രട്ടറിയുമായി ഒപ്പുവച്ച കരാർ ഉടമ്പടി ലംഘിച്ചതിനാലും വരവുചെലവു കണക്കുകൾ, മിനിട്സ് എന്നിവ ഹാജരാക്കാത്തതിനാലും പ്ലാൻ ഫണ്ടിനുണ്ടായ നഷ്ടം 36,256 രൂപയും തനത് ഫണ്ടിനുണ്ടായ നഷ്ടം 4,028 രൂപയും (മൊത്തം 40,284) ഈടാക്കി അതത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.4 (iv).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

99. ഓഡിറ്റ് പരാമർശം സംബന്ധിച്ച് രേഖകൾ ഓഡിറ്റ് വകുപ്പ് പുനഃപരിശോധിക്കുകയും പത്ത് ശതമാനം റീട്ടെൻഷൻ എമൗണ്ട് ഉണ്ടായിരുന്നത് ആരോപണ വിധേയനായ സെക്രട്ടറി പിന്നീട് നൽകിയെന്നും പരിശോധനയുടെ അടിസ്ഥാനത്തിൽ ഫയൽ ക്ലോസ് ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായെന്നും ADP സമിതിയിൽ വിശദീകരിച്ചു. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**100. നീറാട് കുളം റിപ്പയർ പ്രവൃത്തിക്ക് 40,284 രൂപ ചെലവ് ചെയ്തതിന്റെ ഗുണഭോക്തൃസമിതി മിനിട്സ് ഒഴികെ എല്ലാ രേഖകളുമുണ്ടെന്നു പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും പ്രസ്തുത രേഖകൾ പരിശോധിച്ചിരുന്നുവെന്നും പത്തു ശതമാനം റീട്ടെൻഷൻ എമൗണ്ട് ഉണ്ടായിരുന്നതാണ് പഞ്ചായത്ത് സെക്രട്ടറി നൽകിയതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറും നല്കിയ വിശദീകരണം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരളോൽസവം—അധിക ചെലവ് അംഗീകരിക്കുന്നില്ല**

1998-ലെ കേരളോൽസവ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് മൊത്തം 16,151 രൂപ ചെലവഴിച്ചു. 11-8-1998-ലെ സർക്കാർ ഉത്തരവ് നമ്പർ 2553/98/തഭവ. പ്രകാരം പഞ്ചായത്ത് തനത് ഫണ്ടിൽനിന്നും യഥേഷ്ടം ചെലവഴിക്കാവുന്ന തുക ടി ഇനത്തിൽ ഗ്രാന്റ് ഉൾപ്പെടെ മൊത്തം 11,000 (6,000+4,000+1,000) രൂപ ആണെന്നിരിക്കെയാണ് 16,151 രൂപ ചെലവ് ചെയ്തിരിക്കുന്നത്. ക്രമരഹിതമായ അധികം ചെലവഴിച്ച 5,151 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.4(v).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

101. കേരളോത്സവവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് 11,000 രൂപയ്ക്ക് ഗവൺമെന്റ് അനുമതിയുള്ളിടത്ത് 16,000 രൂപ ചെലവഴിച്ചതിന്മേൽ, അധികം ചെലവ് ചെയ്തതിന് പഞ്ചായത്ത് ബോർഡിന്റെ സാധൂകരണം വാങ്ങി സമിതിയിൽ റിപ്പോർട്ട് ചെയ്യാൻ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാം എന്ന് സമിതി അഭിപ്രായപ്പെട്ടു.

102. സമിതി നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽനിന്ന് ലഭിച്ച മറുപടി "കേരളോത്സവത്തിൽ വന്ന അധിക ചെലവ് കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിന്റെ 6-11-2010-ലെ 5(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്". ഇതുസംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

103. "6-11-2010-ലെ 5(1) നമ്പർ തീരുമാനപ്രകാരം ചെലവിന് പഞ്ചായത്ത് കമ്മിറ്റി സാധൂകരണം നൽകിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു".

**നിഗമനങ്ങൾ/ശിപാർശകൾ**

104. **കേരളോത്സവവുമായി ബന്ധപ്പെട്ട് അധികം ചെലവ് ചെയ്ത തുകയ്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതി സാധൂകരണം നൽകിയത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി നിർവ്വഹണ ചെലവ്—തനതു ഫണ്ടിൽനിന്നും ക്രമരഹിതം**

ജനകീയാസൂത്രണ പദ്ധതി നിർവ്വഹണ ചെലവിനായി തനതു ഫണ്ടിൽനിന്നും വൻ തുക ക്രമരഹിതമായി ചെലവു ചെയ്തിരിക്കുന്നു. 76,194 രൂപയാണ് മൊത്തം നിർവ്വഹണ ചെലവ്. 1998-99 വർഷം പദ്ധതി വിഹിതമായി ഗ്രാമപഞ്ചായത്തിനു ലഭിച്ച മൊത്തം 41,51,000 രൂപയിൽ 41,510 രൂപ മാത്രമേ പ്രസ്തുത ഇനത്തിൽ ചെലവഴിക്കാൻ സർക്കാർ അനുമതിയുള്ളൂ. തനതു ഫണ്ടിൽനിന്നും പ്രസ്തുത ചെലവ് ചെയ്യാൻ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളൊന്നും തന്നെ നൽകിയിരുന്നില്ല. സർക്കാർ അനുമതിയില്ലാതെ തനതു ഫണ്ടിൽനിന്നും ചെലവഴിച്ച 34,684.75 (76,194.75-41,501) രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. 1999-2000 വർഷത്തിലും 30,016 രൂപ ഈയിനത്തിൽ അധികം ചെലവഴിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.4(vi).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

105. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 1998-99-ൽ അധികമായി ചെലവഴിച്ച 34,684 രൂപ 75 പൈസയ്ക്ക് അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് ADF സമിതിയിൽ അറിയിച്ചു. സാധൂകരണം വാങ്ങി നടപടി പിൻവലിക്കാൻ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

106. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് സർക്കാർ സാധൂകരണം ലഭ്യമായിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**107. പദ്ധതി നിർവ്വഹണത്തിനായി തനതു ഫണ്ടിൽനിന്നും ക്രമരഹിതമായി അധിക തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിൽനിന്ന് യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ല. മാത്രമല്ല പ്രസ്തുത ചെലവിന് സർക്കാരിൽനിന്നും സാധൂകരണം ലഭ്യമായിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ അനുമതിയില്ലാതെ ചെലവഴിച്ച തുകയ്ക്ക് സർക്കാരിൽനിന്നും സാധൂകരണം വാങ്ങുകയോ അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് തുക ഈടാക്കുവാൻ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുകയോ ചെയ്ത് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**D.P.C. അംഗീകാരമില്ലാത്ത പ്രോജക്ടുകൾ—ചെലവ് അംഗീകരിക്കുന്നില്ല**

1998-99 വർഷത്തെ ഭവന അറ്റകുറ്റപ്പണി, വീട് വയറിംഗ് (ജനറൽ, എസ്.സി.) മാതാംകുണ്ട് ആറ്, ആണ്ടതോട് മണ്ണ്-ജലസംരക്ഷണം എന്നീ പദ്ധതികൾ D.P.C.-യുടെ അനുമതി ലഭിച്ച ശേഷമേ നടപ്പിലാക്കാൻ പാടുള്ളൂ എന്ന D.P.C.-യുടെ നിർദ്ദേശം (ഡി. പി. ടി.-966/95/15/12/1998 നമ്പർ ഉത്തരവ്) പാലിക്കാതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രസ്തുത പ്രോജക്റ്റുകളുടെ നിർവ്വഹണത്തിനായി മൊത്തം 43,660 രൂപ ചെലവ് ചെയ്തു. ക്രമരഹിതമായി ചെലവ് ചെയ്ത പ്രസ്തുത തുക ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറ്കടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VIII.10.4(vii).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

108. പരാമർശവുമായി ബന്ധപ്പെട്ട് 43,660 രൂപ ചെലവഴിച്ചതിന്മേൽ ഡി. പി. സി. അംഗീകാരം വാങ്ങണമെന്നും നിലവിലുള്ള ആർ. ആർ. നടപടി തുടരുന്നതിനും സമിതി നിർദ്ദേശം നൽകി.

സമിതി ആവശ്യപ്പെട്ടതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 30-5-2013-ലെ 71662/എബി2/10/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

109. "പ്രസ്തുത കാലയളവിൽ സെക്രട്ടറിയായിരുന്നയാളിൽനിന്ന് തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരുന്നു എന്നും എന്നാൽ ബഹു. കേരള ഹൈക്കോടതി 10-5-2011-ലെ WP(C) 13232/2011(E) ഉത്തരവിലൂടെ തുടർനടപടികൾ ഒരു മാസത്തേക്ക് നിർത്തിവയ്ക്കുന്നതിന് ഉത്തരവായെന്നും സ്റ്റേ നീക്കം ചെയ്യുന്നതിന് ഹൈക്കോടതിയിൽ പഞ്ചായത്തിന്റെ അഡ്വക്കേറ്റ് മുഖാന്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി 8-3-2013-ലെ എ2-448/07 നമ്പർ കത്ത് മുഖേന അറിയിച്ചിരുന്നു. WP(C) 13232/2011(E)-യുടെ സ്റ്റേ എത്രയും വേഗം വെക്കേറ്റ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത കേസ്സിലെ 1-ഉം 2-ഉം എതിർ കക്ഷികൾ എതിർ സത്യവാങ്മൂലം അടിയന്തരമായി ചെയ്യേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതാണെന്നും 24-4-2013-ലെ 71662/AB2/10/ത.സ്വ.ഭ.വ. നമ്പർ കത്തു മുഖേന കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്".

**നിഗമനങ്ങൾ/ശിപാർശകൾ**

**110. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാതെ കേവലം പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം മാത്രം പദ്ധതിക്കായി പണം ചെലവഴിച്ചത് ഉചിതമായില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പദ്ധതി നിർവ്വഹണത്തിനായി തുക ചെലവഴിച്ചതിന് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതിയുടെ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സർക്കാർ മറുപടിയിൽ യാതൊന്നും പരാമർശിച്ചിട്ടില്ല. എന്നാൽ, ചെലവഴിച്ച തുക ഈടാക്കുവാൻ അന്നത്തെ സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച റവന്യൂ റിക്കവറി നടപടിക്ക് ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നീക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി സർക്കാർ മറുപടിയിൽനിന്നും വ്യക്തമാകുന്നു. പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതിയെന്തെന്നും തുക ചെലവഴിച്ചതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുന്നതിന് സ്വീകരിച്ച നടപടിയെന്തെന്നുമുള്ള വിവരം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാലി ബാരൽ വില ഈടാക്കിയില്ല—നഷ്ടം 9,350 രൂപ**

ഓഡിറ്റ് വർഷം പൂർത്തിയാക്കിയ രണ്ട് മരാമത്ത് വേലകൾക്കായി ആകെ 85 ബാരൽ ടാർ കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ കാലി ബാരലിന്റെ വിലയും (85 X 100) വിൽപ്പന നികുതിയും (10%) കൺവീനർമാരിൽനിന്ന് ഈടാക്കാഞ്ഞതിനാൽ പഞ്ചായത്തിന് 8,500 രൂപയുടേയും സർക്കാരിന് 850 രൂപയുടേയും നഷ്ടം വന്നിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VIII.10.4(viii).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

111. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ടാറിന്റെ വിലയിൽ ബാരലിന്റെ വിലയും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുതയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**112. സാധനങ്ങൾ വിതരണം ചെയ്യുന്ന പി. ഡബ്ല്യു. ഡി. നിരക്ക് സാധനങ്ങളുടെ കമ്പോള നിരക്കിനേക്കാൾ കുറവാണെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഫീസറുടേയും ടാറിന്റെ വിലയിൽ ബാരലിന്റെ വിലയും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടേയും വിശദീകരണം തൃപ്തികരമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ടാർ വാങ്ങിയത്—സ്റ്റോക്കിൽ വിശദാംശങ്ങൾ ഇല്ല**

1997–1998, 1998–1999 വർഷങ്ങളിൽ വിവിധ മരാമത്ത് പണികൾക്കായി മൊത്തം 206 ബാരൽ ടാർ വാങ്ങിയിട്ടുണ്ട്. ഇതിൽ 85 ബാരൽ ടാർ മാത്രമേ വിതരണം ചെയ്തതായി രേഖയുള്ളൂ. വാങ്ങിയ ടാർ സ്റ്റോക്കിൽ എടുത്ത് സാക്ഷ്യപ്പെടുത്തുകയോ വിതരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുകയോ കൈപ്പറ്റു രസീത് വാങ്ങുകയോ ഒന്നും തന്നെ ചെയ്തിട്ടില്ല. ലക്ഷങ്ങൾ വില വരുന്ന 121 ബാരൽ ടാർ യാതൊരു ഗൗരവവുമില്ലാതെ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ നടപടി ശിക്ഷാർഹമാണ്. പൊതു പണത്തിന് മൂല്യം കല്പിക്കാതെയുള്ള ഇത്തരം പ്രവൃത്തികളാൽ സംഭവിക്കാവുന്ന നഷ്ടങ്ങൾ വളരെ വലുതാണ്. വ്യക്തമായ വിശദാംശങ്ങളുടെ അഭാവത്തിൽ 121 ബാരൽ ടാറിന്റെ വില 1,66,109 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VIII.10.4(ix).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

113. ടാർ വാങ്ങിയത് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും 17 ബാരൽ ടാർ വർക്കിനായി കൺവീനർക്ക് നൽകിയതിൽ 11 ബാരൽ ടാർ കൺവീനറുടെ പക്കൽ നിന്നും കളവ് പോയതുമായി ബന്ധപ്പെട്ട് പോലീസ് കേസ് നിലനിൽക്കുന്നുണ്ടെന്നും ADP സമിതിയിൽ അറിയിച്ചു. കൺവീനറുടെ പേരിൽ ആർ. ആർ. നടപടി സ്വീകരിക്കുകയോ, ടാറിന്റെ വില അദ്ദേഹത്തിൽ നിന്ന് ഈടാക്കുകയോ ചെയ്യണമെന്ന് എസ്. പി. എ. ഒ. അഭിപ്രായപ്പെട്ടു.

ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

114. 17 ബാരൽ ടാറിന്റെ വിലയായ 31,888 രൂപ തിരിച്ചടയ്ക്കാനാവശ്യപ്പെട്ട് 24-11-2010-ന് നൽകിയ കത്തിന് കൺവീനർ മറുപടി നൽകാത്തതിനാൽ 30-12-2010-ന് വീണ്ടും കത്ത് നൽകി. തുക അടവാക്കാത്തതിനാൽ 19-1-2011-ൽ റവന്യൂ റിക്കവറി നടപടിക്കായി മലപ്പുറം ജില്ലാ കളക്ടർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമല്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

**115. പദ്ധതി നിർവ്വഹണത്തിനായി വാങ്ങിയ ടാർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഒരു പ്രവൃത്തിക്ക് കൺവീനർക്ക് 17 ബാരൽ വിതരണം ചെയ്തെങ്കിലും പ്രസ്തുത പ്രവൃത്തി ടാറിംഗിനു പകരം കോൺക്രീറ്റിംഗായി മാറ്റിയെന്നും തന്മൂലം ടാർ ഉപയോഗിക്കേണ്ടതായി വന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ടാറിംഗ് പ്രവൃത്തിക്കായി നല്കിയ 17 ബാരൽ ടാറിൽ 11 ബാരൽ ടാർ കളവ് പോയതാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ ബോദ്ധ്യപ്പെടുത്തുകയുണ്ടായി. ടാർ കളവ് പോയത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പോലീസിൽ പരാതിപ്പെട്ടതിൻപ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ പ്രസ്തുത ടാർ കണ്ടെത്താനായിട്ടില്ലെന്ന തീർച്ച റിപ്പോർട്ട് പോലീസ് നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട കൺവീനറിൽനിന്നും ടാറിന്റെ വില ഈടാക്കുകയോ റവന്യൂ റക്കവറി നടത്തുകയോ ചെയ്യണമെന്ന നിർദ്ദേശത്തിൻമേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. ഓഡിറ്റ് ഖണ്ഡികയിലെ മറ്റു പരാമർശത്തിന്മേൽ അനന്തര നടപടി അവസാനിപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**രണ്ടു വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ**

ജെ. ആർ. വൈ. മാന്വലിലെ വ്യവസ്ഥ പ്രകാരം പ്രവൃത്തി ആരംഭിച്ച് രണ്ട് വർഷത്തിനകം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 16 പ്രവൃത്തികൾ ആരംഭിച്ച് രണ്ടു വർഷത്തിലേറെയായിട്ടും പൂർത്തീകരിച്ചിട്ടില്ല. ആകയാൽ ടി പ്രവൃത്തികൾക്കു വേണ്ടി ചെലവു ചെയ്ത 76,000 രൂപ പലിശ സഹിതം ഈടാക്കി ജെ. ആർ. വൈ. ഫണ്ടിൽ ഒടുക്കേണ്ടതാണ്. എല്ലാ പ്രവൃത്തികളും 1990 മുതൽ 1996 വരെയുള്ള കാലയളവിൽ ആരംഭിച്ചവയാണ്. ഇത്രയും കാലമായിട്ടും പണി പൂർത്തീകരിക്കുന്നതിനോ അല്ലെങ്കിൽ തുക തിരികെ ഈടാക്കുന്നതിനോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രമിക്കാതിരുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VIII.10.4(x).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

116. ചേപ്പിലിക്കുന്ന് ഹരിജൻ റോഡുമായി ബന്ധപ്പെട്ട പ്രവൃത്തിയെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൽ, പദ്ധതിയിൽ എസ്റ്റിമേറ്റ് തുക 35,638 രൂപയാണെന്നും ആയതിന് 21,000 രൂപ നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള തുകയ്ക്ക് അരി വാങ്ങികൊടുത്തിട്ടുണ്ടെന്നും വർക്ക് പൂർത്തിയായിട്ടില്ലെന്നും അതിൽ 17,739 രൂപയുടെ മെഷർമെന്റ് റെക്കോർഡ് ചെയ്തിട്ടുണ്ടെന്നും ADP സമിതിയിൽ വിശദീകരിച്ചു. എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് സർട്ടിഫൈ ചെയ്ത 17,739 രൂപ ഒഴികെ ബാക്കി തുകയും അരിയുടെ വിലയും തിരികെ ഈടാക്കണമെന്ന് സമിതി കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

117. പെരിന്തിരതോട് പാലം പണിയുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 28,368 രൂപയാണെന്നും എന്നാൽ എസ്റ്റിമേറ്റ് തുകയെക്കാൾ കുറച്ച്, 21,000 രൂപയ്ക്ക് വർക്ക് തീർന്നിട്ടുള്ളത് കണക്കിലെടുത്ത്, ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു. കൂടാതെ ഓഡിറ്റ് പരാമർശത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മറ്റ് ഇൻഡിവിഡ്വൽ കേസുകളുടെ നിലവിലെ സ്ഥിതി അന്വേഷിച്ച് സമിതിയിൽ വിശദമായ റിപ്പോർട്ട് നൽകുന്നതിന് കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ സമിതി ചുമതലപ്പെടുത്തി. മാത്രമല്ല തിരിച്ചു പിടിക്കേണ്ടതായ തുകയുണ്ടെങ്കിൽ ആയതിന് നോട്ടീസ് നൽകണമെന്നും സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 30-5-2013-ലെ കത്ത് മുഖാന്തിരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

118. "ചേപ്പിലിക്കുന്ന് ഹരിജൻ കോളനി റോഡ് പ്രവൃത്തിക്കായി അരി വില ഉൾപ്പെടെ 27,697 രൂപ കൺവീനർ ശ്രീ. എം. അലവി കൈപ്പറ്റുകയുണ്ടായി. ടി പ്രവൃത്തിക്കായി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ മൂല്യമായ 17,739 രൂപ കുറവ് ചെയ്ത് ബാക്കി സംഖ്യയായ 9,956 രൂപ റവന്യൂ റിക്കവറിയിലൂടെ ശ്രീ. എം. അലവിയിൽനിന്നും രശീത് നമ്പർ 45346/90 തീയതി 20-10-2011 പ്രകാരം ഈടാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട 3 മുതൽ 16 വരെയുള്ള ഐറ്റങ്ങൾ ഉൾപ്പെടുന്ന ഭവനനിർമ്മാണം, കക്കൂസ് നിർമ്മാണം എന്നിവ പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥയായ എൽ. വി. ഇ. ഒ. രേഖാമൂലം അറിയിച്ചിട്ടുണ്ടെന്ന വിവരം റിപ്പോർട്ടു ചെയ്യുന്നു".

### നിഗമനങ്ങൾ/ശിപാർശകൾ

**119. ചേപ്പിലിക്കുന്ന് ഹരിജൻ കോളനി റോഡ് പ്രവൃത്തിക്കായി കൺവീനർ കൈപ്പറ്റിയ തുകയിൽ അളവെടുത്തതിൻപ്രകാരമുള്ള തുക കുറവ് ചെയ്ത് ബാക്കി തുക ഈടാക്കിയതായുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിന്മേൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**120. പെരിന്തിരതോട് പാലം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 28,368 രൂപയായിരുന്നുവെന്നും പ്രസ്തുത പ്രവൃത്തി 21,000 രൂപയ്ക്ക് പൂർത്തിയായെന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സവും നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**121. ഓഡിറ്റ് ഖണ്ഡികയിലെ മൂന്നു മുതൽ പതിനാറു വരെയുള്ള ഇനങ്ങളിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങളും നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**സമഗ്ര ഭവനനിർമ്മാണം പ്രോജക്ട്—അപാകതകൾ**

1999–2000 വർഷത്തിൽ, സമഗ്ര ഭവനനിർമ്മാണ പ്രോജക്ടുകളുടെ വിഹിതമായി 16,00,000 രൂപ ഗ്രാമപഞ്ചായത്ത് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിലേക്ക് അടച്ചിട്ടുണ്ട്. വൗച്ചറുകൾക്കൊപ്പം ഗുണഭോക്താക്കളുടെ വിശദവിവരങ്ങളൊന്നുമില്ല. 1999–2000 വർഷത്തിൽ ഗ്രാമസഭകൾ ഈ പ്രോജക്ടുകളിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി രേഖകളൊന്നുമില്ല. ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ അപേക്ഷ വാങ്ങിയവരുടേയും അവ പൂരിപ്പിച്ച് നല്കിയവരുടേയും മാത്രം ഒരു ലിസ്റ്റാണ് ഉള്ളത്. ഇതിന് ആസൂത്രണ ബോർഡ് നല്കിയ മാനദണ്ഡപ്രകാരമുള്ള യാതൊരു മുൻഗണനാക്രമവും നിശ്ചയിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പി. 181/98 തീയതി 2–9–1998 പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ചുമതല ഗ്രാമസഭകളിൽ നിക്ഷിപ്തമാണ്. മാനദണ്ഡപ്രകാരം മാർക്കുകൾ നല്കി ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭകൾ തയ്യാറാക്കുകയും ആയത് ക്രോഡീകരിച്ച് പഞ്ചായത്ത് പട്ടിക തയ്യാറാക്കുകയുമാണ് വേണ്ടത്. ഈ പ്രക്രിയയിലൂടെയല്ലാതെ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ഇതിനായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഭീമമായ തുകകൾ ചെലവ് ചെയ്യുമ്പോൾ അതു സുതാര്യവും നിയമാനുസരണവുമായിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജാഗ്രത പാലിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.4(xi).]

122. കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ മൈത്രീഭവന പദ്ധതിയുമായി ബന്ധപ്പെട്ട് 128 ഗുണഭോക്താക്കളുടെ അലോട്ടി ഷെയറായ 12,500 രൂപ നിരക്കിൽ 16 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് ഭവനനിർമ്മാണ ബോർഡിലേക്ക് അടച്ചിട്ടുണ്ടെന്നും എന്നാൽ വൗച്ചറുകളോടൊപ്പം ഗുണഭോക്താക്കളുടെ യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ലെന്നും ഇത് സംബന്ധിച്ച ഗ്രാമസഭ മിനിട്സിൽ അപേക്ഷ വാങ്ങിയവരുടേയും ആയത് പൂരിപ്പിച്ച് നൽകിയവരുടെയും ലിസ്റ്റ് മാത്രമാണുള്ളതെന്നും അതിൽ ആസൂത്രണ ബോർഡ് നൽകിയ മാനദണ്ഡപ്രകാരമുള്ള യാതൊരു മുൻഗണനാക്രമവും നിശ്ചയിച്ചിട്ടില്ല, എന്നതുമായ വസ്തുതകളാണ് ഓഡിറ്റ് ഒബ്ജക്ഷനായി വന്നിരിക്കുന്നതെന്നും ADP ആമുഖമായി വിശദീകരിച്ചു.

123. 102 ഗുണഭോക്താക്കൾ 3 ഗഡുക്കളായി തുക കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമായിട്ടുണ്ടെന്ന് സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി ADP അറിയിച്ചു. ഭവനനിർമ്മാണ ബോർഡിൽനിന്ന് ആർക്കൊക്കെ എത്ര തുക കൊടുത്തു, എത്രപേർക്ക്

തുക നൽകാനുണ്ട് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ വിവരാവകാശ നിയമമനുസരിച്ച് ആവശ്യപ്പെട്ടാൽ ഭവനനിർമ്മാണ ബോർഡിൽ നിന്ന് ലഭിക്കുമെന്ന് പഞ്ചായത്തിനോട് സമിതി നിർദ്ദേശിച്ചു. മാത്രമല്ല ബാക്കി തുക ആവശ്യപ്പെട്ട് ഭവനനിർമ്മാണ ബോർഡിലേക്ക് കത്തയയ്ക്കാനും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 23-6-2011-ലെ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

124."നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ട വിവരങ്ങൾ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ മലപ്പുറം ഡിവിഷനിൽനിന്നും 27-5-2011-ലെ എൻ2/മൈത്രി/03 നമ്പർ കത്തു മുഖേന ലഭിച്ചു. മൈത്രി ഭവനനിർമ്മാണ പദ്ധതിയിൽ കൊണ്ടോട്ടി പഞ്ചായത്തിൽനിന്ന് 106 അപേക്ഷകൾ ലഭിച്ചു. 94 ഗുണഭോക്താക്കൾ 28,000 രൂപ വീതം ആകെ 26,32,000 രൂപയും 8 ഗുണഭോക്താക്കൾ 19,000 രൂപ വീതം ആകെ 1,52,000 രൂപയും 3 ഗുണഭോക്താക്കൾ 9,000 രൂപ വീതം 27,000 രൂപയും കൈപ്പറ്റിയിട്ടുണ്ട്. മൈത്രി പദ്ധതിയിൽ ആകെ 28,11,000 രൂപ അനുവദിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവ് ഗഡുക്കൾ ഒന്നും തന്നെ കൈപ്പറ്റിയിട്ടില്ല എന്നാണ് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

125. മൈത്രി ഭവന പദ്ധതിയിൽ സബ്സിഡി ഇനത്തിൽ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് നൽകാനുള്ള തുക സംബന്ധിച്ച വിഷയം ഭവനനിർമ്മാണ വകുപ്പ് പരിശോധിച്ചു വരുകയാണെന്നും ഈ തുക അനുവദിക്കുമ്പോൾ അതിൽ നിന്നും കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള അന്വിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുന്നത് സംബന്ധിച്ച തീരുമാനം എടുക്കുന്നതാണെന്നും ഭവനനിർമ്മാണ വകുപ്പ് 10-11-2009-ലെ 1042/സി1/07/ഭവനം നമ്പർ കത്തു മുഖേന കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ അറിയിച്ചു. ടി തുക അനുവദിക്കുന്ന മുറയ്ക്ക് കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്, ബോർഡിൽ നിക്ഷേപിച്ച തുകയിൽ തിരികെ നൽകാനുള്ള തുക മടക്കി നൽകുന്നതാണ് എന്ന് കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ 2-4-2011-ലെ എൽ.1-3659/2011 നമ്പർ കത്തു മുഖേന കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്".

തെളിവെടുപ്പ് വേളയിലെ സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

126. "3-12-2010, 20-1-2011 എന്നീ തീയതികളിൽ ഹൗസിംഗ് ബോർഡിന് നൽകിയ കത്തിന് 20-1-2011-ന് മറുപടി ലഭിച്ചു. ഇതിൽ ഒരാൾക്ക് മാത്രമാണ് ഒരു ഗഡുവും കൊടുക്കാത്തത് എന്നാണറിയിച്ചത്. പഞ്ചായത്തിൽനിന്ന് 128 ഗുണഭോക്താക്കൾക്ക് 12,500 രൂപ പ്രകാരം 16,00,000 രൂപ അടവാക്കിയതിൽ, അവശേഷിക്കുന്ന 22 ഗുണഭോക്താക്കൾക്കർഹമായ ബാക്കി സംഖ്യയായ 2,87,500 രൂപ ഉടനെ തിരിച്ചടയ്ക്കാനാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് ഹൗസിംഗ് ബോർഡ് മലപ്പുറം ഡിവിഷന് 5-2-2011-ന് കത്ത് നൽകിയിരുന്നു. ഹൗസിംഗ് ബോർഡ് തിരുവനന്തപുരം ഡെപ്യൂട്ടി സെക്രട്ടറിയുടെ 2-4-2011-ലെ എൽ.1/3659/2011 നമ്പർ കത്തിൽ സർക്കാരിൽനിന്നും തുക ലഭിക്കുന്ന മുറയ്ക്ക് ബാക്കി നൽകാനുള്ള തുക നൽകുന്നതാണ് എന്നറിയിച്ചിരിക്കുകയാണ്".

## നിഗമനങ്ങൾ/ശിപാർശകൾ

127. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് 1999-2000 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിച്ച മൈത്രീ ഭവന പദ്ധതിക്കായി ഒരാൾക്ക് 12,500 രൂപ നിരക്കിൽ 128 ഗുണഭോക്താക്കൾക്ക് നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 16,00,000 രൂപ പഞ്ചായത്തിന്റെ വിഹിതമായി അടവാക്കിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. മൈത്രീ ഭവന പദ്ധതി നടപ്പിലാക്കുമ്പോൾ ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചിരുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതിയുടെ ഗുണഭോക്താക്കളായി 106 അപേക്ഷകർ ഉണ്ടായിരുന്നപ്പോൾ 128 പേർക്ക് വിഹിതമടച്ചതിന്റെ സാംഗത്യം മനസ്സിലാകുന്നില്ല. ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് മാത്രം തുക അടയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് പദ്ധതിക്കായി വിതരണം ചെയ്ത തുക സംബന്ധിച്ച വിവരം ശേഖരിച്ച് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും നൽകിയ റിപ്പോർട്ടിൽ വിഹിതം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വ്യത്യാസമില്ലെങ്കിലും തുകയുടെ കാര്യത്തിൽ അന്തരമുള്ളതായി സമിതി നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്ത് ഭവനനിർമ്മാണ ബോർഡിൽ 128 പേർക്കായി അടവാക്കിയ 16,00,000 രൂപയിൽ 105 ഗുണഭോക്താക്കൾക്ക് 12,500 രൂപാ നിരക്കിൽ വിതരണം ചെയ്തതായി പറയപ്പെടുന്ന തുക കിഴിച്ച് 2,87,500 രൂപയാണ് തിരിച്ചടയ്ക്കേണ്ടതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ മേൽപ്പറഞ്ഞ 105 ഗുണഭോക്താക്കളിൽ മൂന്ന് പേർക്ക് 9,000 രൂപാ വീതം മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. അതുപ്രകാരം പ്രസ്തുത ഗുണഭോക്താക്കളുടെ പേരിൽ അടവാക്കിയ 10,500 (12500-9000=3500X3) രൂപ കൂടി ഭവന നിർമ്മാണ ബോർഡിൽനിന്നും പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്.

128. മൈത്രി ഭവനനിർമ്മാണ പദ്ധതിപ്രകാരം ഭവന നിർമ്മാണ ബോർഡിന് സബ്സിഡി ഇനത്തിൽ ലഭിക്കുവാനുള്ള തുക ലഭിക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്ത് അടവാക്കിയ തുക തിരികെ നൽകാമെന്ന് ഭവനനിർമ്മാണ ബോർഡിന്റെ നിലപാടിനോട് സമിതി യോജിക്കുന്നില്ല. ആയതിനാൽ, കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് 1999-2000-ൽ നടപ്പാക്കിയ സമഗ്ര ഭവനനിർമ്മാണ പദ്ധതിക്കായി നിക്ഷേപിച്ച 16,00,000 രൂപയിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുക കുറവു ചെയ്ത് അവശേഷിക്കുന്ന 2,98,000 രൂപ (2,87,500+10,500) അടിയന്തരമായി തിരികെ നൽകുവാനും ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ടാർ വാങ്ങിയത്—വ്യക്തമായ കണക്ക് സൂക്ഷിച്ചിട്ടില്ല**

ഓഡിറ്റ് വർഷം പഞ്ചായത്തിലെ റോഡ് പ്രവൃത്തികൾക്കായി 124 ബാരൽ ടാറിന്റെ വിലയായി മഞ്ചേരി സിഡ്കോയിൽ മൊത്തം 2,50,446 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ആകെ 98 ബാരൽ ടാർ മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയതിന്റെ വില 1,93,298 രൂപ മാത്രമേ വരികയുള്ളൂ. ഈ ഇനത്തിൽ 31-3-2000-ൽ സിഡ്കോയുടെ പക്കൽ 7,798 രൂപ ബാക്കി കാണേണ്ടതാണ്. 2-5-2000-ലെ കത്ത് പ്രകാരം തങ്ങളുടെ പക്കൽ 666 രൂപ മാത്രമേ ബാക്കിയുള്ളൂ എന്ന് സിഡ്കോ അറിയിച്ചിരുന്നു. ഈ വ്യത്യാസം യഥാസമയം ശ്രദ്ധയിൽപ്പെടുത്താത്തതുമൂലം പഞ്ചായത്തിന് 7,132 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

കൂടാതെ, ലഭ്യമായതും മുൻ വർഷങ്ങളിൽ നീക്കിബാക്കിയുള്ള ടാറും ഏതൊക്കെ പ്രവൃത്തികൾക്ക് വിതരണം ചെയ്തുവെന്നോ, വില ഈടാക്കിയോ, കാലി ബാരലിന്റെ വില ഈടാക്കിയോ തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ വസ്തുതാപരമായ ഒരു അന്വേഷണം ആവശ്യമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VIII.10.4(xii).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

129. 120 ബാരൽ ടാർ വാങ്ങുന്നതിന് 2,43,580 രൂപ സിഡ്കോയിൽ അടച്ചുവെന്നും 119 ബാരൽ ടാർ സിഡ്കോ സപ്ലൈ ചെയ്തിട്ടുണ്ടെന്നും ആയതിന് 2,42,382 രൂപ 20 പൈസ ചാർജ് ചെയ്തിട്ടുണ്ടെന്നും ADP സമിതിയിൽ അറിയിച്ചു. അതിൽ 115 ബാരൽ ടാർ ഇഷ്യു ചെയ്തിട്ടുണ്ടെന്നും നാല് ബാരൽ ടാറിന്റെ രേഖകളോ, അവ സ്റ്റോക്കിൽ ബാലൻസായോ കാണാനില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ടി നഷ്ടത്തിന് ഉത്തരവാദി അന്നത്തെ സെക്രട്ടറിയാണെന്നും ആയതിനാൽ നാല് ബാരൽ ടാറിന്റെ വില അന്നത്തെ സെക്രട്ടറിയിൽ നിന്ന് ഈടാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

130. "4 ബാരൽ ടാറിന്റെ വില 7,132 രൂപ റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കി 15-3-2011-ലെ ഡി. ഡി. മുഖേന പഞ്ചായത്ത് ഫണ്ടിൽ വരവു വച്ചിട്ടുണ്ട്". രസീതി നമ്പർ (15309/44/15-3-2011)

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

131. "നിയമസഭാ സമിതി നിർദ്ദേശപ്രകാരം നാല് ബാരൽ ടാറിന്റെ വിലയായ 7,132 രൂപ പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽനിന്നും തിരൂരങ്ങാടി തഹസിൽദാർ റവന്യൂ റിക്കവറിയിലൂടെ ഈടാക്കി കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് അടച്ചിട്ടുണ്ട്."

### നിഗമനങ്ങൾ/ശിപാർശകൾ

**132. ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവൃത്തികളുടെ ആവശ്യത്തിന് 120 ബാരൽ ടാറിനായി സിഡ്കോയിൽ തുക അടച്ചപ്പോൾ 119 ബാരൽ ടാർ സിഡ്കോ നല്കിയതിനു രേഖകളുണ്ടെന്നും അവശേഷിച്ച ഒരു ബാരലിന്റെ വില സിഡ്കോ തിരികെ നല്കിയെന്നും സമിതി മനസ്സിലാക്കുകയുണ്ടായി. പഞ്ചായത്ത് വാങ്ങിയ 119 ബാരൽ ടാറിൽ 115 ബാരൽ ടാർ വിതരണം ചെയ്തതിനും രേഖകളുള്ളതായി നിരീക്ഷിച്ച സമിതി സ്റ്റോക്കിൽ അവശേഷിക്കേണ്ടിയിരുന്ന നാല് ബാരൽ ടാർ കാണാത്തതിനാൽ ആയതിന്റെ വില ഉത്തരവാദിയായ സെക്രട്ടറിയിൽനിന്ന് ഈടാക്കാൻ തെളിവെടുപ്പ് വേളയിൽ നിർദ്ദേശിക്കുകയുണ്ടായി. സമിതി നിർദ്ദേശപ്രകാരം 4 ബാരൽ ടാറിന്റെ വില റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചോലക്കൽ—ചെപ്പിലക്കുന്ന് റോഡ് പുനരുദ്ധാരണം (സ്പിൽ ഓവർ ക്രമക്കേടുകൾ)**

2,74,209 രൂപയുടെ അടങ്കലിൽ ആരംഭിച്ച ടി പ്രവൃത്തിക്കു വേണ്ടി 1,10,335 രൂപ ചെലവഴിച്ചു. ടി പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി:

(1) പ്രവൃത്തിയുടെ ഒന്നാം ഇനമായ താങ്ങുമതിലിനുള്ള അസ്ഥിവാരം തോണ്ടലിൽ നിന്നും 49.56 എം3 മണ്ണ് ശേഖരിച്ചിട്ടുണ്ട്. എന്നാൽ നാലാം ഇനമായ കൺവീനറുടെ സ്വന്തം മണ്ണ് നിറയ്ക്കൽ പ്രവൃത്തി 104.87 എം3 നടത്തിയതിന് 10 എം3-ന് 611.93 രൂപ വീതം 6,417 രൂപ കൺവീനർക്ക് നല്കിയിട്ടുണ്ട്. ഒന്നാം ഇനത്തിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാതെ കൺവീനറുടെ സ്വന്തം മണ്ണ് മാത്രം ഉപയോഗിച്ച നടപടി ക്രമരഹിതമാണ്. ലഭ്യമായിരുന്ന മണ്ണിന്റെ വില (49.56 x 611.93/10=3,033) കൺവീനർക്ക് നല്കിയത് അംഗീകരിക്കുന്നില്ല.

(2) പ്രവൃത്തിക്കായി കൺവീനർക്ക് 2619 കി. ഗ്രാം. ടാർ 30-6-1998-ൽ നല്കിയിട്ടുണ്ട്. എന്നാൽ എഞ്ചിനീയറുടെ ശിപാർശയോടെ പഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം ടി ടാറിംഗ് നടത്താതെ പ്രവൃത്തി നിർത്തൽ ചെയ്യുകയും ചെയ്ത പ്രവൃത്തിയുടെ ബിൽ തയ്യാറാക്കുകയുമാണ് ചെയ്തിട്ടുള്ളത്. പക്ഷേ, കൺവീനർക്ക് നല്കിയ ടാർ തിരിച്ച് ലഭിച്ചതായി കാണുന്നില്ല. (22,890 രൂപ).

(3) പ്രവൃത്തിയുടെ അടങ്കലിൽ 84,209 രൂപ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ചെലവിന്റെ ആനുപാതികമായ ഗുണഭോക്തൃ വിഹിതം 33,884 രൂപ പിരിച്ചെടുക്കുകയോ; ബില്ലിൽ നിന്ന് കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല.

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയും സാമ്പത്തിക അച്ചടക്കമില്ലായ്മയും കാരണം പഞ്ചായത്തിന് മൊത്തം 59,807 (3,033+22,890+33,884) രൂപ നഷ്ടപ്പെട്ടു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VIII.10.4(xiii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ സമർപ്പിച്ച ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

133. പരാമർശവുമായി ബന്ധപ്പെട്ട 3,033 രൂപ ചെലവ് ചെയ്തതുമായി ബന്ധപ്പെട്ട സമിതിയുടെ ചോദ്യത്തിന് വ്യക്തമായ മറുപടി നൽകാൻ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സാധിച്ചില്ല. ശരിയായ രേഖകൾ സൂക്ഷിക്കാത്തതാണ് ഓഡിറ്റ് പരാമർശത്തിന് കാരണമായതെന്നും നിലവിലുണ്ടായിരുന്ന മണ്ണ് ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യത്തിലായിരിക്കാം പുറത്തുനിന്ന് മണ്ണ് ശേഖരിച്ചതെന്ന സമിതിയുടെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

പ്രവൃത്തിയുടെ അടങ്കലിൽ 84,209 രൂപ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തി.

134. ഗുണഭോക്തൃ വിഹിതം ഒഴിവാക്കിക്കൊടുക്കാൻ പഞ്ചായത്ത് തീരുമാനമുണ്ടായിരുന്നെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു. തുടർന്ന് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**135. ഓഡിറ്റ് ഖണ്ഡികയിലെ ഇനം ഒന്നിൽ പരാമർശിച്ചിട്ടുള്ള ഒരു പ്രവൃത്തിയിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനുള്ള കാരണം രേഖപ്പെടുത്തേണ്ട തായിരുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി, എന്നാൽ നിലവിലുണ്ടായിരുന്ന മണ്ണ് ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യത്തിലായിരിക്കാം പുറത്തുനിന്ന് മണ്ണ് ശേഖരിച്ച തെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ ശിപാർശ ചെയ്യുന്നു.**

**136. ഓഡിറ്റ് ഖണ്ഡികയിലെ ഇനം രണ്ടിൽ പരാമർശിച്ചിട്ടുളള വിഷയം സമാഹൃത റിപ്പോർട്ട് 2002-2003-ലെ ഓഡിറ്റ് ഖണ്ഡിക VII. I. 10.4 (ix)-ലും പരാമർശവിധേയമായിട്ടുണ്ട്. ആയതിന്മേലുള്ള സമിതിയുടെ ശിപാർശ ഈ റിപ്പോർട്ടിലെ ഖണ്ഡിക 112-ൽ നല്കിയിട്ടുണ്ട്.**

**137. പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം ഗുണഭോക്തൃ വിഹിതം ഒഴിവാക്കിയതിനാലാണ് ഓഡിറ്റ് ഖണ്ഡികയിലെ ഇനം മൂന്നിൽ പരാമർശിച്ചിട്ടുള്ള തുക പിരിക്കുകയോ ബില്ലിൽ കുറയ്ക്കുകയോ ചെയ്യാത്തതെന്ന വിശദീകരണത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അനർഹർക്ക് ആനുകൂല്യം നല്കിയത്—അനുവദിക്കുന്നില്ല**

കാർഷികാവശ്യത്തിന് മോട്ടോർ, പമ്പ്സെറ്റ് എന്ന പ്രോജക്ടിൽ 22 ഗുണഭോക്താക്കൾക്ക് 3,500 രൂപ വീതം 77,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം നേടിയവരിൽ 11 പേർ 1999-2000 വർഷത്തെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്. ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിന്റെ ശിപാർശ പ്രകാരമാണ് ടി ആളുകൾക്ക് ആനുകൂല്യം നല്കിയതെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിച്ചത്. നിലവിലുള്ള നിയമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കുവാൻ പാടുള്ളതല്ല. ഈയിനത്തിൽ ചെലവഴിച്ച 38,500 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.4(xiv).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

138. ഗ്രാമസഭ തെരഞ്ഞെടുത്തവരാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതെന്ന് രേഖകളുടെ പുനഃപരിശോധനാ വേളയിൽ ഓഡിറ്റിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**139. പദ്ധതി പ്രകാരമുള്ള ആനുകൂല്യം നേടിയവർ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്ന പഞ്ചായത്ത് സമർപ്പിച്ച മറുപടി പുനഃപരിശോധനാ വേളയിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

- <u>ഓഡിറ്റ് ഖണ്ഡിക</u>

**കുടിവെള്ള പദ്ധതി ലക്ഷ്യം നേടിയില്ല (ഓഡിറ്റ് റിപ്പോർട്ട്; 1999-2000 ഖണ്ഡിക 56)**

5,60,167 രൂപ ചെലവഴിച്ച കോട്ടപ്പറമ്പ്, കാഞ്ഞിരപ്പറമ്പ് കുടിവെള്ള പദ്ധതി ലക്ഷ്യം കണ്ടില്ല. പദ്ധതിക്ക് നിർമ്മിച്ച കിണർ ഇടിഞ്ഞു വീണ് പ്രവർത്തനം നിലച്ചിരിക്കുകയാണ്.

കേരള ജല അതോറിറ്റിയും പഞ്ചായത്തും സഹകരിച്ച് നടപ്പാക്കുവാനായിരുന്നു 1998-99-ൽ പദ്ധതി തയ്യാറാക്കിയത്. പിന്നീട് നിർവ്വഹണം സോഷ്യോ ഇക്കണോമിക് യൂണിറ്റിനെ ഏൽപ്പിച്ചു. പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കിയിട്ടില്ല. 4,61,167 രൂപയുടെ പൈപ്പ് വാങ്ങിയതായി പറയുന്നുണ്ടെങ്കിലും സ്റ്റോക്ക് രേഖകളിലൂടെ സാധൂകരിച്ചിട്ടില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ടില്ല. പദ്ധതി നിർവ്വഹണം അന്വേഷിക്കേണ്ടതാണ്.

5,60,167 രൂപ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.12.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

140. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചതായും പൈപ്പ് വാങ്ങിയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായുമുള്ള ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**141. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം നിലവിലുള്ള ഗുണഭോക്തൃ സമിതി തന്നെ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നതും പൈപ്പ് വാങ്ങിയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടി പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 മാർച്ച് 12.

## അനുബന്ധം I

# പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 5 | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | കാച്ചിനിക്കാട് കിഴക്കേടത്ത് റോഡ് ടാറിംഗ്, മാരാത്ത് കുളംപ് റോഡ് രൂപീകരണം എന്നീ രണ്ട് പ്രവൃത്തികളിലായി അധികം ചെലവഴിച്ച 89,897 രൂപ (23,012 + 66,885) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ സർച്ചാർജ് സർട്ടിഫിക്കറ്റിൽ പ്രസ്തുത തുകയ്ക്ക് പുറമെ മറ്റു ചില ഓഡിറ്റ് തടസ്സത്തിന്മേൽ ഈടാക്കുവാനുള്ള തുക കൂടി ഉൾപ്പെടുത്തിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. സർച്ചാർജ് സർട്ടിഫിക്കറ്റ് മുഖേന ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ട സന്ദർഭത്തിൽ ഓരോ സംഗതിയിന്മേലും വെവ്വേറെ സർട്ടിഫിക്കറ്റ് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. പരാമർശ വിധേയമായ മേൽപ്പറഞ്ഞ തുക ഈടാക്കുന്നതിനെതിരെ ഫയൽ ചെയ്തിരിക്കുന്ന കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 7 | ,, | പദ്ധതി നിർവ്വഹണ ചെലവിനായി നിജപ്പെടുത്തിയ തുകയേക്കാൾ അധികം ചെലവാക്കിയ തുക ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച സർച്ചാർജ് നോട്ടീസിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയുടെ വെളിച്ചത്തിൽ നടത്തിയ പ്രാദേശിക പരിശോധനയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കത്തക്ക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | താണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിനാൽ, പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 9 | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | പരാമർശവിധേയമായിട്ടുള്ള അഞ്ച് പ്രവൃത്തികളിൽ ഒന്നിലൊഴികെ എല്ലാറ്റിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുക നൽകിയത് എഞ്ചിനീയർ, അളവെടുത്ത് വർക്ക് ബിൽ തയ്യാറാക്കിയതിനുശേഷമാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. സർച്ചാർജ് സർട്ടിഫിക്കറ്റിനെതിരെ പ്രസ്തുത സെക്രട്ടറി കോടതി മുമ്പാകെ അന്യായം ഫയൽ ചെയ്തിട്ടുള്ളതിനാൽ ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 11 | ,, | വനിതാ ഖാദി വ്യവസായ യൂണിറ്റ് കെട്ടിട വിപുലീകരണ പ്രവൃത്തി കരാർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാത്തതിനാൽ പദ്ധതി നിർവ്വഹണത്തിനായി നിക്ഷേപിച്ച തുക നിർവ്വഹണ ഏജൻസി ആയിരുന്ന കോസ്റ്റ് ഫോർഡ് പലിശ സഹിതം തിരികെ അടവാക്കി പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വച്ചെന്ന സർക്കാരിന്റെ മറുപടിയുടെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 15 | വാഴയൂർ ഗ്രാമപഞ്ചായത്ത്, | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന തുകയിൽ പദ്ധതി നിർവ്വഹണത്തിനുശേഷം തുക അവശേഷിക്കുന്നുണ്ടെങ്കിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അവ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ അടവാക്കുന്നതായി സമിതി നിരീക്ഷിച്ചു. ഇത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്ലാൻ ഫണ്ടിൽ പദ്ധതി നിർവ്വഹണാനന്തരം അവശേഷിക്കുന്ന തുക സർക്കാരിന്റെ സഞ്ചിതനിധിയിൽ തന്നെ തിരിച്ചടയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതും പ്ലാൻ ഫണ്ടിൽ അവശേഷിച്ചിരുന്നതുമായ 54,900 രൂപ സമിതി നിർദ്ദേശപ്രകാരം സഞ്ചിത നിധിയിലേക്ക് ഒടുക്കി ക്രമപ്പെടുത്തിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 19 | വാഴയൂർ ഗ്രാമപഞ്ചായത്ത് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന തുകയിൽ പദ്ധതി നിർവ്വഹണത്തിനുശേഷം തുക അവശേഷിക്കുന്നുണ്ടെങ്കിൽ അവ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ അടവാക്കുന്നതായി സമിതി നിരീക്ഷിച്ചു. ഇത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്ലാൻ ഫണ്ടിൽ പദ്ധതി നിർവ്വഹണാനന്തരം അവശേഷിക്കുന്ന തുക സർക്കാരിന്റെ സഞ്ചിതനിധിയിൽ തന്നെ തിരിച്ചടയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതും പ്ലാൻ ഫണ്ടിൽ അവശേഷിച്ചിരുന്നതുമായ 18,035 രൂപ സമിതി നിർദ്ദേശപ്രകാരം തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് സഞ്ചിതനിധിയിലേക്ക് ഒടുക്കിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | 21 | ചെറുകാവ് ഗ്രാമപഞ്ചായത്ത് | 1997-98-ൽ നികുതി പുനർ നിർണ്ണയ പത്രപ്പരസ്യം 20-5-1998-ന് നടത്തുകയും നിയമാനുസൃതം സമർപ്പിക്കേണ്ട റിവിഷൻ ഹർജികൾ ബന്ധപ്പെട്ട നികുതിദായകർ സമർപ്പിച്ചത് പരിഗണിച്ച് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം അതത് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തുകയും ചെയ്തതായി 15-9-2010-ന് അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ റിവിഷൻ ഹർജി ഫയലിൽ നിന്നും ബോദ്ധ്യപ്പെട്ടതായി സമിതിക്ക് നൽകിയ കുറിപ്പിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ ഫയൽ പ്രകാരമുള്ള തീരുമാനങ്ങൾ മിനിറ്റ്സിൽ വിശദമായി രേഖപ്പെടുത്താതെ 'റിവിഷൻ സംബന്ധിച്ച അപേക്ഷ പരിശോധിച്ചു, തീർപ്പ് കൽപ്പിച്ചു' എന്ന് മാത്രം രേഖപ്പെടുത്തിയിരിക്കുകയാണെന്ന് സമിതി നിരീക്ഷിച്ചു. ഓഡിറ്റ് സമയത്തും തുടർന്നും റിവിഷൻ ഹർജികളോ മറ്റ് വിശദ വിവരങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല. 15-9-2010-ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടതുപ്രകാരവും മേൽ കാലത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, മെമ്പർമാർ എന്നിവർ ഗ്രാമപഞ്ചായത്തിന്റെ മേൽ നടപടിയിന്മേൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിപൂർണ്ണ പിന്തുണയോടെ തന്നെയാണ് ടി നടപടി എന്നും രേഖാമൂലം അറിയിച്ചിട്ടുള്ളതും പരിഗണിച്ച് അസസ്മെന്റ് രജിസ്റ്ററിൽ ആധികാരിക രേഖപ്പെടുത്തലുകൾ നടത്താൻ നടപടിയെടുക്കാതിരുന്നത് മാപ്പാക്കി തുടർ നടപടി ഒഴിവാക്കാവുന്നതാണെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ അഭിപ്രായവും കണക്കിലെടുത്ത് ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാൻ പാടില്ലെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | 23 | ചെറുകാവ് ഗ്രാമപഞ്ചായത്ത് | സെക്രട്ടറി എന്ന നിലയിലുള്ള പരിചയക്കുറവും 30-6-1998-നകം പദ്ധതി തുക ചെലവഴിക്കാൻ നിർദ്ദേശമുണ്ടായിരുന്നതിനാലും 1-6-1998-ന് മാത്രം സെക്രട്ടറിയുടെ ചാർജെടുത്തതിനാലും കാലവർഷം തുടങ്ങുന്നതിനുമുമ്പ് കുട വിതരണം ചെയ്യേണ്ടിയിരുന്നതിനാലും പദ്ധതി നിർവ്വഹണത്തിൽ അപാകതകളൊന്നും പ്രാദേശികതലത്തിൽ ഉണ്ടായിട്ടില്ലാത്തതിനാലും ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ടത്തിലെ നടപടികളിലുണ്ടായ മനഃപൂർവ്വമല്ലാത്ത പിശകായതിനാലും മാപ്പാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 25 | ,, | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ടിട്ടിയാളുകളുടെ ലിസ്റ്റ് പിന്നീട് ഗ്രാമസഭാ മിനിട്സിലും പഞ്ചായത്ത് കമ്മിറ്റിയിലും ഉൾപ്പെടുത്തി അംഗീകാരം നൽകിയതിനാലും കക്കൂസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ വീഴ്ചപറ്റിയത് ജനകീയാസൂത്രണത്തിന്റെ പ്രാരംഭവർഷത്തിൽ ഉത്തരവുകൾ യഥാസമയം ലഭിക്കാത്തതിനാലാണെന്നതിനാലും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് പരിഗണിച്ചും ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 27 | ,, | ഓഡിറ്റ് നിരാകരിച്ച തുക ഈടാക്കുന്നതിന് ആരോപണവിധേയനായ സെക്രട്ടറിയുടെ പേരിൽ പുറപ്പെടുവിച്ച സർച്ചാർജ് നോട്ടീസിന് ടിയാൻ നൽകിയ മറുപടിയിൽ രണ്ട് വാർഡുകളിലും കുഴൽ കിണർ കുഴിച്ച് പദ്ധതി പൂർത്തീകരിച്ചതായി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായും പ്രസ്തുത റിപ്പോർട്ട് പ്രകാരം ആകെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ചെലവായ 62,020 രൂപയിൽ 54,850 രൂപ മാത്രം നൽകിയതായും പഴയ പഞ്ചായത്ത് കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിച്ച് ഫയലുകൾ മാറ്റിയതിനാൽ അളവുപുസ്തകം കണ്ടെത്താനായില്ലെന്നും പ്രസ്താവിച്ചത് അംഗീകരിച്ച് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 31 | ചെറുകാവ് ഗ്രാമപഞ്ചായത്ത് | 'ഉപാധിരഹിതഫണ്ട്—അധിക ചെലവ്' എന്ന പരാമർശവുമായി ബന്ധപ്പെട്ട് ജില്ലാ കോടതിയിൽ നിലവിലുള്ള കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനും നാളിതുവരെയും കേസ് തീർപ്പാക്കിയിട്ടില്ലാത്തപക്ഷം അടിയന്തരമായി കേസ് തീർപ്പാക്കുവാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 33 | ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് രസീത് പ്രകാരം പിരിച്ച 10,701.20 രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിൽ അടവാക്കിയിട്ടില്ലെന്ന ഓഡിറ്റിന്റെ കണ്ടെത്തലിനെത്തുടർന്ന് പ്രസ്തുത തുക രണ്ടുപ്രാവശ്യമായി തിരികെ അടച്ചതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 37 | നന്നമുക്ക് ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള തുകയുടെ ധനാപഹരണത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ഇതുൾപ്പെടെയുള്ള വിജിലൻസ് കേസുകൾ നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. വിജിലൻസ് കേസ് നിലനിൽക്കുന്നതിന്റെ പേരിൽ ധനാപഹരണത്തിലൂടെ നഷ്ടമായ തുക ഈടാക്കാതിരുന്ന പഞ്ചായത്തിന്റെ നടപടി ഉചിതമല്ലെന്ന് സമിതി വിലയിരുത്തുന്നു. വിജിലൻസ് കേസ് തീർപ്പാക്കി കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അലംഭാവമുണ്ടായതായി സമിതി വീക്ഷിക്കുന്നു. തൃശ്ശൂർ വിജിലൻസ് കോടതിയിലേക്ക് 2008-ൽ ട്രാൻസ്ഫർ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി, കൂടാതെ, ഉത്തരവാദിയായ ഉദ്യോഗസ്ഥൻ അപഹരിച്ച തുക തിരികെ ഈടാക്കിയിട്ടില്ലെങ്കിൽ ആയത് പലിശ സഹിതം ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽനിന്ന് ഈടാക്കാനും വിജിലൻസ് കേസ് ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടിയും കേസിൽ അന്തിമവിധി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ വിധിപ്രകാരം സ്വീകരിച്ച നടപടിയും അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 41 | നന്നമുക്ക് ഗ്രാമപഞ്ചായത്ത് | കൃഷി ഓഫീസറുടെ റിപ്പോർട്ടോ അഭിപ്രായമോ ആരായാതെ കാർഷികാവശ്യത്തിന് അനുയോജ്യമല്ലാത്ത മെതിയന്ത്രം വാങ്ങിയ പഞ്ചായത്തിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പദ്ധതിപ്പണം ചെലവ് ചെയ്തതിൽ പഞ്ചായത്ത് ഭരണസമിതിയോ സെക്രട്ടറിയോ ഉത്തരവാദിത്വം കാട്ടിയില്ലെന്നും പൊതുപണം ദുരുപയോഗപ്പെടുത്തിയതിൽ അവർക്ക് യാതൊരു ഉൽക്കണ്ഠയും കുറ്റബോധവും ഇല്ലെന്നും സമിതി നിരീക്ഷിക്കുന്നു. സർക്കാർ അംഗീകൃത ഏജൻസിയായ റെയ്ഡ്കോ മുഖേനയാണ് യന്ത്രം വാങ്ങിയതെന്നതിനാൽ ഇക്കാര്യത്തിൽ ക്രമക്കേട് നടന്നതായി സമിതി കരുതുന്നില്ല. എന്നാൽ, റെയ്ഡ്കോയുമായി പഞ്ചായത്ത് വ്യക്തമായ ഒരു കരാറിൽ ഏർപ്പെടേണ്ടതായിരുന്നുവെന്നും ഏഴുലക്ഷം രൂപയിലധികം ചെലവ് ചെയ്തത് ഉപയോഗപ്പെടുത്താൻ കഴിയാതെ പോയത് വലിയ വീഴ്ചയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഉദ്ദേശിച്ച ലക്ഷ്യത്തിന് യന്ത്രം ഉപയോഗിക്കാൻ കഴിയില്ല എന്ന് ബോധ്യമായപ്പോൾത്തന്നെ, യന്ത്രം നൽകിയ സ്ഥാപനം അത് തിരികെ എടുക്കുവാൻ തയ്യാറായിട്ടും, അത് കൈമാറി നഷ്ടത്തിന്റെ വ്യാപ്തി കുറയ്ക്കുവാൻ നടപടി സ്വീകരിക്കാത്തത് ഗുരുതരമായ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വീഴ്ചയായി സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് നിർദ്ദേശിച്ച സമിതി മെതിയന്ത്രം എത്രയുംവേഗം വില്പന നടത്തി തുക സർക്കാരിലേക്ക് അടവാക്കുവാൻ തെളിവെടുപ്പ് വേളയിൽ ആവശ്യപ്പെടുകയുണ്ടായി. സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം യന്ത്രം പരിശോധിച്ച അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 35,000 രൂപയ്ക്കുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതിനാൽ സമിതി നിർദ്ദേശത്തിന്മേൽ മെതിയന്ത്രം എത്രയും വേഗം വില്പന നടത്തി സർക്കാരിലേക്ക് തുക അടവാക്കി റിപ്പോർട്ട് നൽകുവാൻ ശിപാർശ ചെയ്യുന്നു. |
| 15 | 43 | നന്നമുക്ക് ഗ്രാമപഞ്ചായത്ത് | പ്രതിദിന വേതന നിയമന വ്യവസ്ഥകൾ പാലിക്കാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിന് വിരുദ്ധമായി പ്രതിദിന വേതനാടിസ്ഥാനത്തിൽ രണ്ടുവർഷം തുടർച്ചയായി ജീവനക്കാരെ നിയമിച്ച് ചെലവ് ചെയ്ത പഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്നും കാര്യനിർവ്വഹണത്തിന് പ്രവൃത്തിപരിചയമുള്ളവരുടെ സേവനം ഗ്രാമപഞ്ചായത്തിന് അഭീഷ്ടമായി വരിക സ്വാഭാവികമാണെങ്കിലും അത്തരം നിയമനങ്ങൾക്ക് സർക്കാരിന്റെ അനുമതി വാങ്ങിയാണ് ചെയ്യേണ്ടിയിരുന്നതെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കേണ്ടതാണെന്നുമുള്ള അഭിപ്രായത്തോടെ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 49 | ,, | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ട്രാക്ടർ വാടകയ്ക്ക് നൽകിയ ഇനത്തിൽ ലഭിക്കേണ്ട തുകയിൽ 1,14,240 രൂപയുടെ കുറവുണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ക്വട്ടേഷൻ ക്ഷണിച്ച് വാടക നിരക്ക് പഞ്ചായത്ത് നിശ്ചയിച്ച് നൽകിയതിനു |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ശേഷം, ഒരാഴ്ചക്കാലം ട്രാക്ടർ അറ്റകുറ്റപണിയിലായിരുന്നു എന്ന കാരണത്താൽ 28-12-1998 മുതൽ 19-2-1999 വരെ 54 ദിവസം ട്രാക്ടർ ഉപയോഗിച്ചതിന് അടവാക്കേണ്ട 84,240 രൂപയ്ക്ക് പകരം 11,650 രൂപയായി വാടക പുനർ നിശ്ചയിച്ച് നല്കിയ ഗ്രാമപഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത കാലയളവിലേക്കുള്ള വാടക 11,650 രൂപയായി നിശ്ചയിക്കുവാനുള്ള മാനദണ്ഡമെന്തെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നല്കുവാൻ ഉദ്യോഗസ്ഥർക്കായില്ല. വാടകയിനത്തിൽ ലഭിക്കേണ്ടതും ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതുമായ 1,14,240 രൂപയിൽ കേവലം 10,000 രൂപ മാത്രമേ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളൂ. ട്രാക്ടർ വാടകയ്ക്ക് നല്കുമ്പോൾ ബന്ധപ്പെട്ട വ്യക്തിയുമായി പഞ്ചായത്ത് യാതൊരു കരാറിലും ഏർപ്പെട്ടിട്ടില്ലായിരുന്നുവെന്നും സമിതിക്ക് ബോധ്യമാകുന്നു. ട്രാക്ടർ വാടകയിനത്തിൽ കുടിശ്ശിക വരുത്തിയത് ഈടാക്കുവാൻ നിയമ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയ ഭരണസമിതി തീരുമാനത്തിന്മേൽ തദവസരത്തിലെ പഞ്ചായത്ത് സെക്രട്ടറി നേരിട്ട് കക്ഷിക്ക് റവന്യൂ റിക്കവറി നോട്ടീസ് അയച്ചിട്ടുള്ളതല്ലാതെ തുടർന്ന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ഈ വിഷയത്തിന് അർഹിക്കുന്ന ഗൗരവം നല്കുന്നില്ലെന്ന് വിലയിരുത്തിയ സമിതി ഇക്കാര്യം വിശദമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് തെളിവെടുപ്പ് വേളയിൽ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു മറുപടിയും സമിതിക്ക് നാളിതുവരെ ലഭിച്ചിട്ടില്ല. സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ലഭ്യമാക്കാത്ത പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത റിപ്പോർട്ടും ആയത് ലഭ്യമാക്കാത്തതിനുള്ള വിശദീകരണവും നല്കുന്നതിനും ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കാൻ സത്വര നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ട്രാക്ടറിന്റെ നിലവിലെ ഉപയോഗം സംബന്ധിച്ചുള്ള വിശദാംശം നല്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 54 | നന്നമുക്ക് ഗ്രാമപഞ്ചായത്ത് | പൂർത്തിയാക്കിയ മരാമത്ത് വേലയ്ക്ക് എഞ്ചിനീയർ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ മൂല്യനിർണ്ണയത്തുക 1,66,821 രൂപയായിരുന്നുവെന്നും എന്നാൽ പദ്ധതി നിർവ്വഹണം നടത്തിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വൗച്ചർ പ്രകാരം 2,26,224 രൂപ ചെലവാക്കിയിട്ടുണ്ടെന്നും 18-5-1998-ന് പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷവും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത പ്രവൃത്തിയുടെ ചെലവിനായി 1,57,115 രൂപ പഞ്ചായത്ത് ഫണ്ടിൽനിന്നും പിൻവലിച്ചതായും സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പ്രസ്തുത നടപടി ക്രമവിരുദ്ധമാണെന്ന് അഭിപ്രായപ്പെട്ട സമിതി ഫയലുകൾ പരിശോധനാവിധേയമാക്കി റിപ്പോർട്ടു നല്കുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. സമിതി നിർദ്ദേശത്തിന്മേൽ മറുപടി ലഭ്യമാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ആയതിനുള്ള വിശദീകരണവും ആവശ്യപ്പെടുന്നു. കൂടാതെ, ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്തി പ്രസ്തുത തുക പലിശസഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | 58 | നന്നമുക്ക് ഗ്രാമപഞ്ചായത്ത് | 1997-1998 മുതൽ 2001-2002 വരെയുള്ള കാലയളവിലെ 37,09,786 രൂപയുടെ ചെലവ് രേഖകൾ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കാലയളവിലെ രേഖകൾ കാണാനില്ലായിരുന്നുവെന്നും സമിതി യോഗത്തിന് അഞ്ചു ദിവസങ്ങൾക്കു മുമ്പ് കുറെ രേഖകൾ കണ്ടെത്തിയിട്ടുണ്ടെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അവ ഓഡിറ്റിന് ഹാജരാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നല്കിയ റിപ്പോർട്ടിൽനിന്നും കേവലം 9,94,500 രൂപയുടെ വൗച്ചറുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂവെന്ന് ബോധ്യമാകുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽനിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. |
| 19 | 59 | ,, | ആയതിനാൽ, ഓഡിറ്റിന്റെ പരാമർശത്തിന് വിധേയമായ മുഴുവൻ തുകയുടെയും ചെലവ് വിവരങ്ങൾ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനും രേഖകൾ സൂക്ഷിക്കുവാനും പരിശോധനാവേളയിൽ അവ ഹാജരാക്കുവാനും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് ലഭ്യമാക്കാത്തതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം സമർപ്പിക്കുവാനും സമിതി ആവശ്യപ്പെടുന്നു. |
| 20 | 64 | ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് | ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികൾ സെക്രട്ടറി നേരിട്ട് നടത്തേണ്ടതാണെന്നിരിക്കേ അവ കരാറുകാരെ ഏല്പിച്ചതും പ്രാദേശിക നിരക്കിൽ വില നല്കിയതും ഉചിതമായില്ലെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ, മൂന്ന് പ്രവൃത്തികളിൽ അധികനിരക്ക് അനുവദിച്ചതു വഴിയു |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ണ്ടായ നഷ്ടം ഈടാക്കുന്നതിന് പുറപ്പെടുവിച്ച സർച്ചാർജ്ജ് നോട്ടീസിന്മേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി യഥാസമയം നടപടി സ്വീകരിച്ചതായി കാണുന്നില്ല. കരാറുകാരെ ഏല്പിച്ചു ചെയ്യാൻ പാടില്ലെങ്കിലും നേരിട്ടു നിർവ്വഹണം നടത്തിയാൽ ചെലവ് ചെയ്യാവുന്നതിലും അധികം തുക ചെലവഴിച്ചിട്ടില്ലെന്ന് ബോധ്യമായതിനാൽ സർച്ചാർജ് നടപടി ഒഴിവാക്കാവുന്നതാണെന്ന ഓഡിറ്റ് ഖണ്ഡികയിൽ ഇനം ഒന്നിൽ പരാമർശിച്ചിട്ടുള്ള വിഷയത്തിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നിർദ്ദേശവും, ഡി.ഡി.പി. അംഗീകരിച്ച കംപാരറ്റീവ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് ഇനം രണ്ടിൽ പരാമർശിച്ച പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുള്ളതെന്ന വിശദീകരണവും പരിഗണനാർഹമാണെന്ന് നിരീക്ഷിച്ച സമിതി ഇക്കാര്യം സർക്കാർ തലത്തിൽ സാധൂകരിക്കാവുന്നതാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നല്കുവാൻ തെളിവെടുപ്പ് വേളയിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ യാതൊരു റിപ്പോർട്ടും ലഭിച്ചിട്ടില്ല. ആയതിനാൽ, ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനമെടുത്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 67 | ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് | ഗവൺമെന്റ് സ്കൂളിനുവേണ്ടി ഫർണിച്ചർ വാങ്ങി നൽകിയത് സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായി മറ്റു ധനസഹായ സാദ്ധ്യതകൾ ഇല്ലാത്ത സാഹചര്യത്തിലാണെന്നും തയ്യൽ മെഷീൻ വാങ്ങിയതിന് പഞ്ചായത്തിന്റെ അംഗീകാരവുമുണ്ടായിരുന്നുവെന്നും തയ്യൽ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുവെന്നും യൂണിറ്റംഗങ്ങളിൽ നിന്ന് കൈപ്പറ്റ് രസീത് ലഭിച്ചിട്ടുണ്ടെന്നും ബോദ്ധ്യപ്പെട്ടതിനാൽ ആയതിന് സാധൂകരണം നല്കി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 22 | 69 | പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ ഗുണനിലവാരം ഗ്രാമപഞ്ചായത്തിന്റെ അസി. എഞ്ചിനീയർ പരിശോധിച്ച് ഉറപ്പാക്കിയ സാഹചര്യത്തിലും പ്രസ്തുത പ്രവൃത്തിക്ക് തകരാർ ഇല്ലെന്ന് പഞ്ചായത്തിന് ബോദ്ധ്യപ്പെട്ടതായുള്ള റിപ്പോർട്ട് പരിഗണിച്ചും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 72 | ,, | ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് നിർവ്വഹിച്ച ഏറിയാട്-മണ്ണാത്തിച്ചോല റോഡ് ടാറിംഗ് പ്രവൃത്തിയായതിനാൽ ഗുണഭോക്തൃവിഹിതം ഈടാക്കാനാവില്ലെന്ന സർക്കാർ മറുപടി ന്യായമാണെന്നും പരിചയക്കുറവുമൂലമാണ് ആവശ്യമായതിലും അധികം സാധനങ്ങൾ വാങ്ങിയതെന്നും പ്രസ്തുത സാധനങ്ങൾ മറ്റ് പ്രവൃത്തികൾക്ക് ഉപയോഗിച്ചിട്ടുണ്ടെന്നും വൗച്ചറുകളെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി സംബന്ധിച്ച ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 73 | ,, | പഴയ പോസ്റ്റ് ഓഫീസ് പടി-നായർ വീട്ടിൽ പടി റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി പൂർത്തീകരിച്ച് 11-6-1999-ൽ അളവ് രേഖപ്പെടുത്തിയെങ്കിലും പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ച തൊഴിലാളികൾക്കുള്ള കൂലിയിനത്തിൽ നല്കേണ്ട തുക പിൻവലിച്ചത് ആറ് മാസത്തിനുശേഷമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതിനാലും മസ്റ്റർറോളിൽ അപാകതകളോ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ആക്ഷേപങ്ങളോ ഇല്ലാത്തതിനാലും മസ്റ്റർറോൾ തയ്യാറാക്കിയപ്പോഴുണ്ടായ കാലതാമസം മാപ്പാക്കി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 25 | 79 | കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് | 'പണിസ്ഥലത്ത് ലഭ്യമായ കരിങ്കല്ലിന്റെ വില യിൽ 30% ടെണ്ടർ അധികം കുറച്ചില്ല—നഷ്ടം 3670 രൂപ' എന്ന പരാമർശം പുനഃപരിശോധന നടത്തിയതിൽ നഷ്ടം ഉണ്ടായിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയി ച്ചത് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് ഖണ്ഡിക യിലെ പ്രസ്തുത തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 80 | ,, | പണിസ്ഥലത്ത് ലഭ്യമായ മണ്ണിന്റെ വില കുറയ്ക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട സെക്രട്ടറിയിൽനിന്നും വിശദീകരണം ആവശ്യപ്പെടുന്നതിനും ആയത് തൃപ്തികര മല്ലെങ്കിൽ അദ്ദേഹത്തിന്റെ പക്കൽനിന്നും നഷ്ടത്തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നുവെ ങ്കിലും ആയതിന്മേൽ യാതൊരു മറുപടിയും സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രസ്തുത നടപടി യിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്ന തോടൊപ്പം സമിതി ആവശ്യപ്പെട്ടതിൻപ്രകാര മുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കളിസ്ഥല നിർമ്മാണത്തിന് ആവശ്യമായ തിലും അധികം സാധനസാമഗ്രികൾ വാങ്ങി യതുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് തുക ഈടാക്കി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 83 | എടയൂർ ഗ്രാമപഞ്ചായത്ത് | പ്രോജക്ട് നടപ്പിലാക്കാൻ ലക്ഷ്യമിട്ട പ്രദേശത്തിന് യോജിച്ച 40 എച്ച്.പി. ശേഷിയുള്ള ട്രാക്ടർ സർക്കാർ സ്ഥാപനമായ റെയ്ഡ്കോ യിൽ ലഭ്യമല്ലാത്തതിനാൽ ഗുണഭോക്തൃ കമ്മിറ്റി തീരുമാനപ്രകാരവും പഞ്ചായത്ത് അംഗീകാരത്തോടെയുമാണ് പൊതുവിപണി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | യിൽനിന്ന് ട്രാക്ടർ വാങ്ങിയതെന്നും പ്രസ്തുത ട്രാക്ടർ ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിക്കുന്നുവെന്നുമുള്ള വിശദീകരണം തൃപ്തികരമാണെന്ന് സമിതി വിലയിരുത്തുന്നു. യന്ത്രങ്ങൾ വാങ്ങിയതിനുശേഷം ബാക്കി വന്ന തുക പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ ശിപാർശ ചെയ്യുന്നു. |
| 28 | 90 | എടയൂർ ഗ്രാമപഞ്ചായത്ത് | അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനത്തിന് പശ്ചാത്തല സൗകര്യമൊരുക്കുവാനുള്ള പദ്ധതി ഡി.പി.സി. യുടെ അനുമതി തേടാതെ മാറ്റങ്ങൾ വരുത്തിയതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുണ്ടായിരുന്നുവെങ്കിൽ ആയതിന് ഡി. പി. സി. യുടെ അനുമതി തേടേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. പദ്ധതി ആദ്യം വിഭാവനം ചെയ്തതുപോലെ അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രയോജനം ലഭ്യമാക്കിയിട്ടില്ല എങ്കിലും പദ്ധതി ഫണ്ട് ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടില്ല എന്നതും ഭേദഗതി ചെയ്ത പദ്ധതി പ്രകാരം കൃഷിഭവനുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതും സ്ഥലം പഞ്ചായത്തിന്റെ ആസ്തിയായി തന്നെ നിലനിൽക്കുന്നു എന്നതും പരിഗണിച്ച് ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 91 | ,, | വനിതാ ഡി.ടി.പി. സെന്റർ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതിക്ക് കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും പദ്ധതി പ്രാവർത്തികമാക്കുന്നതിനാവശ്യമായ കമ്പ്യൂട്ടറും മറ്റു പശ്ചാത്തല സൗകര്യങ്ങളും ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ലക്ഷ്യമിട്ട പദ്ധതി പ്രവൃത്തിപഥത്തിലെത്തിക്കാത്തത് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉചിതമായില്ല. കെട്ടിട നിർമ്മാണം പൂർത്തിയായി നാലുവർഷത്തിനുശേഷം അനുവദിച്ച മൃഗാശുപത്രിക്ക് കെട്ടിടം അനുവദിക്കേണ്ടി വന്നതിനാലാണ് വനിതാ ഡി.ടി.പി. സെന്റർ പ്രവർത്തനമാരംഭിക്കാൻ കഴിയാതെ പോയതെന്ന ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള മറുപടി തൃപ്തികരമല്ല. വനിതാ ഡി.ടി.പി. സെന്റർ പദ്ധതിക്കായി അനുവദിച്ച തുക വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടം മൃഗാശുപത്രിയുടെ പ്രവർത്തനത്തിനായി മേഖലാമാറ്റം വരുത്തി അനുവദിക്കുന്നതിന് ഡി.പി.സി. യുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതിരുന്ന പഞ്ചായത്ത് പ്രസ്തുത നടപടിയുടെ സാധൂകരണത്തിന് 2010 സെപ്റ്റംബറിലാണ് ഡി.പി.സി.ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് സമിതി നിരീക്ഷിക്കുന്നു. മേഖലാമാറ്റത്തിന് ഡി.പി.സി. യുടെ മുൻകൂർ അനുമതി തേടേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഏതായാലും പദ്ധതി ഫണ്ട് ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടില്ലെന്നുള്ളതും കെട്ടിടം മൃഗാശുപത്രിയാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്നതും പരിഗണിച്ച് ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കരുതെന്ന താക്കീതോടെ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 92 | എടയൂർ ഗ്രാമപഞ്ചായത്ത് | പട്ടികജാതി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള റെക്സിൻ ബാഗ്, ലെതർ ചെരുപ്പ് നിർമ്മാണകേന്ദ്രം സ്ഥാപിക്കുന്നതിനു കൂടി നിർമ്മിച്ച കെട്ടിടമാണ് മൃഗാശുപത്രിക്ക് നല്കിയത്. പട്ടികജാതി വിഭാഗത്തിനായി നീക്കിവച്ച ഫണ്ട് പൊതുവിഭാഗത്തിലേക്ക് വകമാറ്റി ചെലവഴിച്ചത് ഗൗരവമുള്ള വിഷയമായി സമിതി വിലയിരുത്തുകയും ആയതിന് പരിഹാരത്തുക വകയിരുത്തി പദ്ധതി പൂർത്തിയാക്കി റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് തെളിവെടുപ്പ് വേളയിൽ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സമിതി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് യാതൊരു മറുപടിയും ലഭി ച്ചിട്ടില്ലെങ്കിലും 2011-12 സാമ്പത്തിക വർഷത്തെ പദ്ധതിരേഖയിൽ ഇതിലേക്കായി 48,905 രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നും ഡി.പി.സി.യുടെ അംഗീകാരത്തിന് സമർപ്പി ക്കുകയും ചെയ്തിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തി രിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ സ്വീകരിച്ച മേൽ നടപടികൾ സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 94 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് | സമിതിയുടെ 8-9-2010-ൽ ചേർന്ന യോഗത്തിൽ ഓഡിറ്റ് ഖണ്ഡിക പരിഗണി ക്കവേ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ കെട്ടിട നികുതിയിനത്തിലുണ്ടായ വരുമാനച്ചോർച്ച തടയുന്നതിൽ പഞ്ചായത്ത് ഭരണസമിതിയു ടെയും സെക്രട്ടറിയുൾപ്പെടെയുള്ള ഉദ്യോഗ സ്ഥരുടെയും ഭാഗത്തുനിന്നും അലംഭാവമുണ്ടാ യതായും എത്രയുംവേഗം നഷ്ടത്തുക ഈടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണ മെന്ന മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നല്കുകയുണ്ടായി. സമിതി നിർദ്ദേശപ്രകാരം, കെട്ടിടവാടക നികുതി ഈടാക്കിയതിൽ കുറവ് വന്നതായി ഓഡിറ്റ് പരാമർശത്തിൽ ഉന്നയിച്ചിട്ടുള്ള 14,590 രൂപ തിരിച്ചടച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കിയത് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 32 | 96 | ,, | 1996-97-ൽ സർക്കാർ നിരക്കുപ്രകാരമുള്ള 56 രൂപയ്ക്ക് ജോലിചെയ്യാൻ തൊഴിലാളികളെ കിട്ടാത്തതിനാൽ 100 രൂപ നിരക്കിൽ കൂലി നൽകാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൂലി നൽകിയതെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാ ക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 33 | 98 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് | പ്രസ്തുത ഓഡിറ്റ് ഖണ്ഡിക 8-9-2010-ൽ സമിതിയുടെ പരിഗണനയ്ക്കെടുത്തെങ്കിലും യോഗത്തിന് ഹാജരായ ഉദ്യോഗസ്ഥർക്കൊന്നും പരാമർശവിഷയം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് മറുപടി നല്കുവാൻ സാധിക്കാതിരുന്നതിനാൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ആയതിന്റെ പരിശോധന മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. തുടർന്ന് 23-9-2010-ൽ സമിതി ടി ഓഡിറ്റ് ഖണ്ഡിക പരിഗണിക്കുകയുണ്ടായി. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശവിധേയമായ അറവുശാല കൊണ്ടോട്ടി എയ്റോഡ്രോമിന്റെ പരിസരത്ത് ആയിരുന്നു സ്ഥിതി ചെയ്തിരുന്നതെന്നും അവിടത്തെ മാലിന്യങ്ങൾ എയ്റോഡ്രോം പരിസരത്തെ മലീമസമാക്കിയതിനാൽ എയർപോർട്ട് അതോറിറ്റിയും ജില്ലാ കളക്ടറും ഇടപെട്ട് അറവുശാലയുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടിവന്നതിനെ തുടർന്ന് വാടകക്കാരൻ കറണ്ട് ചാർജ്ജടയ്ക്കാൻ വിസമ്മതിച്ചതിനാലാണ് കറന്റ് ചാർജ്ജ് പിഴസഹിതം അടയ്ക്കാൻ പഞ്ചായത്ത് നിർബന്ധിതമായതെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ വിശദീകരിച്ചു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 100 | ,, | നീറാട് കുളം റിപ്പയർ പ്രവൃത്തിക്ക് 40,284 രൂപ ചെലവ് ചെയ്തതിന്റെ ഗുണഭോക്തൃ സമിതി മിനിട്സ് ഒഴികെ എല്ലാ രേഖകളുമുണ്ടെന്നു പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും പ്രസ്തുത രേഖകൾ പരിശോധിച്ചിരുന്നുവെന്നും പത്തു ശതമാനം റീട്ടെൻഷൻ എമൗണ്ട് ഉണ്ടായിരുന്നതാണ് പഞ്ചായത്ത് സെക്രട്ടറി നൽകിയതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറും നല്കിയ വിശദീകരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 35 | 104 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് | കേരളോത്സവവുമായി ബന്ധപ്പെട്ട് അധികം ചെലവ് ചെയ്ത തുകയ്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതി സാധൂകരണം നൽകിയത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 36 | 107 | ,, | പദ്ധതി നിർവ്വഹണത്തിനായി തനതു ഫണ്ടിൽനിന്നും ക്രമരഹിതമായി അധിക തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിൽനിന്ന് യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ല. മാത്രമല്ല പ്രസ്തുത ചെലവിന് സർക്കാരിൽനിന്നും സാധൂകരണം ലഭ്യമായിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ അനുമതിയില്ലാതെ ചെലവഴിച്ച തുകയ്ക്ക് സർക്കാരിൽനിന്നും സാധൂകരണം വാങ്ങുകയോ അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് തുക ഈടാക്കുവാൻ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുകയോ ചെയ്ത് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 110 | ,, | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാതെ കേവലം പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം മാത്രം പദ്ധതിക്കായി പണം ചെലവഴിച്ചത് ഉചിതമായില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പദ്ധതി നിർവ്വഹണത്തിനായി തുക ചെലവഴിച്ചതിന് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതിയുടെ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സർക്കാർ മറുപടിയിൽ യാതൊന്നും പരാമർശിച്ചിട്ടില്ല. എന്നാൽ, ചെലവഴിച്ച തുക ഈടാക്കുവാൻ അന്നത്തെ സെക്രട്ടറിയുടെ പേരിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ആരംഭിച്ച റവന്യൂ റിക്കവറി നടപടിക്ക് ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നീക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി സർക്കാർ മറുപടിയിൽനിന്നും വ്യക്തമാകുന്നു. പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതിയെന്തെന്നും തുക ചെലവഴിച്ചതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുന്നതിന് സ്വീകരിച്ച നടപടിയെന്തെന്നുമുള്ള വിവരം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 112 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് | സാധനങ്ങൾ വിതരണം ചെയ്യുന്ന പി. ഡബ്ല്യൂ. ഡി. നിരക്ക് സാധനങ്ങളുടെ കമ്പോള നിരക്കിനേക്കാൾ കുറവാണെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഫീസറുടെയും ടാറിന്റെ വിലയിൽ ബാരലിന്റെ വിലയും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെയും വിശദീകരണം തൃപ്തികരമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 39 | 115 | ” | പദ്ധതി നിർവ്വഹണത്തിനായി വാങ്ങിയ ടാർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഒരു പ്രവൃത്തിക്ക് കൺവീനർക്ക് 17 ബാരൽ വിതരണം ചെയ്തെങ്കിലും പ്രസ്തുത പ്രവൃത്തി ടാറിംഗിനു പകരം കോൺക്രീറ്റിംഗായി മാറ്റിയെന്നും തന്മൂലം ടാർ ഉപയോഗിക്കേണ്ടതായി വന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ടാറിംഗ് പ്രവൃത്തിക്കായി നല്കിയ 17 ബാരൽ ടാറിൽ 11 ബാരൽ ടാർ കളവുപോയതാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ ബോധ്യപ്പെടുത്തുകയുണ്ടായി. ടാർ കളവ് പോയത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പോലീസിൽ പരാതിപ്പെട്ടതിൻപ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ പ്രസ്തുത ടാർ കണ്ടെത്താനായിട്ടില്ലെന്ന തീർച്ച റിപ്പോർട്ട് പോലീസ് നൽകിയിട്ടു |

373/2015.

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | ണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട കൺവീനറിൽ നിന്നും ടാറിന്റെ വില ഈടാക്കുകയോ റവന്യൂ റിക്കവറി നടത്തുകയോ ചെയ്യണമെന്ന നിർദ്ദേശത്തിൻമേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. ഓഡിറ്റ് ഖണ്ഡികയിലെ മറ്റു പരാമർശത്തിന്മേൽ അനന്തര നടപടി അവസാനിപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 40 | 119 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് | ചേപ്പിലിക്കുന്ന് ഹരിജൻ കോളനി റോഡ് പ്രവൃത്തിക്കായി കൺവീനർ കൈപ്പറ്റിയ തുകയിൽ അളവെടുത്തതിൻപ്രകാരമുള്ള തുക കുറവുചെയ്ത് ബാക്കി തുക ഈടാക്കിയതായുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിന്മേൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 41 | 120 | ,, | പെരിന്തിരതോട് പാലം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 28,368 രൂപയായിരുന്നുവെന്നും പ്രസ്തുത പ്രവൃത്തി 21,000 രൂപയ്ക്ക് പൂർത്തിയായെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സവും നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 42 | 121 | ,, | ഓഡിറ്റ് ഖണ്ഡികയിലെ മൂന്നു മുതൽ പതിനാറു വരെയുള്ള ഇനങ്ങളിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങളും നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 127 | ,, | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് 1999-2000 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിച്ച മൈത്രി ഭവന പദ്ധതിക്കായി ഒരാൾക്ക് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 12,500 രൂപ നിരക്കിൽ 128 ഗുണഭോക്താക്കൾക്ക് നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 16,00,000 രൂപ പഞ്ചായത്തിന്റെ വിഹിതമായി അടവാക്കിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. മൈത്രി ഭവന പദ്ധതി നടപ്പിലാക്കുമ്പോൾ ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചിരുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതിയുടെ ഗുണഭോക്താക്കളായി 106 അപേക്ഷകർ ഉണ്ടായിരുന്നപ്പോൾ 128 പേർക്ക് വിഹിതമടച്ചതിന്റെ സാംഗത്യം മനസ്സിലാകുന്നില്ല. ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് മാത്രം തുക അടയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് പദ്ധതിക്കായി വിതരണം ചെയ്ത തുക സംബന്ധിച്ച വിവരം ശേഖരിച്ച് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും നൽകിയ റിപ്പോർട്ടിൽ വിഹിതം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വ്യത്യാസമില്ലെങ്കിലും തുകയുടെ കാര്യത്തിൽ അന്തരമുള്ളതായി സമിതി നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്ത് ഭവനനിർമ്മാണ ബോർഡിൽ 128 പേർക്കായി അടവാക്കിയ 16,00,000 രൂപയിൽ 105 ഗുണഭോക്താക്കൾക്ക് 12,500 രൂപാ നിരക്കിൽ വിതരണം ചെയ്തതായി പറയപ്പെടുന്ന തുക കിഴിച്ച് 2,87,500 രൂപയാണ് തിരിച്ചടയ്ക്കേണ്ടതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നല്കിയ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ മേൽപ്പറഞ്ഞ 105 ഗുണഭോക്താക്കളിൽ മൂന്ന് പേർക്ക് 9,000 രൂപാ വീതം മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. അത് പ്രകാരം പ്രസ്തുത ഗുണഭോക്താക്കളുടെ പേരിൽ അടവാക്കിയ 10,500 (12500-9000=3500x3) രൂപ കൂടി ഭവന നിർമ്മാണ ബോർഡിൽനിന്നും പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 44 | 128 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് | മൈത്രി ഭവനനിർമ്മാണ പദ്ധതിപ്രകാരം ഭവനനിർമ്മാണ ബോർഡിന് സബ്സിഡി ഇനത്തിൽ ലഭിക്കുവാനുള്ള തുക ലഭിക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്ത് അടവാക്കിയ തുക തിരികെ നൽകാമെന്ന് ഭവന നിർമ്മാണ ബോർഡിന്റെ നിലപാടിനോട് സമിതി യോജിക്കുന്നില്ല. ആയതിനാൽ, കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് 1999-2000-ൽ നടപ്പാക്കിയ സമഗ്ര ഭവന നിർമ്മാണ പദ്ധതിക്കായി നിക്ഷേപിച്ച 16,00,000 രൂപയിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുക കുറവുചെയ്ത് അവശേഷിക്കുന്ന 2,98,000 രൂപ (2,87,500 + 10,500) അടിയന്തരമായി തിരികെ നൽകുവാനും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 45 | 132 | ,, | ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവൃത്തികളുടെ ആവശ്യത്തിന് 120 ബാരൽ ടാറിനായി സിഡ്കോയിൽ തുക അടച്ചപ്പോൾ 119 ബാരൽ ടാർ സിഡ്കോ നല്കിയതിന് രേഖകളുണ്ടെന്നും അവശേഷിച്ച ഒരു ബാരലിന്റെ വില സിഡ്കോ തിരികെ നല്കിയെന്നും സമിതി മനസ്സിലാക്കുകയുണ്ടായി. പഞ്ചായത്ത് വാങ്ങിയ 119 ബാരൽ ടാറിൽ 115 ബാരൽ ടാർ വിതരണം ചെയ്തതിനും രേഖകളുള്ളതായി നിരീക്ഷിച്ച സമിതി സ്റ്റോക്കിൽ അവശേഷിക്കേണ്ടിയിരുന്ന നാല് ബാരൽ ടാർ കാണാത്തതിനാൽ ആയതിന്റെ വില ഉത്തരവാദിയായ സെക്രട്ടറിയിൽനിന്ന് ഈടാക്കാൻ തെളിവെടുപ്പ് വേളയിൽ നിർദ്ദേശിക്കുകയുണ്ടായി. സമിതി നിർദ്ദേശപ്രകാരം 4 ബാരൽ ടാറിന്റെ വില റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവുവച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 46 | 135 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് ഖണ്ഡികയിലെ ഇനം ഒന്നിൽ പരാമർശിച്ചിട്ടുള്ള ഒരു പ്രവൃത്തിയിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി, എന്നാൽ നിലവിലുണ്ടായിരുന്ന മണ്ണ് ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യത്തിലായിരിക്കാം പുറത്തുനിന്ന് മണ്ണ് ശേഖരിച്ചതെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ ശിപാർശ ചെയ്യുന്നു. |
| 47 | 136 | ,, | ഓഡിറ്റ് ഖണ്ഡികയിലെ ഇനം രണ്ടിൽ പരാമർശിച്ചിട്ടുള്ള വിഷയം സമാഹൃത റിപ്പോർട്ട് 2002-2003-ലെ ഓഡിറ്റ് ഖണ്ഡിക VII.I.10.4 (ix)-ലും പരാമർശവിധേയമായിട്ടുണ്ട്. ആയതിന്മേലുള്ള സമിതിയുടെ ശിപാർശ ഈ റിപ്പോർട്ടിലെ ഖണ്ഡിക 112-ൽ നല്കിയിട്ടുണ്ട്. |
| 48 | 137 | ,, | പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം ഗുണഭോക്തൃവിഹിതം ഒഴിവാക്കിയതിനാലാണ് ഓഡിറ്റ് ഖണ്ഡികയിലെ ഇനം മൂന്നിൽ പരാമർശിച്ചിട്ടുള്ള തുക പിരിക്കുകയോ ബില്ലിൽ കുറയ്ക്കുകയോ ചെയ്യാത്തതെന്ന വിശദീകരണത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 49 | 139 | ,, | പദ്ധതിപ്രകാരമുള്ള ആനുകൂല്യം നേടിയവർ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്ന പഞ്ചായത്ത് സമർപ്പിച്ച മറുപടി പുനഃപരിശോധനാ വേളയിൽ പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 50 | 141 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം നിലവിലുള്ള ഗുണഭോക്തൃ സമിതി തന്നെ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നതും പൈപ്പ് വാങ്ങിയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടി പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

## സർക്കാർ നൽകിയ മറുപടി

(2002-03) കരിമ്പ്രാന്ത ഗ്രാമ പഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2002–03 | VII.1.10. 7.(i) | | ഓഡിറ്റ് പരാമർശത്തിൽ ഉത്തരവാദി ആയ മുൻ സെക്രട്ടറി ശ്രീമതി. കെ.എസ്. വത്സമ്മക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 30-01-2007ലെ L.F.19478/Spl. Cell (SC5)/04 നമ്പരായി സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അതു പ്രകാരം തുക അടക്കാനാവശ്യപ്പെട്ടു കൊണ്ട് 30-06-07ന് എ1 66/06 നമ്പറായി ശ്രീമതി വത്സമ്മക്ക് ഡി. നോട്ടീസ് നൽകിയെങ്കിലും ശ്രീമതി വത്സമ്മ സർചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ബഹു.<br>[illegible]ജില്ലാകോടതിയിൽ OP92/07 നമ്പർ പ്രകാരം അന്യായം ഫയൽ ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2. | 2002-03 | VII.1.10. 7(i) | | ഓഡിറ്റ് പരാമർശത്തിൽ ഉത്തരവാദി ആയ മുൻ സെക്രട്ടറി ശ്രീമതി കെ. എസ്. വത്സലക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 30-01-2007ലെ L.F.19478/Spl.Cell (SC5)/04 നമ്പരായി സർചാർജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അതു പ്രകാരം തുക അടയ്ക്കാനാവശ്യപ്പെട്ടു കൊണ്ട് 20-06-07ന് എ1 55/06 നമ്പറായി ശ്രീമതി വത്സലക്ക് രജി. തപാലിൽ കത്ത് നൽകിയെങ്കിലും ശ്രീമതി വത്സല സർചാർജ് സർട്ടിഫിക്കറ്റിനെതിരെ ബഹു. [illegible] ജില്ലാ കോടതിയിൽ OP92/07 നമ്പർ പ്രകാരം അന്യായം ഫയൽ ചെയ്തിട്ടുണ്ട്. |
| 3. | 2002-03 | VII.1.10. 7.(iii) | | ഓഡിറ്റ് പരാമർശത്തിൽ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ.സി.വേലായുധന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 31-01-2007ലെ LF.19478/Spl Cell (SC 5)/04 നമ്പരായി സർചാർജ് നോട്ടീസ് നൽകിയിട്ടുണ്ട്. അധികം ചെലവഴിച്ചതായി പരാമർശിച്ച 37370/-രൂപയിൽ 23007 രൂപ പദ്ധതി നിർവ്വഹണ ചെലവിനായി മാത്രം ചിലവഴിച്ചതെന്നും, പത്രപരസ്യത്തിനുള്ള ചാർജും സപ്ലിമെന്റ് ചാർജിനുമായാണ് ചിലവഴിച്ചിട്ടുള്ളതെന്നും, കൂടാതെ 03-04-2000-ലെ GO(MS)71/2000 പ്രാദേശിക നമ്പർ ഉത്തരവ് പ്രകാരം 2000-01ലെ നിർവ്വഹണ ചിലവായി 75000/-രൂപ ചിലവഴിക്കാൻ അനുമതി നൽകിയിട്ടുള്ളതിനാൽ സർചാർജ് നടപടിയിൽ നിന്ന് ഒഴിവാക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് ആവശ്യപ്പെട്ടു കൊണ്ട് 19-04-2007-ലെ V(2) നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും 25/04/07-ലെ എ1 55/05 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് തീരുമാനം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 4. | 2002-03 | VII.1.10.7.(iv) | | ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സെക്രട്ടറി ശ്രീമതി കെ.എസ്.വത്സലക്ക് എതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 31-01-2007ലെ LF 19478/Spl Cell (C5)/04 നമ്പരായിസർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നൽകുകയും, പ്രസ്തുത സർചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ശ്രീമതി കെ.എസ്.വത്സല ബഹു. മഞ്ചേരി ജില്ലാകോടതിയിൽ ഒ.പി. 92/07 നമ്പരായി അന്യായം ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കണ്ടിജന്റിൽ നിന്നും തുക ഈടാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും ഇക്കാര്യം ബഹു. കോടതിയുടെ മുമ്പാകെയുള്ള വിഷയമായതിനാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. |
| 5. | 2002-03 | VII.1.10.7(v) | | ഓഡിറ്റ് പരാമർശത്തിൽ ഉത്തരവാദി യായ മുൻ സെക്രട്ടറി ശ്രീമതി കെ.എസ്.വത്സലക്ക് ലോക്കൽ ഫണ്ട്ഓഡിറ്റ് ഡയറക്ടർ 30-01-2007ലെ L.F.19478/Spl.Cell (SC5)/04 നമ്പരായി സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അതു പ്രകാരം തുക അടവാക്കാനാവശ്യപ്പെട്ടു കൊണ്ട് 30-06-07ന് എ1 65/06 നമ്പറായി ശ്രീമതി വത്സലക്ക് രജി. തപാലിൽ കത്ത് നൽകി.എന്നാൽ ശ്രീമതി വത്സല സർചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ബഹു. മഞ്ചേരി ജില്ലാ കോടതിയിൽOP92/07 നമ്പർ പ്രകാരം അന്യായം ഫയൽ ചെയ്തിട്ടുണ്ട്.. |

| | | | | |
|---|---|---|---|---|
| 6. | 2002-03 | VII.1.10. 7(vi) | | ഓഡിറ്റ് പരാമർശത്തിൽ ഉത്തരവാദി യായ മുൻസെക്രട്ടറി ശ്രീമതി കെ.എസ്.വത്സമ്മക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 30-01-2007ലെ L.F.19478/Spl.Cell (SC5)/04 നമ്പരായി സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അതു പ്രകാരം തുക അടവാക്കാനാവശ്യപ്പെട്ടു കൊണ്ട് 30-06-07ൽ എ1 55/06 നമ്പരായി ശ്രീമതി വത്സമ്മക്ക് രജി. തപാലിൽ കത്ത് നൽകി. എന്നാൽ ശ്രീമതി വത്സമ്മ സർ ചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ബഹു. മഞ്ചേരി ജില്ലാ കോടതിയിൽ OP92/07 നമ്പർ പ്രകാരം അന്യായം ഫയൽ ചെയ്തിട്ടുണ്ട്.. |
| 7. | 2002-03 | VII.1.10. 7(vii) | | ഓഡിറ്റ് പരാമർശത്തിൽ ഉത്തരവാദി യായ മുൻ സെക്രട്ടറി ശ്രീമതി കെ.എസ്.വത്സമ്മക്ക് ലോക്കൽ ഫണ്ട്ഓഡിറ്റ് ഡയറക്ടർ 30-01-2007ലെ L.F.19478/Spl.Cell (SC5)/04 നമ്പരായി സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അതു പ്രകാരം തുക അടവാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 30-06-07ൽ എ1 55/06 നമ്പരായി ശ്രീമതി വത്സമ്മക്ക് രജി. തപാലിൽ കത്ത് നൽകി.എന്നാൽ ശ്രീമതി വത്സമ്മ സർച്ചാർജ്ജ്സർട്ടിഫിക്കറ്റിനെതിരെ ബഹു. മഞ്ചേരി ജില്ലാ കോടതിയിൽOP92/07 നമ്പർ പ്രകാരം അന്യായം ഫയൽ ചെയ്തിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 8. | 2002-03 | VII.1.10. 7(viii) | | ഓഡിറ്റ് പരാമർശത്തിൽ ഉത്തരവാദി ആയ മുൻ സെക്രട്ടറി ശ്രീമതി. കെ.എസ്.വത്സലക്ക് ലോക്കൽ ഫണ്ട്ഓഡിറ്റ് ഡയറക്ടർ 30-01-2007ലെ L.F.19478/Spl.Cell (SC5)/04 നമ്പരായി സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അതു പ്രകാരം തുക അടവാക്കാനാവശ്യപ്പെട്ടു കൊണ്ട് 30-06-07ൽ എ1 55/06 നമ്പറായി ശ്രീമതി വത്സലക്ക് ഞി. നോട്ടീസ് കത്ത് നൽകിയെന്നാൽ ശ്രീമതി വത്സല സർച്ചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തOP 92/07 നമ്പർ പ്രകാരം അന്യായം ഫയൽ ചെയ്തിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2004-05) കരപ്പുറം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന

ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 9. 1 | 2004-05 | 3:49:19(1) 3.10.7.19.1 | | 100000/- രൂപയായിരുന്നു കോസ്റ്റ് ഫോർഡിന് ഡെപ്പോസിറ്റ് നൽകിയിരുന്നത്. ടി തുക പലിശ സഹിതം 02-06-05ലെ 271847 നമ്പർ ചെക്ക് പ്രകാരം 137000/- രൂപ കോസ്റ്റ്ഫോർഡ് പഞ്ചായത്തിൽ തിരികെ അടയ്ക്കുകയും ആയത് 12-06-06ന് പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വെക്കുകയും ചെയ്തിട്ടുണ്ട്. |

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ(2002-03)

## വാഴയൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശ വിഷയത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | V11.1.10. 9 9(i) | | യഥാർത്ഥത്തിൽ പദ്ധതി 1,64,900 രൂപയായിട്ടാണ് വർധി പ്പിച്ചിട്ടുള്ളത്. (പഞ്ചായത്ത് തീരുമാന നമ്പർ 5 എഫ് (7)തിയ്യതി 20-02-01) ആഡിറ്റ് റിപ്പോർട്ടിൽ 1,68,400 രൂപ എന്നത് പിശക് പറ്റിയതാണ്. പഞ്ചായത്ത് 20-02-01 ലെ എഫ്(7) നമ്പർ തീരുമാനപ്രകാരം പ്രൊജക്ട് ഭേദഗതിചെയ്യാൻ തീരുമാനിച്ചിരുന്നു. ആയത് പ്രകാരം പ്രൊജക്ട് മാറ്റി എഴുതി യഥാസമയം അംഗീകാരം വാങ്ങിയിട്ടില്ലായിരുന്നു. ആയതിന് അംഗീകാരം വാങ്ങിക്കുന്നതിന് 26-06-08 ലെ 19(6) നമ്പർ തീരുമാനപ്രകാരം ഡി.പി.സി. യോട് അപേക്ഷിക്കാൻ പഞ്ചായത്ത് തീരുമാനമെടുക്കുകയും 30-06-08 ലെ എ1. 380/2008 നമ്പർ കത്ത് പ്രകാരം അംഗീകാരത്തിന് ഡി.പി.സിയോട് അപേക്ഷിക്കുകയുംചെയ്തിട്ടുണ്ട്.<br><br>1,64,900 രൂപ 03-04-01 ന് വാഴയൂർ സർവ്വീസ് സഹകരണ ബാങ്ക് അഴിഞ്ഞിലം ബ്രാഞ്ചിൽ അടച്ചു. (വൗച്ചർ നമ്പർ 90 തി യ്യതി 27-03-01) തുക ബാങ്കിൽ അടച്ചതിന് രേഖയായി ബാങ്ക് സ്ലിപ്പുണ്ട്. ബാങ്ക് സെക്രട്ടറിയുടെ 27-06-08 ലെ കത്ത് പ്രകാരം 1,64,900 രൂപ യിൽ 22 ഗുണഭോക്താക്കൾക്ക് ഒരാൾക്ക് 5000 രൂപ വീതം 1,10,000 രൂപ സബ്സിഡിയായി നൽകിയതായി അറിയി ച്ചിട്ടുണ്ട്. ബാങ്കിൽ നിന്നും സബ്സിഡി നൽകിയ 22 ഗുണഭോക്താക്കളുടെ ലിസ്റ്റ് വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. ചെലവാകാതെ ബാങ്കിൽ ബാക്കിയുണ്ടായിരുന്ന തുക 54,900 രൂപ (58,400 രൂപ എന്ന് ആഡിറ്റ് റിപ്പോർട്ടിൽ കാണിച്ചത് പിശക് പറ്റിയതാണ്.) പഞ്ചായത്ത് ആവശ്യപ്പെ |

(തുടർച്ച പേജ് 2)

| | | | |
|---|---|---|---|
| | | | ട്ടതിന്റെ അടിസ്ഥാനത്തിൽ മേപ്പടി ബാങ്കി ൽ നിന്നും ടി ബാങ്കിന്റെ ശാഖയായ വാഴയൂർ സർവ്വീസ് സഹകരണബാങ്ക് കക്കോവ് ബ്രാഞ്ചിൽ പഞ്ചായത്തിന്റെ അക്കൗണ്ടി ലേക്ക് മാറ്റി നിക്ഷേപിച്ചിട്ടുണ്ട്(അക്കൗണ്ട് നമ്പർ എസ്.ബി.84) തുക പഞ്ചായത്തിന്റെ പാസ്ബുക്കിൽ 11-7-07 ന് വരവ് ചേർത്തിയിട്ടുണ്ട്.<br><br>ലോൺ ലിങ്ക്ഡ് പ്രൊജക്ടായതിനാൽ സബ്സിഡി തുക നേരിട്ട് ബാങ്കിന് നൽകിയതാണ്. ഈ തുകക്ക് പലിശയുണ്ടെങ്കിൽ ആയത് അനുവദിച്ചു തരുന്നതിന് ബാങ്ക് മാനേജർക്ക് 30-6-08ന് കത്ത് നൽകിയിട്ടുണ്ട്. നിയമവിരുദ്ധമായി ഈ പദ്ധതി നടത്തിപ്പ് ബാങ്കിനെ ഏൽപ്പിച്ചതിനും പശുക്കളെ ഇൻഷൂർ ചെയ്തതിനുള്ള രേഖകൾ ഹാജരാക്കാത്തതിനും അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. എ. ആണ്ടിക്കുട്ടി, അലുവിങ്ങൽ ഹൗസ്, പി.ഒ. ഒളവണ്ണ, കോഴിക്കോട് ജില്ല എന്നയാളോട് 24-6-08ലെ എ1. 334/8 (2)നമ്പർ റജിസ്റ്റേഡ് കത്ത് പ്രകാരം വിശദീകരണം ചോദിച്ചിട്ടുണ്ട്. |

# വാഴയൂർ ഗ്രാമ പഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശ വിഷയത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2002-03 | V11.1.10.8(ii) | | പഞ്ചായത്ത് 30.03.98–ലെ 10–ാം നമ്പർ തീരുമാന പ്രകാരം 135 മീറ്റർ ടാറിംഗ് പ്രവൃത്തി 45 മീറ്റർ കൂടി അധികരിച്ച് 180 മീറ്റർ നടത്താൻ തീരുമാനിച്ചിരുന്നു. 27.10.2000 ലെ 14–ാം നമ്പർ തീരുമാനപ്രകാരം അധികം വേണ്ടിവരുന്ന തുക V.T.C ഗ്രാന്റിൽ നിന്നും എടുത്ത് വിനിയോഗിക്കാൻ തീരുമാനിച്ചിരുന്നു. റോഡ് 45 മീറ്റർ കൂടി അധികരിച്ച് 180 മീറ്റർ ടാർ ചെയ്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ല. കൺവീനറിൽ നിന്നും വസൂലാക്കാൻ വിട്ടുപോയ ടാർ ബാരലിന്റെ വില 1100 രൂപ പഞ്ചായത്ത് ഫണ്ടിൽ അടക്കുന്നതിന് 30.06.08ലെ A1.383/08 നമ്പർ റജിസ്റ്റേർഡ് നോട്ടീസ് പ്രകാരം കൺവീനർ ശ്രീ.പി. വി. മുഹമ്മദിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടിയാൻ തുക അടക്കാത്ത പക്ഷം അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.എൻ. മുഹമ്മദ് (ഇപ്പോൾ- സെക്രട്ടറി മാറഞ്ചേരി ഗ്രാമപഞ്ചായത്ത് മലപ്പുറം ജില്ല) എന്നവരിൽ നിന്നും തുക വസൂലാക്കുന്നതാണ്. ഇക്കാര്യത്തിൽ സെക്രട്ടറി ശ്രീ.എൻ.മുഹമ്മദിനോട് ഈ ഓഫീസിലെ 24.6.08ലെ A1. 334/08(1)നമ്പർ കത്ത് പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. മുൻകൂറായി പദ്ധതിമാറ്റി എഴുതി പുതുക്കിയ എസ്റ്റിമേറ്റും സാങ്കേതികാനുമതിയും ഇല്ലാതെ ടി പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽബില്ല് കൊടുത്ത നടപടിക്ക് സാധൂകരണം തേടുന്നതിന് 28.6.08ലെ 19(6)നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് തീരുമാനിക്കുകയും, 28.06.08 ലെ എ1. 381/08 നമ്പർ കത്ത്പ്രകാരം സർക്കാറിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

# ചെറുകാവ് ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | VII.1. 10.10 (i) | | (i) 1.6.98 മുതൽ 31.10.98 വരെ സെക്രട്ടറി ചുമതലയിലുണ്ടായിരുന്ന സർവ്വ ശ്രീ. ശിവരാമൻ ആചാരി, ടി. രാമൻ, എം.കെ. അബൂബക്കർ എന്നിവർക്ക് 01-07-08 ലെ എ1 370/03 നമ്പറായി തുക അടവാക്കണമെന്ന് ആവശ്യപ്പെട്ട് സർട്ടിഫിക്കറ്റ് പോസ്റ്റിലായി 5.07.08 ന് കത്തയച്ചിട്ടുണ്ട്. |

# ചെറുകാവ് ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പര്‍ | ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോര്‍ട്ട് വര്‍ഷം | ഓഡിറ്റ് ഖണ്ഡിക നമ്പര്‍ | | ഓഡിറ്റ് പരാമര്‍ശത്തിന്മേല്‍ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2002-03 | VII .1. 10.10 (ii) | | (ii) ഉത്തരവാദിയായ സെക്രട്ടറിയുടെ മേല്‍ സര്‍ച്ചാര്‍ജ്ജ് നടപടിക്ക് 28.04.2004 ലെ LFM 7/1795/03 നമ്പര്‍ കത്ത് പ്രകാരം ശുപാര്‍ശ ചെയ്തിട്ടുണ്ട്. |
| 3 | | VII .1.10.10 (iii) | | (iii) വി.ഇ.ഒ. ശ്രീ. ശിവദാസന്‍ 8.12.03ന് നല്‍കിയ മറുപടി പരിഗണിച്ച് 27.8.05ന് 4(10) നമ്പറായി തട്ടും ഒഴിവാക്കേണ്ടതാണെന്ന് പഞ്ചായത്ത് തീരുമാനിക്കുകയും അപേക്ഷ മലപ്പുറം ജില്ല ജോയിന്റ് ഫണ്ട് ഡെപ്യൂട്ടി ഡയറക്ടര്‍ക്ക് 5.10.2005 എ 1. 370/03 നമ്പറായി സമര്‍പ്പിക്കുകയും ചെയ്തു. തുടര്‍ നടപടി സ്വീകരിച്ചിട്ടില്ല.<br>ഉത്തരവാദിയായ അന്നത്തെ പ്രസിഡണ്ട് ശ്രീ. സി.പി. കോയമൊയ്തീന്റെ പേരില്‍ 2.6.06 എല്‍.എഫ് 21295/Spl Cell/SC.5/04 പ്രകാരം ജോയിന്റ് ഫണ്ട് ഡയറക്ടര്‍ 32000 രൂപയില്‍ 8000 രൂപ ഒഴിവാക്കി നല്‍കുകയും 24000 രൂപയ്ക്ക് സര്‍ചാര്‍ജ്ജ് നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

# ചെറുകാവ് ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സാമ്പത്തിക ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 4 | 2002 - 03 | VII .I. 10.10 (iv) | | (iv) സെക്രട്ടറിയുടെ മേൽ സർച്ചാർജ് നടപടിക്ക് 28.04.2004 ലെ LFM 7/1795/03 നമ്പർ കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. |
| 5 | | VII .I. 10.10 (v) | | (V) ഉപാധിരഹിത ഫണ്ട് അധിക ചെലവിന് ഉത്തരവാദിയായ റിട്ടയേർഡ് സെക്രട്ടറി ടി. എം. ചെറിയക്കന്റെ പേരിൽ സർച്ചാർജ് സർട്ടിഫിക്കറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അവർകൾക്ക് 08-06-2007ന് പുറപ്പെടുവിച്ചിട്ടുണ്ട്, സർച്ചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക അടവാക്കുന്നതിനായി 26-09-2007ന് രജിസ്ട്രേഡ് കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് ടിയാൻ തന്ന മറുപടിയിൽ സർച്ചാർജുമായി ബന്ധപ്പെട്ട ഒരു കേസ് ബഹു. മഞ്ചേരി ജില്ലാ കോടതിയിൽ ഒരു ഒ.പി. ഫയൽ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഒ പിയുടെ പകർപ്പ് ലഭിച്ചിട്ടില്ല. ഒ.വി. നമ്പർ (ആഡിറ്റ്) 204/07 ജില്ലാകോടതി, മഞ്ചേരി |

R. BALACHANDRAN NAIR
Joint Secretary to Govt.
Local Self Govt. Department
Secretariat, Thiruvananthapuram

**ഉൾക്കോട്ടില ഗ്രാമ പഞ്ചായത്ത്**

| ക്രമ നമ്പർ | പരാമർശമുള്ള ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-04 | 3-10-1 | | ഓഡിറ്റ് ഖണ്ഡിക പരാമർശ പ്രകാരമുള്ള തുകയായ 10670.50രൂപ 5-10-2005 തിയ്യതിയിലെ 42464/03 -ാം നമ്പർ രസീതി പ്രകാരവും 30.60 രൂപ 14-03-2008 തിയ്യതിയിലെ 41014/27 നമ്പർ രസീതി പ്രകാരവും അടവാക്കിയിട്ടുണ്ട്. |

## നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-04 | 3-10-2-1 | | ധനാപഹരണം സംബന്ധിച്ച് ആ കാലയളവിലെ UD ക്ലാർക്ക് ആയിരുന്ന ശ്രീ.പി.രാജഗോപാലനെതിരെ കോഴിക്കോട് വിജിലൻസ് കോടതിയിൽ VC 3/04 (MPM) നമ്പർ ആയി വിജിലൻസ്കേസ് നിലനിൽക്കുന്നുണ്ട്. |
| 2 | 2003-04 | 3-10-2-2 | | അന്നത്തെ സെക്രട്ടറിയായ ശ്രീ.കെ.വി. വിദ്യന് ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ 27-3-2007 ലെ LF 6068/Spl.Cell (SCS) 05 (1) നമ്പർ പ്രകാരം സർചാർജ് നോട്ടീസ് നൽകിയിട്ടുണ്ട്. |

നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3 | 2003-04 | 3-10-2-3 | | അന്നത്തെ സെക്രട്ടറിയായ ശ്രീ.കെ.വി. വിദ്യന് ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ 27-3-2007 ലെ LF 6068/ Spl.Cell (SCS) 05 (1) നമ്പർ പ്രകാരം സർചാർജ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 4 | 2003-04 | 3-10-2-4 | | അന്നത്തെ സെക്രട്ടറിയായ ശ്രീ.കെ.വി. വിദ്യന് ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ 27-3-2007 ലെ LF 6068/ Spl.Cell (SCS) 05 (1) നമ്പർ പ്രകാരം സർചാർജ് നോട്ടീസ് നൽകിയിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റിങ്ങ് ഡയറക്ടറുടെ 2003 - 2004 സമാഹൃത റിപ്പോർട്ടിൻമേൽ

നന്നംമുക്ക് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 5 | 2003 - 04 | 3 - 10 - 2 - 5 | | അന്നത്തെ സെക്രട്ടറിയായ ശ്രീ.കെ.വി. വിദ്യന് ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ 27 - 3 - 2007 ലെ **LF** 6068/ Spl.Cell (SCS) 05 (1) നമ്പർ പ്രകാരം സർചാർജ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 6 | 2003 04 | 3 10 2 6 | | അന്നത്തെ സെക്രട്ടറിയായ ശ്രീ.കെ.വി.വിദ്യന് ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ 27 - 3 - 2007 ലെ **LF** 6068/Spl.Cell (SCS) 05 (1) നമ്പർ പ്രകാരം സർചാർജ് നോട്ടീസ് നൽകിയിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2003-04) **ഒതുക്കുങ്ങൽ** ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-04 | 03-10-03 | | ഓഡിറ്റിൽ പരാമർശിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട എൻജിനീയർ മാളിയേക്കൽ അബൂബക്കറിൽനിന്ന് തുക ഈടാക്കുന്നതിന് 27-02-06ൽ എ215/03-ാം നമ്പർ ആയി നോട്ടീസ് നൽകിയിരുന്നു.<br>ടി കത്തിന് അബൂബക്കർ നൽകിയ മറുപടിയിൽ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തെറ്റാണെന്ന് അറിയിക്കുകയുണ്ടായി. പിന്നീട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 22-08-07ലെ എൽ എഫ്. എം. 10/1542/2007 നമ്പർ കത്തിൽ, അബൂബക്കർ ജീവിച്ചിരിപ്പില്ല എന്നും, മേൽ സാഹചര്യത്തിൽ തുക ഈടാക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കണമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അബൂബക്കറിന്റെ അവകാശിയും ഭാര്യയുമായ സജ്ന, മാളിയേക്കൽ വീട്, കണ്ണമംഗലം എന്നയാളോട് തുക അടക്കുവാൻ ആവശ്യപ്പെട്ട് 23-06-08ന് എ.215/03 നമ്പറായി രജിസ്ട്രേഡ് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. |

## ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-05 | 3-10-I-10-I | | ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിലെ ഏക ഹൈസ്കൂളായ ഗവ: ഹൈസ്കൂളിൽ പഞ്ചായത്തുകൂടി പ്രത്യേക താല്പര്യമെടുത്ത് ഹയർ സെക്കണ്ടറി അനുവദിച്ചപ്പോൾ അടിസ്ഥാന സൗകര്യങ്ങൾ പെട്ടെന്ന് ഉണ്ടാക്കേണ്ടി വന്നു. മറ്റ് ധനസഹായ സാധ്യതകൾ ലഭ്യമല്ലാതെ വന്ന സാഹചര്യത്തിലാണ് 76 ബെഞ്ചും 76 ഡെസ്കും പദ്ധതിയിൽപ്പെടുത്തി പഞ്ചായത്ത് വാങ്ങി നൽകിയത്. ഗുണമേന്മയുള്ള സാധനങ്ങൾ സപ്ലൈ ചെയ്യുന്ന എ.കെ. വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയത്. ഇതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 31-05-05ലെ 8(1)-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് 25-03-08ൽ എ.357/08-ാം നമ്പർ ആയി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്കൂൾ അധികൃതരുടെ രസീത് സംബന്ധിച്ച് അന്വേഷിച്ച് സത്യാവസ്ഥ ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>റേറ്റ് കോൺട്രാക്ട് സ്ഥാപനങ്ങളുള്ളപ്പോൾ തയ്യൽ മെഷീൻ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയതിന് അംഗീകാരം ലഭിക്കുന്നതിനുവേണ്ടി 31-05-05ലെ 8(1) നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം 25-03-08ന് എ 357/08 നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുണ്ട്. വനിതാഗ്രൂപ്പുമായി എഗ്രിമെന്റ് വെച്ചാണ് തയ്യൽമെഷീൻ നൽകിയിട്ടുള്ളത്. |

## പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ശുപാർശ/നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-04 | (3-10-04-1) | | പ്രവർത്തിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും 18-5-08 ലെ എ1/08-ാം നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി. റിപ്പോർട്ടിൽ പ്രവർത്തിക്ക് മതിയായ ഗുണനിലവാരം ഉണ്ടെന്ന് അന്വേഷണത്തിൽ അറിയിച്ചിട്ടുണ്ട്. |
| 2 | | (3-10-04-2) | | ഓഡിറ്റ് തടസ്സം തീർപ്പാക്കുന്നതിന് വേണ്ടി 27-4-2006 ന് A1-745/03 പ്രകാരം രജിസ്ട്രേഡ് ആയി നൽകിയ കത്ത് ബന്ധപ്പെട്ട സെക്രട്ടറി ശ്രീ പി.കെ. രാമൻ (ഇപ്പോൾ നിലമ്പൂർ പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് (1) ൽ സീനിയർ സൂപ്രണ്ടായി ജോലി ചെയ്യുന്നു) 5-6-2006 ന് കൈപ്പറ്റുകയും മറുപടി ലഭ്യമാകാത്തതിനാൽ 30-4-2007 ന് പ്രത്യേക ദൂതൻ വശം വീണ്ടും കത്ത് നൽകിയിട്ടും ആയതിന് ഇന്നേ വരെ മറുപടി ലഭിച്ചിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ശമ്പളത്തിൽ നിന്നും മൊത്തം സംഖ്യ 64303/ രൂപ കുറവ് ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് അടവു വരുത്തുന്നതിന് കൺട്രോളിംഗ് ആഫീസറായ മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറോടും, മലപ്പുറം ജില്ലാ ട്രഷറി ആഫീസറോടും 13-5-08 ലെ A3.1423/08 (1)നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. |

## കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-04 | 3. 10. 5 | | റവന്യൂ റിക്കവറി നടപടികൾ ശ്രീ.രാമൻ റിട്ടയേർഡ് സെക്രട്ടറി കരുവാരകുണ്ട് (ചക്കിങ്ങൽ തൊടി ഹൗസ്, എളങ്കൂർ പി.ഒ, മഞ്ചേരി) ക്ക് എതിരായി സ്വീകരിക്കുന്നതായി A1 949/08 dtd.16-05-2008 കത്ത് പ്രകാരം കലക്ട്രേറ്റിൽ റിപ്പോർട്ട് നൽകിയിട്ടുള്ളതും കലക്ടർ ഏറനാട് തഹസിൽ ദാർക്ക് നടപടിക്കായി 29/05/2008 ലെ Collectrate (D5) File No. 24984/10 നമ്പറായി നിർദ്ദേശിച്ചിട്ടുള്ളതുമാണ്.<br><br>കൂടാതെ ഓഡിറ്റിൽ നിരാകരിച്ചിരിക്കുന്ന 124924/- രൂപ അടവാക്കുന്നതിനും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് ശ്രീ. എം. ശിവദാസൻ, അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. വണ്ടൂർ ഗ്രാമപഞ്ചായത്ത് ന് 23/06/2008 ലെ A1 949/2006-ാം നമ്പർ പ്രകാരം [illegible] |

## എടയൂർ ഗ്രാമ പഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003—04 | 3.10.7 | | യന്ത്രങ്ങൾ വാങ്ങിയ ശേഷം ബാക്കിയുള്ള 73030/—രൂപയും ആയതിന്റെ പലിശയും രശീതി നമ്പർ 91/69021 തിയ്യതി 09/09/2004 പ്രകാരം സൊസൈറ്റി പഞ്ചായത്തിൽ 84076/—രൂപ തിരിച്ചടവാക്കിയിട്ടുള്ളതാണ്. 2/1/2004 മലപ്പുറം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ എഫ് എ 12/960/04 ലെ പുനരഭിപ്രായ കുറിപ്പ് പ്രകാരം ബന്ധപ്പെട്ട സഹകരണ സംഘം ഹാജരാക്കിയ രേഖകളുടെപരിശോധനയിൽ നിർവഹണഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ടെൻഡർ വ്യവസ്ഥകളും 20/8/98 ലെ ജി ഒ (പി) 175/98 ത. സ്വ. ഭ. വ നമ്പർ ഉത്തരവിലെ വ്യവസ്ഥകളും പാലിക്കാതെ സാമഗ്രികൾ വാങ്ങിയ നടപടി സാധൂകരിച്ച് കൊണ്ടുള്ള ഉത്തരവ് കൃഷി ഓഫീസർ ഗവൺമെന്റിൽ നിന്നും വാങ്ങേണ്ടതാണ് എന്ന് കൂടി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു ഇതനുസരിച്ച് ടെൻഡർ വ്യവസ്ഥകളും 20/08/98 ലെ ജി ഒ (പി) 176/98 ത. സ്വ. ഭ. വ നമ്പർ ഉത്തരവിലെ വ്യവസ്ഥകളും പാലിക്കാതെ സാധന സാമഗ്രികൾ വാങ്ങിയ നടപടി സാധൂകരിച്ച് കിട്ടുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ 16/5/2008 ലെ 6 (1) നമ്പർ തീരുമാന പ്രകാരം ബഹുമാനപ്പെട്ട സർക്കാരിലേക്ക് 23/5/2008 ലെ എ 86/04 നമ്പർ പ്രകാരം സമർപ്പിച്ചിട്ടുണ്ട്. |

## ഏടയൂർ ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-05 | 3.10.17.1 | | 1. 2000-01 വർഷം പ്രോജക്ട് രൂപീകരിക്കുകയും 2001-02 ൽ പൂർത്തിയാക്കുകയുംചെയ്ത ഈ പദ്ധതി 400 വാർഡിൽ ജില്ലാ പഞ്ചായത്ത് 2005-ൽ പൂർത്തിയാക്കിയ കൃഷിഭവൻ ഓഫീസിനോട് ചേർന്ന് കിടക്കുന്ന തോടിന്റെ സൈഡ് കെട്ടി ഉയർത്തി മണ്ണിട്ട് നികത്തി, കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന തെങ്ങിൻ തൈ, കുരുമുളക് വള്ളി ,കശുമാവിൻ തൈ, എന്നീ വിവിധ ഇനം തൈകളും, വിത്ത്, വളം എന്നിവയും കൊണ്ട് വരുന്ന ലോറികൾക്ക് ഉള്ളിലേക്ക്പ്രവേശിക്കുന്നതിനും, തൈകൾ ഇറക്കി വെക്കുന്നതിനും, സൂക്ഷിച്ച് വെക്കുന്നതിനുമുള്ളസൗകര്യത്തിനും വേണ്ടിയാണ് ഈ പദ്ധതി രൂപീകരിച്ചതും നടപ്പാക്കിയതും. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള പഞ്ചായത്ത് പ്രവർത്തിച്ച് വരുന്ന ജോയിന്റ് ഫാമിംങ് സഹകരണ സംഘത്തിന് കീഴിലുള്ള അഗ്രോ യൂണിറ്റിന്റെ ആവശ്യങ്ങൾക്കല്ല ഈ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും, വിഭാവനം ചെയ്തിട്ടുള്ളതും. 2006 ജൂൺ മാസം മുതൽ കൃഷിഭവൻ ഓഫീസ് പ്രവർത്തിച്ച് വരുന്നതിനാൽ ഇപ്പോൾ പൂർണ്ണമായി ഈ പദ്ധതി ഉപയോഗപ്രദമാണ്. ഈ പദ്ധതി ലക്ഷ്യംനേടിയിട്ടുണ്ട് . |

| | | | | |
|---|---|---|---|---|
| | | | | **വനിത ഡി.ടി.പി ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണം**<br><br>ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം വനിത ഡി.ടി.പി ട്രെയിനിംഗ് സെന്റർ നടത്താനുദ്ദേശിച്ച് ജില്ലാ പഞ്ചായത്ത് നിർമ്മിക്കുന്ന കൃഷിഭവൻ ഓഫീസിന് താഴെ ഒഴിഞ്ഞ്കിടക്കുന്ന സ്ഥലത്ത് സൗകര്യപ്പെടുത്തുക എന്നുദ്ദേശത്തോടെയാണ് നിർമ്മാണം പൂർത്തിയാക്കിയത്. എന്നാൽ കൃഷിഭവൻ, ജില്ലാ പഞ്ചായത്ത് ആണ് നിർമ്മിച്ച് കൊണ്ടിരുന്നത്.ആയത് വിട്ട് തരാതെ പഞ്ചായത്തിന് അതിന്റെ അടി ഭാഗത്തുള്ള ഈ മുറി സൗകര്യപ്പെടുത്തി ഉപയോഗപ്രദമാക്കാൻ കഴിയുമായിരുന്നില്ല. ജില്ലാ പഞ്ചായത്ത്, പഞ്ചായത്തിനെ ഏൽപ്പിച്ച്തന്ന അവസരത്തിൽ ഡി.ടി.പി സെന്റർ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനിടയിൽ എടയൂർഗ്രാമപഞ്ചായത്തിലേക്ക് പുതുതായി മൃഗാശുപത്രി അനുവദിച്ചിട്ടുണ്ടെന്നും 01.01.2006 ന് തന്നെ തുടങ്ങണമെന്നും വാടകയില്ലാതെ ഒരു കെട്ടിടം പഞ്ചായത്ത് സൗകര്യം ചെയ്ത് കൊടുക്കണമെന്നും കാണിച്ച് ആനിമൽ ഹസ്ബന്ററി ഡയറക്ടരുടെ 30.11.2005 ലെ ബി.217206/05 നമ്പർ കത്തും, തുടർന്ന് ടെലിഗ്രാമും അയച്ചതിനെ തുടർന്ന് പഞ്ചായത്തിന്റെ 1 (1) തിയ്യതി 08.12.2005 തീരുമാനപ്രകാരം ഈ കെട്ടിടവും അനുബന്ധമായി റെക്സിൻ ബാഗ്, ലതർ ചെരുപ്പ് നിർമ്മാണ കേന്ദ്രത്തിന് വേണ്ടി സൗകര്യപ്പെടുത്തിയ കെട്ടിടവും താൽകാലികമായി വിട്ട് കൊടുക്കുകയാണ് ഉണ്ടായത് . |

373/15

| | | | |
|---|---|---|---|
| | | | റെക്സിൻ ബാഗ്, ലെതർ ചെരുപ്പ് നിർമ്മാണ കേന്ദ്രം (പട്ടികജാതിവനിത) കെട്ടിട നിർമ്മാണം<br><br>പട്ടിക ജാതി മേഖലയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ വനിത റെക്സിൻ ബാഗ് ചെരുപ്പ് നിർമ്മാണ യൂണിറ്റിനായി ജില്ല പഞ്ചായത്ത് നിർമ്മിക്കുന്ന കൃഷിഭവൻ കെട്ടിടത്തിന് താഴെ ഭാഗം മുറികളാണ് സൗകര്യപ്പെടുത്തി നൽകുന്നതിന് ഉദ്ദേശിച്ചിരുന്നത് . എന്നാൽ പ്രസ്തുത കെട്ടിടം പൂർത്തിയായ ശേഷം അടിയന്തിരമായി മുകളിൽ സൂചിപ്പിച്ച മൃഗാശുപത്രി കെട്ടിടം പഞ്ചായത്ത് കണ്ടെത്തേണ്ടി വന്നതിനാൽ ഈ മുറിയും കൂടി ഉൾപ്പെട്ട ഭാഗമാണ് മൃഗാശുപത്രിക്ക്ഇപ്പോൾ താൽകാലികമായി നൽകിയിട്ടുള്ളത്. തന്നെയുമല്ല പട്ടിക ജാതി വനിതസഹകരണ സംഘം പഞ്ചായത്തിൽ നിർജ്ജീവ അവസ്ഥയിലുമാണ്. 11ാം പദ്ധതിയിൽ ഇവ കാര്യക്ഷമമായി പ്രവർത്തിക്കും വിധം പ്രോജക്ടുകൾ തയ്യാറാക്കുന്നതും മൃഗാശുപത്രി കെട്ടിടം മറ്റ് ഏതെങ്കിലും കെട്ടിടത്തിലേക്ക് മാറ്റി പ്രോജക്ടിൽ പറയുന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിഭാവനംചെയ്യുന്ന തരത്തിൽ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. മേൽപറഞ്ഞ 3 നിർമ്മാണ പ്രവർത്തികൾക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് ഉണ്ടാക്കാൻകാരണം ഉൽപാദന മേഖലയിൽ വനിതകളുടെ ഫണ്ട് വകയിരുത്തിയതിൽ നിശ്ചിത ശതമാനം കൈവരിക്കുന്നതിന് ക്ളിപ്തപ്പെടുത്തുന്നതിനും മറ്റ് 2 എണ്ണം പട്ടിക ജാതിക്കാരുടെ ഫണ്ട് ഉൽപാദന മേഖലയിൽ വകയിരുത്തുന്നതുമാണ്. അത് കൊണ്ടാണ് ഈ 3 നിർമ്മാണ പ്രവർത്തികളും 3 വ്യവസായ യൂണിറ്റുകളായി കണ്ട് പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് ഉണ്ടാക്കിയാണ് പ്രവർത്തി നടപ്പാക്കിയത് . |

## കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | VII-1-10-4(i) | | പ്രസ്തുത തുകയിൽ 1020.70/-ക അടവാക്കി(റസീറ്റ്.നം.-45947/93 തിയ്യതി 27/3/07). ശ്രീ. പി.എ വേലായുധൻ സെക്രട്ടറി എന്നവർക്ക് എ2-448/07 തിയ്യതി 28.6.08 ലെ കത്ത് പ്രകാരം 15 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. തുടർന്ന് ബാക്കി തുക അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർന്ന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എ2-448/07 തിയ്യതി-05.10.09 നമ്പർ കത്ത് പ്രകാരം ബഹു. ജില്ലാ കളക്ടർക്ക് (മലപ്പുറം) അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. |
| 2 | 2002-03 | VII-1-10-4 (ii) | | കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിന്റെ 25-09-97 ലെ 9-ാം നമ്പർ തീരുമാനപ്രകാരം ദിനംപ്രതി 2 പേർക്ക് 100/ രൂപ നിരക്കിലും ഒരാളെ 60/ രൂപ നിരക്കിലും (വണ്ടി തള്ളുന്നതിനായി) നിയമിക്കുന്നതിന് തീരുമാനിക്കുകയും 01-10-97 മുതൽ പ്രാബല്യം നൽകുന്നതിനും തീരുമാനിച്ചിരുന്നു. . മലപ്പുറം ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 13-11-03 ലെ എൽ.എഫ്.എ 7/1693/03 നമ്പർ പ്രാഥമിക പരിശോധനാ റിപ്പോർട്ടിൽ ആയത് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ തുക ഈടാക്കണം എന്ന് നിർദ്ദേശിച്ചതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എ2-448/07 തിയ്യതി-05.10.09 നമ്പർ കത്ത് പ്രകാരം ബഹു. ജില്ലാ കളക്ടർക്ക് (മലപ്പുറം) അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 3 | 2002-03 | VII-1-10-4 (iii) | | പ്രസ്തുത കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ.പി.കാർത്തികേയൻ എന്നവർക്ക് എ2-448/07 തിയ്യതി.28.8.08 ലെ കത്ത് പ്രകാരം 15 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. തുടർന്ന് തുക അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എ2-448/07 തിയ്യതി-05.10.09 നമ്പർ കത്ത് പ്രകാരം ബഹു ജില്ലാ കളക്ടർക്ക് (മലപ്പുറം) അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. |
| 4 | 2002-03 | VII-1-10-4 (iv) | | പ്രസ്തുത കാലയളവിലെ സെക്രട്ടറി ശ്രീമതി. കെ. വാസന്തി എന്നവർക്ക് എ2-448/07 തിയ്യതി 28.8.08 ലെ കത്ത് പ്രകാരം 15 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. തുടർന്ന് തുക അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എ2-448/07 തിയ്യതി-05.10.09 നമ്പർ കത്ത് പ്രകാരം ബഹു ജില്ലാ കളക്ടർക്ക് (മലപ്പുറം) അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു.. |
| 5 | 2002-03 | VII-1-10-4 (v) | | പ്രസ്തുത കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ.പി.കാർത്തികേയൻ എന്നവർക്ക് എ2-448/07 തിയ്യതി.28.8.08 ലെ കത്ത് പ്രകാരം 15 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. തുടർന്ന് തുക അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എ2-448/07 തിയ്യതി-05.10.09 നമ്പർ കത്ത് പ്രകാരം ബഹു ജില്ലാ കളക്ടർക്ക് (മലപ്പുറം) അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 6 | 2002-03 | VII-1-10-4 (vi) | | പ്രസ്തുത കാലയളവിലെ സെക്രട്ടറിമാരായിരുന്ന ശ്രീ പി.കാർത്തികേയൻ, കെ.പി അബ്ദുൾ മജീദ്, കെ. വാസന്തി എന്നിവർക്ക് എ2-448/07 തിയ്യതി.28.6.08 ലെ കത്ത് പ്രകാരം 15 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. തുടർന്ന് തുക അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എ2-448/07 തിയ്യതി-05.10.09 നമ്പർ കത്ത് പ്രകാരം ബഹു ജില്ലാ കളക്ടർക്ക് (മലപ്പുറം) അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. |
| 7 | 2002-03 | VII-1-10-4 (vii) | | പ്രസ്തുത കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീമതി കെ. വാസന്തി എന്നവർക്ക് എ2-448/07 തിയ്യതി.28.6.08 ലെ കത്ത് പ്രകാരം 15 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. തുടർന്ന് തുക അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എ2-448/07 തിയ്യതി-05.10.09 നമ്പർ കത്ത് പ്രകാരം ബഹു ജില്ലാ കളക്ടർക്ക് (മലപ്പുറം) അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. |
| 8 | 2002-03 | VII-1-10-4 (viii) | | പ്രസ്തുത കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ പി.കാർത്തികേയൻ എന്നവർക്ക് എ2-448/07 തിയ്യതി.28.6.08 ലെ കത്ത് പ്രകാരം 15 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിട്ടുണ്ട്. തുടർന്ന് തുക അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എ2-448/07 തിയ്യതി-05.10.09 നമ്പർ കത്ത് പ്രകാരം ബഹു ജില്ലാ കളക്ടർക്ക് (മലപ്പുറം) അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 9 | 2002-03 | VII-1-10-4(IX) | | പ്രസ്തുത കാലയളവിലെ സെക്രട്ടറിമാരായിരുന്ന ശ്രീമതി സി.സത്യവതി, ശ്രീമതി കെ. വാസന്തി, ശ്രീ. പി അബ്ദുൾ ജബ്ബാർ, ശ്രീ. പി.എ വേലായുധൻ എന്നിവർക്ക് എ2-ലെ 07 തിയ്യതി 28.6.08 ലെ കത്ത് പ്രകാരം 15 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ടാറിന്റെ വില നൽകിയത് ശ്രീ. പി വേലായുധൻ, ശ്രീ കെ. വാസന്തി എന്നി സെക്രട്ടറിമാരാണ്. അപാകത പരിഹരിച്ച് തടസ്സം ഒഴിവാക്കുന്നതിന് പ്രസ്തുത സെക്രട്ടറിമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. രേഖകൾ പൂർണ്ണമായും ലഭ്യമല്ലാത്തതിനാൽ ഉടൻ തന്നെ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് ബോധിപ്പിക്കുന്നു. |
| 10 | 2002-03 | VII-1-10-4(X) | | പ്രസ്തുത കാലയളവിലെ സെക്രട്ടറിമാരായിരുന്ന ശ്രീമതി സി.സത്യവതി, ശ്രീമതി കെ. വാസന്തി, ശ്രീ. പി അബ്ദുൾ ജബ്ബാർ , ശ്രീ. പി.എ വേലായുധൻ എന്നിവർക്ക് എ2-ലെ 07 തിയ്യതി.28.6.08 ലെ കത്ത് പ്രകാരം 16 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. രേഖകൾ പൂർണ്ണമായും ലഭ്യമല്ലാത്തതിനാൽ പരിശോധിക്കുവാൻ തടസ്സം നേരിടുകയാണ്. ആയത് ഉടൻ തന്നെ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണ് എന്ന് ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 11 | 2002-03 | VII-1-10-4 (XI) | | പ്രസ്തുത കാലയളവിലെ സെക്രട്ടറിമാരായിരുന്ന ശ്രീമതി സി.സത്യവതി, ശ്രീമതി കെ. വാസന്തി, ശ്രീ. പി അബ്ദുൾ റഷീദ് എന്നിവർക്ക് എ2-448/07 തിയ്യതി 28.5.08 ലെ കത്ത് പ്രകാരം 15 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. തുടർന്ന് പി അബ്ദുൾ റഷീദ് മറുപടി നൽകിയിരുന്നു. അതിൽ ഗ്രാമസഭ പാസാക്കിയ വാർഡിലെ ഗുണഭോക്തൃ ലിസ്റ്റ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 28.10.99 ലെ തീരുമാനപ്രകാരം ഗ്രാമസഭ നൽകിയ മാർക്കുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തല മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ നടപടികൾക്കായി സമർപ്പിക്കുന്നു. |
| 12 | 2002-03 | VII-1-10-4 (XII) | | പ്രസ്തുത കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീമതി സി.സത്യവതി എന്നവർക്ക് എ2-448/07 തിയ്യതി 28.5.08 ലെ കത്ത് പ്രകാരം 15 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. തുടർന്ന് മലപ്പുറം അസി.ഡയറക്ടറുടെ എ1/1094/08 തിയ്യതി-28.07.08 ലെ അന്വേഷണ റിപ്പോർട്ട് പ്രകാരം 4 ബാരൽ ടാർ വിതരണം നടത്തിയതിന് രേഖകൾ ഇല്ലാത്തതിനാൽ പ്രസ്തുത 4 ബാരൽ ടാറിന്റെ വില ബാരലിന് അന്നത്തെ വിലയായ 1875/80 പ്രകാരം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിനും കാലി ബാരൽ ലേലം ചെയ്ത് നൽകിയതും ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കിയതും സംബന്ധിച്ച് രേഖകൾ ഇല്ലാത്തതിനാൽ കാലി ബാരലിന്റെ വില വിറ്റി സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനും അസി.ഡയറക്ടർ ഓഫ് പഞ്ചായത്ത് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിനാൽ തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എ2-448/07 തിയ്യതി-06.10.08 നമ്പർ കത്ത് പ്രകാരം ബഹു ജില്ലാ കളക്ടർക്ക് (മലപ്പുറം) അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 13 | 2002-03 | VII-1-10-4 (XIII) | | പ്രസ്തുത കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീമതി. സി.സത്യവതി എന്നവർക്ക് എ2-448/07 തിയ്യതി. 28.6.08 ലെ കത്ത് പ്രകാരം 10 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. പ്രസ്തുത സെക്രട്ടറിയുടെ മറുപടിയിൽ ഓഡിറ്റ് തടസ്സത്തിന് നിൽക്കുന്ന തുക ബന്ധപ്പെട്ട എഞ്ചിനീയറിൽ നിന്നോ, കൺവീനറിൽ നിന്നോ ഈടാക്കണം എന്ന് പറയുന്നു. കൂടാതെ പഞ്ചായത്ത് ഭരണ സമിതിയുടെ 27.03.2000 ലെ 7(4) നമ്പർ തീരുമാന പ്രകാരം തുക നൽകിയത് അംഗീകരിക്കുകയും ഗുണഭോക്തൃ വിഹിതം അടവാക്കേണ്ടതായി വരികയാണെങ്കിൽ ആയത് തനത്ഫണ്ടിൽ നിന്നും നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ നടപടികൾക്കായി സമർപ്പിക്കുന്നു. |
| 14 | 2002-03 | VII-1-10-4 (XIV) | | പ്രസ്തുത കാലയളവിലെ സെക്രട്ടറിമാരായിരുന്ന ശ്രീമതി. സി.സത്യവതി, ശ്രീമതി. കെ. വാസന്തി, ശ്രീ. പി അബ്ദുൾ റഷീദ്, പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. ഇ.കെ ലൈല എന്നിവർക്ക് എ2-448/07 തിയ്യതി 28.6.08 ലെ കത്ത് പ്രകാരം 15 ദിവസത്തിനകം ഓഡിറ്റ് തടസ്സം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. തുടർന്ന് നടന്ന ലോക്കൽഫണ്ടിന്റെ സ്പെഷ്യൽ ഓഡിറ്റിൽ പ്രസ്തുത [illegible] ആനുകൂല്യം നേടിയവരിൽ 11 പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരാണെന്ന് കാണിച്ചത്, അതാത് ഗ്രാമസഭാ മിനുട്സ് പരിശോധിച്ചതിൽ പ്രസ്തുത 11 പേർ ഗ്രാമസഭ തെരഞ്ഞെടുത്തിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായി വിവരം സമർപ്പിക്കുന്നു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2003–04) കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-04 | 3.10.12 | | ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.03.2002ലെ I(2) നമ്പർ തീരുമാനപ്രകാരം നിലവിലുള്ള ഗുണഭോക്തൃ കമ്മിറ്റിയെ കൊണ്ടു തന്നെ ഇടിഞ്ഞു വീണ കിണർ പുനർ നിർമ്മിച്ച് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ 130 കുടുംബങ്ങൾക്ക് ഈ കുടിവെള്ള പദ്ധതിയിൽ നിന്നും കുടിവെള്ളം ലഭിച്ചു വരുന്നു. പൈപ്പ് വാങ്ങിയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 9–ൽ ചേർത്തിട്ടുണ്ട്. |